വാല്യം 6, ലക്കം 15
ഫെബ്രുവരി 1–15, 2026
സൗജന്യവിതരണത്തിന്

# ന്യൂ ഇന്ത്യ സമാചാർ



ഇ-പകർപ്പിനായി

# സമൃദ്ധമായ ഇന്ത്യ ശാക്തീകരിക്കപ്പെട്ട കർഷകർ

സ്വയംപര്യാപ്ത ഇന്ത്യയുടെ ആധാരശില കാർഷികമേഖലയുടെ കരുത്താണ്. ശാക്തീകരിക്കപ്പെട്ട കർഷകർ സ്വന്തം അഭിവൃദ്ധി ഉറപ്പാക്കുക മാത്രമല്ല, രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷ, ഗ്രാമീണ വികസനം, സാമ്പത്തിക സ്ഥിരത എന്നിവയ്ക്കും വലിയ സംഭാവനകൾ നൽകുന്നു...

## പണ്ഡിത് ദീൻദയാൽ ഉപാധ്യായ

**അദ്ദേഹത്തിന്റെ ചരമവാർഷികദിനമായ ഫെബ്രുവരി 11–നു രാജ്യം ശ്രദ്ധാഞ്ജലിയർപ്പിക്കുന്നു**

# അന്ത്യോദയയുടെ ശിൽപ്പി

*"सर्वजन हिताय-सर्वजन सुखाय", എന്ന തത്വത്തിൽ വിശ്വസിച്ചു ജീവിച്ച പണ്ഡിത് ദീൻദയാൽ ഉപാധ്യായ 1916 സെപ്റ്റംബർ 25-നാണ് ജനിച്ചത്. 1968 ഫെബ്രുവരി 11-ന് അദ്ദേഹം അന്തരിച്ചു. ചിന്തകളിലൂടെയും അർപ്പണബോധത്തിലൂടെയും ഇന്ത്യയുടെ രാഷ്ട്രീയത്തിൽ സമാനതകളില്ലാത്ത മാതൃകകൾ അദ്ദേഹം സ്ഥാപിച്ചു. സമഗ്ര മാനവികത എന്ന അദ്ദേഹത്തിന്റെ തത്വചിന്ത ഇന്ത്യയുടെ പ്രശ്നങ്ങൾക്കു മാത്രമല്ല, ലോകത്തിന്റെയാകെ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ പ്രാപ്തമാണ്. സമൂഹത്തിന്റെ ഏറ്റവും പിന്നിൽ നിൽക്കുന്ന 'ഒടുവിലത്തെ വ്യക്തിയുടെ' മുഖത്തു വിരിയുന്ന പുഞ്ചിരിയാണ് ഇന്ത്യയുടെ പുരോഗതിയുടെ അളവുകോൽ എന്ന് അദ്ദേഹം വിശ്വസിച്ചു. ഇതിനെയാണ് അദ്ദേഹം 'അന്ത്യോദയ' എന്നു വിഭാവനം ചെയ്തത്. കഴിഞ്ഞ 11 വർഷമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ അന്ത്യോദയ സങ്കൽപ്പത്തെ എല്ലാ മേഖലകളിലേക്കും വ്യാപിപ്പിച്ചു. വരിയിലെ അവസാനത്തെ വ്യക്തിയിലേക്കും സേവനങ്ങളെത്തിക്കാനും, പണ്ഡിത് ദീൻദയാൽ ഉപാധ്യായയുടെ കാഴ്ചപ്പാടിനനുസൃതമായ നീതി ഉറപ്പാക്കാനുമുള്ള പരിശ്രമങ്ങൾ തുടരുകയും ചെയ്യുന്നു...*

> പണ്ഡിത് ദീൻദയാൽ ഉപാധ്യായയുടെ ചരമവാർഷിക ദിനത്തിൽ നാം അദ്ദേഹത്തിനു ഹൃദയംഗമമായ ശ്രദ്ധാഞ്ജലി യർപ്പിക്കുന്നു. രാഷ്ട്രസേവനത്തിനായി ജീവിതം ഉഴിഞ്ഞുവച്ച ദീർഘദർശിയായ ചിന്തകനായിരുന്നു അദ്ദേഹം. സമൂഹത്തിലെ ഏറ്റവും അവസാനത്തെ വ്യക്തിയെയും ഉയർത്തിക്കൊണ്ടുവരണമെന്ന അദ്ദേഹത്തിന്റെ ദർശനം, കരുത്തുറ്റ രാഷ്ട്രത്തിലേക്കുള്ള നമ്മുടെ യാത്രയ്ക്കു പ്രചോദനമാകുന്നു. പുരോഗതിക്കും ഐക്യത്തിനുമായുള്ള അദ്ദേഹത്തിന്റെ ത്യാഗവും ആദർശങ്ങളും നമ്മുടെ കൂട്ടായ ദൗത്യത്തിൽ എന്നും വഴികാട്ടിയായി തുടരും.
>
> നരേന്ദ്ര മോദി
> *പ്രധാനമന്ത്രി*



# ന്യൂ ഇന്ത്യ സമാചാർ

**വാല്യം 6, ലക്കം 15 | ഫെബ്രുവരി 1-, 2026**



എഡിറ്റർ ഇൻ ചീഫ്
**ധീരേന്ദ്ര ഓഝ**
**പ്രിൻസിപ്പൽ ഡയറക്ടർ ജനറൽ,**
**പ്രസ് ഇൻഫർമേഷൻ ബ്യൂറോ,**
**ന്യൂഡൽഹി**

സീനിയർ കൺസൽട്ടിങ് എഡിറ്റർ
**സന്തോഷ് കുമാർ**

സീനിയർ അസി. കൺസൽട്ടിങ് എഡിറ്റർ
**പവൻ കുമാർ**

അസി. കൺസൽട്ടിങ് എഡിറ്റർമാർ
**അഖിലേഷ് കുമാർ**
**ചന്ദൻ കുമാർ ചൗധരി**

ഭാഷാ എഡിറ്റർമാർ
**സുമിത് കുമാർ (ഇംഗ്ലീഷ്)**
**രജ്നീഷ് മിശ്ര (ഇംഗ്ലീഷ്)**
**നദീം അഹമ്മദ് (ഉറുദു)**

സീനിയർ ഡിസൈനർ
**ഫൂൽ ചന്ദ് തിവാരി**

ഡിസൈനർമാർ
**അഭയ് ഗുപ്ത**
**സത്യം സിങ്**




**ന്യൂ ഇന്ത്യ സമാചാർ 13 ഭാഷകളിൽ വായിക്കാനായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക**
https://newindiasamachar.pib.gov.in/news.aspx

**ന്യൂ ഇന്ത്യ സമാചാർ പഴയ പതിപ്പുകൾക്കായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക**
https://newindiasamachar.pib.gov.in.archive.aspx

*പതിവായി 'ന്യൂ ഇന്ത്യ സമാചാർ' വിവരങ്ങൾ ലഭിക്കാൻ -ൽ* **@NISPIBIndia** **പിൻതുടരുക**

# ഉൾപ്പേജുകളിൽ..........




## കവർസ്റ്റോറി

**കൃഷിയും കർഷക ക്ഷേമവും**

വിത്തുമുതൽ വിപണിവരെ, രാജ്യത്തെ കർഷകരുടെ ക്ഷേമം ഗവണ്മെന്റിന്റെ പ്രഥമപരിഗണനയായി മാറിയിരിക്കുന്നു. വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിൽ കർഷകർ നിർണ്ണായക പങ്കുവഹിക്കുന്നു എന്ന തിരിച്ചറിവിലാണിത്. അതിനാൽ, കൃഷിയുടെ എല്ലാ ഘട്ടങ്ങളിലും വിതയ്ക്കുന്നതിനു മുൻപും, കൃഷിയിടത്തിലും, വിളവെടുപ്പിനു ശേഷവും വിവിധ പദ്ധതികളിലൂടെയും നയങ്ങളിലൂടെയും കർഷകർക്കു പിന്തുണ ഉറപ്പാക്കുന്നു... | 14-27


**പ്രധാനമന്ത്രിയുടെ പ്രത്യേക ലേഖനം**




സോമനാഥ ക്ഷേത്രത്തിന് നേരെ നടന്ന ആദ്യ ആക്രമണത്തിന് ആയിരം വർഷം തികയുമ്പോഴാണ് 'സോമനാഥ് സ്വാഭിമാൻ പർവി'നു തുടക്കമാകുന്നത്. ഇതെക്കുറിച്ചു പ്രധാനമന്ത്രി നരേന്ദ്ര മോദി എഴുതിയ ലേഖനം |8-11

**പ്രധാനമന്ത്രിയുടെ പ്രത്യേക ലേഖനം**

**കാശി-തമിഴ് സംഗമം: 'ഏക ഭാരതം, ശ്രേഷ്ഠ ഭാരതം' എന്നതിന്റെ ഊർജസ്വലമായ പ്രതീകം**



കാശി-തമിഴ് സംഗമത്തെക്കുറിച്ചും അതിന്റെ സാംസ്കാരിക പ്രാധാന്യത്തെക്കുറിച്ചും പ്രധാനമന്ത്രി നരേന്ദ്ര മോദി എഴുതിയ ലേഖനം വായിക്കാം
|48-50


**വാർത്തകൾ ചുരുക്കത്തിൽ** |4-5

**വ്യക്തിത്വം: തിൽക മാംഝി**
സന്താൾ കലാപത്തിന്റെ നായകൻ |6

**ബിക്സ്: ഗ്ലോബൽ സൗത്തിന്റെ കരുത്തുറ്റ ശബ്ദം**
ബ്രിക്സ് 2026-ന്റെ വെബ്സൈറ്റും പ്രമേയവും ലോഗോയും പുറത്തിറക്കി |7

**അജയ്യമായ സോമനാഥ്, സമൃദ്ധമായ പൈതൃകം**
സോമനാഥിന് മുകളിൽ പതാക ഇപ്പോഴും ഉയരത്തിൽ പറക്കുന്നുവെന്നു പ്രധാനമന്ത്രി മോദി |12-13

**നയം മുതൽ നവീകരണം വരെ യുവാക്കളുടെ നിർണായക പങ്കാളിത്തം**
പ്രധാനമന്ത്രി മോദി 'യുവജന നേതൃസംവാദം 2026'-നെ അഭിസംബോധന ചെയ്തു |28-29

**ആഗോള സ്ഥാപനങ്ങൾക്ക് ഇന്ത്യയിൽ വലിയ പ്രതീക്ഷ**
'ഊർജസ്വല ഗുജറാത്ത്' മേഖലാസമ്മേളനത്തിൽ പ്രധാനമന്ത്രി മോദിയുടെ അഭിസംബോധന |30-31

**പിഎം സൂര്യ ഘർ സൗജന്യ വൈദ്യുതി പദ്ധതി: ഇന്ത്യയുടെ സൗരോർജ വിപ്ലവം**
പദ്ധതിയുടെ 2 വർഷം: 21 ലക്ഷത്തിലധികം പുരപ്പുറ സൗരോർജ സംവിധാനങ്ങൾ സ്ഥാപിച്ചു |32-33

**സ്വയംപര്യാപ്ത ഇന്ത്യയുടെ പാതയിലൂടെ 'വന്ദേ ഭാരത് എക്സ്പ്രസ്'**
7.5 കോടിയിലധികം യാത്രക്കാർക്കു പ്രയോജനം ലഭിച്ചു |34-36

**സന്തുലിതാവസ്ഥയുടെ കളിയായ വോളിബോൾ**
72-ാം ദേശീയ വോളിബോൾ ടൂർണമെന്റ് പ്രധാനമന്ത്രി മോദി ഉദ്ഘാടനം ചെയ്തു |37

**'പൂർവോദയ' മന്ത്രത്തിന്റെ ചാലകശക്തി: പശ്ചിമ ബംഗാൾ**
പ്രധാനമന്ത്രി മോദി പശ്ചിമ ബംഗാളിന് 4,080 കോടിരൂപയുടെ പദ്ധതികൾ സമ്മാനിച്ചു |38-39

**സാമ്പത്തിക ഭദ്രതയും പരിസ്ഥിതിയും തമ്മിലുള്ള സന്തുലിതാവസ്ഥ ഉറപ്പാക്കുന്ന അസം**
കാസീരംഗയ്ക്കായി പ്രത്യേക പദ്ധതി പ്രധാനമന്ത്രി മോദി ഉദ്ഘാടനം ചെയ്തു. |40-41

**മനുഷ്യരാശിക്കായുള്ള ബുദ്ധന്റെ ജ്ഞാനം**
പിപ്രഹ്വയിലെ വിശുദ്ധ തിരുശേഷിപ്പുകളുടെ പ്രദർശനം പ്രധാനമന്ത്രി മോദി ഉദ്ഘാടനം ചെയ്തു |42-43

**ഇന്ത്യ വൈവിധ്യത്തെ ജനാധിപത്യത്തിന്റെ കരുത്താക്കി മാറ്റി**
28-ാം കോമൺവെൽത്ത് സിഎസ്പിഒസി പ്രധാനമന്ത്രി മോദി ഉദ്ഘാടനം ചെയ്തു |44-45

**ദേശീയ സ്റ്റാർട്ടപ്പ് ദിനാഘോഷങ്ങൾ**
സ്റ്റാർട്ടപ്പ് മേഖലയിലെ അംഗങ്ങളുമായി പ്രധാനമന്ത്രി മോദി സംവദിച്ചു |46-47

**സഹകരണത്തിലൂടെ കരുത്താർജിച്ച ഇന്ത്യ-ജർമനി ബന്ധം**
ജർമൻ ചാൻസലറുടെ രണ്ടുദിവസത്തെ ഇന്ത്യാസന്ദർശനം |51-52



**Published:** Kanchan Prasad, Director General, on behalf of Central Bureau of Communication
**Communication Address :** Room No–1077, Soochna Bhawan, CGO Complex, New Delhi -110003.
**E-Mail :** response-nis@pib.gov.in, **RNI No. :** DELENG/2020/78811

# പത്രാധിപക്കുറിപ്പ്...

# ഇന്ത്യയുടെ വികസനയാത്രയെ രൂപപ്പെടുത്തുന്ന 'അന്നദാതാക്കൾ'

നമസ്കാരം,

രാജ്യത്തിന്റെ വികസന യാത്രയിലെ സജീവവും വിശ്വസ്തവുമായ പങ്കാളിയായി കർഷകർ മാറിയിരിക്കുന്നു. നമ്മുടെ കർഷകർ സ്വന്തം രാജ്യത്തെ ഊട്ടുക മാത്രമല്ല, ആവശ്യമുള്ള ഘട്ടങ്ങളിൽ ലോകത്തെയാകെ പരിപാലിക്കുകയും ചെയ്തിട്ടുണ്ട്. അരി, പയർവർഗങ്ങൾ, പാൽ എന്നിവയ്ക്കൊപ്പം മറ്റു നിരവധി കാർഷിക ഉൽപ്പന്നങ്ങളുടെയും ലോകത്തെ ഏറ്റവും വലിയ ഉൽപ്പാദകരാജ്യമാണ് ഇന്ത്യ. വർഷങ്ങളായുള്ള കഠിനാധ്വാനം, വ്യക്തമായ നയരൂപീകരണം, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ദീർഘവീക്ഷണമുള്ള നേതൃത്വം എന്നിവയുടെ ഫലമാണ് ഈ നേട്ടം. ഇത് ഇന്ത്യൻ കൃഷിയുടെ സാധ്യതകൾക്ക് പുതിയ മാനങ്ങൾ നൽകിയിരിക്കുന്നു. വിത്തുമുതൽ വിപണിവരെയുള്ള ഈ യാത്രയിൽ, ആഗോള പ്രതിസന്ധികൾ, മഹാമാരികൾ, പ്രകൃതിക്ഷോഭങ്ങൾ എന്നിവയെ അഭിമുഖീകരിക്കുമ്പോഴും ഇന്ത്യ സ്വന്തം ഉൽപ്പാദനശേഷി തുടർച്ചയായി വർധിപ്പിച്ചുകൊണ്ടിരിക്കുന്നു.

കാർഷിക മേഖലയിൽ കഴിഞ്ഞ 11 വർഷമായി നടപ്പാക്കിവരുന്ന സമഗ്രമായ കാഴ്ചപ്പാട് കർഷകരെ ഈ സംവിധാനത്തിന്റെ കേന്ദ്രസ്ഥാനത്ത് എത്തിച്ചിരിക്കുന്നു. ഇന്ന്, ഉൽപ്പാദനത്തിന്റെ അടിത്തറയ്ക്കു കരുത്തേകുന്നതിനായി കർഷകർക്ക് ഉയർന്ന ഗുണമേന്മയുള്ള വിത്തുകളുടെ ലഭ്യത ഉറപ്പാക്കുന്നു. പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതിയിലൂടെ കൃത്യമായ സാമ്പത്തിക സഹായം നൽകുന്നതു ചെറുകിട-നാമമാത്ര കർഷകരെ ശാക്തീകരിക്കുന്നു. പ്രധാനമന്ത്രി ഫസൽ ബീമ യോജന പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന നഷ്ടങ്ങൾക്കു സുരക്ഷാകവചമൊരുക്കുന്നു; ഇതു കൃഷിയിലെ നഷ്ടസാധ്യത കുറയ്ക്കുകയും കർഷകരുടെ ആത്മവിശ്വാസം വർധിപ്പിക്കുകയും ചെയ്യുന്നു.

ഇതോടൊപ്പം, കാർഷിക അടിസ്ഥാനസൗകര്യനിധി പോലുള്ള സംരംഭങ്ങളിലൂടെ കാർഷിക അടിസ്ഥാനസൗകര്യങ്ങൾക്കു കരുത്തുപകരുന്നതിനും പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. സംഭരണശാലകൾ, ശീതശൃംഖല, സംസ്കരണസൗകര്യങ്ങൾ എന്നിവയുടെ വിപുലീകരണം കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്കു മികച്ച വില ലഭിക്കാൻ സഹായിക്കുന്നു. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും ഇ-നാം (e-NAM) പോലുള്ള പദ്ധതികളും കർഷകരെ സുതാര്യവും വിശാലവുമായ വിപണിയുമായി കൂട്ടിയിണക്കി. ഇത് ഇടനിലക്കാരെ ആശ്രയിക്കുന്നതു കുറയ്ക്കുകയും വാങ്ങുന്നവരുമായി നേരിട്ടു ബന്ധപ്പെടാൻ കർഷകരെ പ്രാപ്തരാക്കുകയും ചെയ്തു.

കൃഷിയെ പരമ്പരാഗത തൊഴിലായി മാത്രമല്ല; മറിച്ച്, ഗ്രാമീണ അഭിവൃദ്ധിയുടെ കരുത്തുറ്റ അടിത്തറയായാണു ഗവണ്മെന്റ് കാണുന്നത്. മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, തേനീച്ച വളർത്തൽ, പ്രകൃതിദത്തകൃഷി തുടങ്ങിയ മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ കർഷകർക്കു പുതിയ വരുമാന മാർഗങ്ങൾ വികസിപ്പിച്ചെടുത്തു. ഇതു ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിൽ പുതിയ ഊർജം പകരുകയും തൊഴിലവസരങ്ങൾ വർധിപ്പിക്കുകയും ചെയ്തു.

കൃഷി ശാക്തീകരിക്കപ്പെടുകയും കർഷകർ സമൃദ്ധിയിലാവുകയും ചെയ്യുമ്പോഴേ വികസിത ഇന്ത്യ എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടൂ. നമ്മുടെ കർഷകരുടെ കഠിനാധ്വാനത്തിലൂടെയും, വ്യക്തമായ നയങ്ങളിലൂടെയും, സാങ്കേതികവിദ്യയുടെ സംയോജനത്തിലൂടെയും ഇന്ത്യൻ കാർഷിക മേഖല പുതുപുത്തൻ ആത്മവിശ്വാസത്തോടെ മുന്നേറുകയാണ്. ഈ ആത്മവിശ്വാസം ഇന്ത്യയെ സ്വയംപര്യാപ്തമാക്കുക മാത്രമല്ല, ആഗോള ഭക്ഷ്യസുരക്ഷയിൽ രാജ്യത്തിന്റെ പങ്കിനു കരുത്തേകുകയും ചെയ്യുന്നു.

കർഷകരെ സാമ്പത്തികമായി ശാക്തീകരിക്കുന്നതിനായി സ്വീകരിച്ച ഏറ്റവും വലിയ നടപടികളിലൊന്നായ പിഎം കിസാൻ സമ്മാൻ നിധി പ്രഖ്യാപനത്തിന്റെ ഏഴാം വാർഷികമാണ് ഈ ഫെബ്രുവരി ഒന്നിന്. ഈ പശ്ചാത്തലത്തിൽ, കൃഷിയുടെയും കർഷകക്ഷേമത്തിന്റെയും മാറ്റത്തിനു സാക്ഷ്യംവഹിച്ച 11 വർഷത്തെ യാത്രയാണ് ഈ ലക്കത്തിന്റെ കവർ സ്റ്റോറി.

ഇതോടൊപ്പം, വ്യക്തിത്വവിഭാഗത്തിൽ സന്താൾ കലാപത്തിന്റെ വീരനായകൻ തിൽക്ക മാംഝിയെക്കുറിച്ചു വായിക്കാം. പിഎം സൂര്യ ഘർ യോജനയെക്കുറിച്ചുള്ള പ്രത്യേക ഫീച്ചർ, വന്ദേ ഭാരത് എക്സ്പ്രസ് പിന്നിട്ട നാഴികക്കല്ലുകൾ, സോമനാഥ് ക്ഷേത്രത്തെയും കാശി-തമിഴ് സംഗമത്തെയും കുറിച്ചു പ്രധാനമന്ത്രി നരേന്ദ്ര മോദി എഴുതിയ പ്രത്യേക ലേഖനങ്ങൾ എന്നിവയാണു മറ്റു പ്രധാന ആകർഷണങ്ങൾ.

ഫെബ്രുവരി 11-ന്, അന്ത്യോദയയുടെ ഉപജ്ഞാതാവായ പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായയുടെ ചരമവാർഷികദിനത്തിൽ രാജ്യം അർപ്പിക്കുന്ന ആദരവും ഇതിലുണ്ട്. കൂടാതെ, 2026 ഫെബ്രുവരി 1-ന് ഇന്ത്യൻ തീരസംരക്ഷണസേന 50-ാം സ്ഥാപകദിനം ആഘോഷിക്കുന്നതിനോടനുബന്ധിച്ചുള്ള പ്രത്യേക ഉള്ളടക്കവും ഈ ലക്കത്തിന്റെ ഭാഗമാണ്.

**നിങ്ങളുടെ നിർദേശങ്ങൾ തുടർന്നും ഞങ്ങൾക്കയക്കുക.**



**(ധീരേന്ദ്ര ഓഝ)**

*ഹിന്ദിയിലും ഇംഗ്ലീഷിലും മറ്റ് 11 ഭാഷകളിലും ലഭ്യമാകുന്ന മാസിക വായിക്കാം/ഡൗൺലോഡ് ചെയ്യാം.*

*https://newindiasamachar.pib.gov.in/*

# എഴുത്തുപെട്ടി




**വ്യക്തവും ചിട്ടയായതും ലളിതവുമായ അവതരണം**

'ന്യൂ ഇന്ത്യ സമാചാർ' വളരെ പ്രതീക്ഷ നൽകുന്നതും അറിവു പകരുന്നതുമായ മാഗസിനാണെന്നു ഞാൻ കരുതുന്നു. പൗരന്മാരെ ഗവണ്മെന്റ് പദ്ധതികളുമായും രാജ്യത്തിന്റെ മുൻഗണനാ വിഷയങ്ങളുമായും കൂട്ടിയിണക്കാൻ ഈ മാഗസിൻ ശ്രമിക്കുന്നു. ഇതിലെ ഉള്ളടക്കം തികച്ചും വ്യക്തവും ചിട്ടയായതും എളുപ്പത്തിൽ മനസ്സിലാക്കാവുന്നതുമാണ്. ഗവണ്മെന്റ് നയങ്ങൾ, ക്ഷേമപദ്ധതികൾ, വികസന പരിപാടികൾ എന്നിവ ലളിതമായ ഭാഷയിലാണ് ഇതിൽ വിവരിക്കുന്നത്. സങ്കീർണമായ വിഷയങ്ങൾ പോലും ആദ്യമായി വായിക്കുന്നവർക്ക് അനായാസം മനസ്സിലാക്കാൻ ഇതു സഹായിക്കുന്നു. രാജ്യത്തിന്റെ വിവിധ ഉദ്യമങ്ങളെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കാൻ വായനക്കാർക്ക് ഇതിലൂടെ സാധിക്കുന്നു. രാജ്യപുരോഗതിയെയും ജനസേവനത്തെയും കുറിച്ചുള്ള ലേഖനങ്ങൾ മാഗസിന്റെ ലക്ഷ്യത്തെ കൃത്യമായി അടയാളപ്പെടുത്തുന്നു.

**എ മയിൽസാമി**
myilsamia@gmail.com

**വിവരങ്ങൾക്കും പൊതുജന ബോധവൽക്കരണത്തിനുമുള്ള മികച്ച ഉപാധി**

അടുത്തിടെ വായനശാലയിൽവച്ചാണു ഞാൻ 'ന്യൂ ഇന്ത്യ സമാചാർ' മാഗസിൻ കാണാനിടയായത്. ഇത് ഏറെ അറിവു പകരുന്ന പ്രസിദ്ധീകരണമാണ്. വിവരങ്ങൾ കൈമാറുന്നതിനും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും ഈ മാഗസിൻ മികച്ച ഉറവിടമാണ്. ഇതു വലിയൊരു വിഭാഗം വായനക്കാരിലേക്ക് എത്തിച്ചേരുന്നുണ്ട്.

arunendu.k11@gmail.com

**ന്യൂ ഇന്ത്യ സമാചാർ ഇനിയും ഉയരങ്ങളിലെത്തട്ടെ**

'ന്യൂ ഇന്ത്യ സമാചാർ' മാഗസിന്റെ ഒരു ലക്കം വായിക്കാൻ എനിക്ക് അവസരം ലഭിച്ചു. വളരെ മികച്ച രീതിയിൽ തയ്യാറാക്കിയ ലക്കമാണത്. അന്താരാഷ്ട്രതലത്തിൽ പ്രശസ്തനായ ചിത്രകാരൻ നന്ദലാൽ ബോസിനെക്കുറിച്ചുള്ള ലേഖനം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭരണഘടനയുടെ ഓരോ ഭാഗവും അദ്ദേഹം ചിത്രങ്ങളാൽ അലങ്കരിച്ചു എന്നോർക്കുമ്പോൾ എന്റെ നെഞ്ച് അഭിമാനത്താൽ വിരിയുന്നു. ബങ്കിം ചന്ദ്ര ചാറ്റർജിയുടെ 'വന്ദേമാതര'ത്തെക്കുറിച്ചുള്ള ലേഖനവും എന്റെ ഹൃദയത്തെ സ്പർശിച്ചു. ഈ ലക്കത്തിലെ ഏറ്റവും പ്രധാനപ്പെട്ട ലേഖനം 'സഹകരണ പ്രസ്ഥാനങ്ങൾ - സന്തോഷകരമായ സമൂഹം കെട്ടിപ്പടുക്കുന്നു' എന്ന റിപ്പോർട്ടാണ്. സഹകരണ പ്രസ്ഥാനത്തെക്കുറിച്ചുള്ള ഈ സ്പഷ്ടമായ റിപ്പോർട്ട് എന്നെപ്പോലെയുള്ള വായനക്കാരിലേക്ക് എത്തിയിരിക്കുന്നു. ന്യൂ ഇന്ത്യ സമാചാർ ഇത്തരത്തിൽ ഇനിയും അഭിവൃദ്ധി പ്രാപിക്കട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

**മംഗൾ പ്രസാദ് മൈതി**
mangalprasadmaity@gmail.com

**സാമൂഹ്യപദ്ധതികളെക്കുറിച്ച് അറിയാനുള്ള മികച്ച മാർഗം**

സമൂഹത്തിന്റെ നാനാതുറകളിലുമുള്ള ജനങ്ങൾക്കു രാജ്യത്തെ വിവിധ സാമൂഹ്യപദ്ധതികളെക്കുറിച്ചും പ്രധാനപ്പെട്ട പരിപാടികളെക്കുറിച്ചും മനസിലാക്കുന്നതിനു സഹായിക്കുന്ന മികച്ച മാധ്യമമാണ് 'ന്യൂ ഇന്ത്യ സമാചാർ' മാഗസിൻ. ഇതു ജനങ്ങളെ ഗവണ്മെന്റുമായി കൂട്ടിയിണക്കുകയും 2047-ഓടെ വികസിത ഇന്ത്യ എന്ന നമ്മുടെ പ്രധാനമന്ത്രിയുടെ ലക്ഷ്യം കൈവരിക്കാനുള്ള നമ്മുടെ ദൃഢനിശ്ചയത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

**സൗരവ് ശർമ**
sharmasourav1261@gmail.com

## NHAI-യുടെ പൊതുജനാശ്വാസ നടപടി: KYV നിർത്തലാക്കി

പൊതുജനസൗകര്യം വർദ്ധിപ്പിക്കുന്നതിനും ഫാസ്ടാഗ് ആക്റ്റിവേഷനുശേഷം വാഹന ഉടമകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുമായി ദേശീയ പാത അതോറിറ്റി (NHAI) സുപ്രധാനമായ തീരുമാനമെടുത്തു. കാറുകൾക്കായി (കാർ/ജീപ്പ്/വാൻ വിഭാഗം) പുതുതായി നൽകുന്ന ഫാസ്ടാഗുകൾക്ക് 'നിങ്ങളുടെ വാഹനത്തെ അറിയാം' (Know Your Vehicle - KYV) നടപടിക്രമങ്ങൾ 2026 ഫെബ്രുവരി 1 മുതൽ നിർത്തലാക്കാൻ തീരുമാനിച്ചു. നിലവിൽ കാറുകളിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഫാസ്ടാഗുകൾക്കും ഇനിമുതൽ പതിവുരീതിയിലുള്ള KYV പരിശോധനകൾ ആവശ്യമില്ല. എന്നാൽ ഇനി പറയുന്ന പ്രത്യേക സാഹചര്യങ്ങളിൽ മാത്രം KYV ആവശ്യമായി വരും: ഫാസ്ടാഗ് കൃത്യമായി ഒട്ടിക്കാത്തതുമായി ബന്ധപ്പെട്ട പരാതികൾ, തെറ്റായ രീതിയിലുള്ള ടാഗ് വിതരണം, ഫാസ്ടാഗിന്റെ ദുരുപയോഗം. ഇത്തരത്തിലുള്ള പരാതികൾ ഒന്നുമില്ലാത്ത പക്ഷം, നിലവിലുള്ള കാർ ഫാസ്ടാഗുകൾക്ക് KYV നടപടികൾ പൂർത്തിയാക്കേണ്ടതില്ല.

### ശക്തമായ പ്രീ–ആക്റ്റിവേഷൻ സുരക്ഷാ മാനദണ്ഡങ്ങൾ ഏർപ്പെടുത്തി

- **നിർബന്ധിത വാഹൻ (VAHAN) പരിശോധന:** വാഹനത്തിന്റെ വിശദാംശങ്ങൾ 'വാഹൻ' ഡേറ്റാബേസുമായി ഒത്തുനോക്കി ഉറപ്പുവരുത്തിയശേഷമേ ഇനിമുതൽ ഫാസ്ടാഗുകൾ ആക്റ്റിവേറ്റ് ചെയ്യാൻ അനുവദിക്കൂ.
- **ആക്റ്റിവേഷനു ശേഷമുള്ള പരിശോധനകൾ ഒഴിവാക്കി:** ഫാസ്ടാഗ് ആക്റ്റിവേറ്റ് ചെയ്തതിനുശേഷം വിവരങ്ങൾ പരിശോധിക്കുന്ന പഴയ രീതി നിർത്തലാക്കി. ഇനി എല്ലാ പരിശോധനകളും ആക്റ്റിവേഷനു മുമ്പു പൂർത്തിയാക്കണം.
- **RC അടിസ്ഥാനമാക്കിയുള്ള പരിശോധന പ്രത്യേക സാഹചര്യങ്ങളിൽ മാത്രം:** വാഹനത്തിന്റെ വിവരങ്ങൾ 'വാഹൻ' സൈറ്റിൽ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ മാത്രം, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (RC) പരിശോധിച്ച് വിവരങ്ങൾ ഉറപ്പുവരുത്താൻ ബാങ്കുകൾക്ക് അനുവാദമുണ്ട്. ഇതിന്റെ പൂർണ ഉത്തരവാദിത്വം ടാഗ് നൽകുന്ന ബാങ്കുകൾക്കായിരിക്കും.
- **ഓൺലൈൻ ഫാസ്ടാഗുകൾക്കും ബാധകം:** ഓൺലൈൻ വഴി വാങ്ങുന്ന ഫാസ്ടാഗുകളും ബാങ്കുകൾ കൃത്യമായ പരിശോധനകൾ പൂർത്തിയാക്കിയശേഷമേ ആക്റ്റിവേറ്റ് ചെയ്യൂ.




**ഇന്ത്യ സെൻസസ് 2027**

## വീടുകളുടെ കണക്കെടുപ്പിനു മുമ്പു സ്വയം വിവരങ്ങൾ രേഖപ്പെടുത്താം

ഇന്ത്യ സെൻസസ് 2027 പല തലങ്ങളിലും മുമ്പുള്ളവയിൽ നിന്നു വ്യത്യസ്തമായിരിക്കും. അതിന്റെ ആദ്യ ഘട്ടത്തിനായുള്ള വിജ്ഞാപനം ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. വീടുകളുടെ കണക്കെടുപ്പ് ഉൾപ്പെടുന്ന ആദ്യ ഘട്ടം 2026 ഏപ്രിൽ ഒന്നിനും 2026 സെപ്റ്റംബർ 30-നും ഇടയിൽ 30 ദിവസ കാലയളവിൽ നടത്തും. സെൻസസ് ചരിത്രത്തിൽ ഇതാദ്യമായി, വീടുകളുടെ കണക്കെടുപ്പു തുടങ്ങുന്നതിന് 15 ദിവസം മുമ്പു പൗരന്മാർക്കു സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്താനുള്ള അവസരം ലഭിക്കും. അതതു സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും സമയക്രമം അനുസരിച്ചായിരിക്കും ഇത്. നിശ്ചയിക്കപ്പെട്ട ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി വിവരങ്ങൾ നൽകുന്നതു നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ സഹായിക്കും. ഇന്ത്യയിൽ ഇതാദ്യമായാണു സെൻസസ് പൂർണമായും ഡിജിറ്റൽ രീതിയിൽ നടക്കുന്നത്. വിവരശേഖരണത്തിനായി മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിക്കും. 2027-ലെ സെൻസസ് വിവരങ്ങൾ ചുരുങ്ങിയ സമയത്തിനുള്ളിൽ ലഭ്യമാക്കാൻ ഇതു സഹായിക്കും. സെൻസസിന്റെ രണ്ടാംഘട്ടമായ ജനസംഖ്യാ കണക്കെടുപ്പിൽ ജാതിവിവരങ്ങൾകൂടി ഇലക്ട്രോണിക് രീതിയിൽ ഉൾപ്പെടുത്താൻ കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. 2027-ലെ സെൻസസ് രാജ്യത്തെ 16-ാമത്തെ സെൻസസും സ്വാതന്ത്ര്യത്തിനുശേഷമുള്ള എട്ടാമത്തെ സെൻസസും ആയിരിക്കും.



## NH-544G നിർമ്മാണം: 4 ഗിന്നസ് ലോക റെക്കോർഡുകൾ സ്ഥാപിച്ച് NHAI

ദേശീയ പാത അതോറിറ്റി (NHAI) എൻജിനിയറിങ് വൈദഗ്ധ്യവും മികച്ച പ്രവർത്തനക്ഷമതയും തെളിയിച്ച്, ചരിത്രപരമായ നേട്ടം കൈവരിച്ചു. നിർമാണത്തിലിരിക്കുന്ന ബെംഗളൂരു-കടപ്പ വിജയവാഡ സാമ്പത്തിക ഇടനാഴിയിലെ (NH-544G) നിർമ്മാണ പ്രവർത്തനങ്ങളിലൂടെയാണു നാലു ഗിന്നസ് ലോകറെക്കോഡുകൾ NHAI സ്വന്തമാക്കിയത്.

എൻജിനിയറിങ് മികവും നിർവഹണ വൈദഗ്ധ്യവും പ്രകടമാക്കി, ദേശീയ പാത അതോറിറ്റി, ഒരു നിർമാണകമ്പനിയുമായി സഹകരിച്ച് ഒന്നോ രണ്ടോ അല്ല, നാലു ഗിന്നസ് ലോക റെക്കോഡുകളാണു സ്ഥാപിച്ചത്. ആറുവരി ദേശീയ പാതാ പദ്ധതിക്കു കീഴിൽ ഈ നേട്ടം കൈവരിക്കുന്ന ലോകത്തിലെ ആദ്യത്തെ സ്ഥാപനമായി ഇതോടെ NHAI മാറി.

2026 ജനുവരി 6-ന് ആന്ധ്രാപ്രദേശിലെ പുട്ടപർത്തിക്ക് സമീപമാണ് NHAI ഈ രണ്ട് ഗിന്നസ് ലോക റെക്കോർഡുകൾ സ്ഥാപിച്ചത്. ഒന്നാമത്തെ റെക്കോർഡ് ഏറ്റവും ദൈർഘ്യമേറിയ ബിറ്റുമിനസ് കോൺക്രീറ്റ് നിരന്തരം പാകിയതിനാണ്. 24 മണിക്കൂറിനുള്ളിൽ 28.89 ലെയ്ൻ കിലോമീറ്റർ ദൂരമാണ് നിർമിച്ചത്. അതായത് 3-വരി വീതിയുള്ള റോഡിന്റെ 9.63 കിലോമീറ്റർ നീളം വരുന്ന ഭാഗം വെറും ഒരു ദിവസത്തിനുള്ളിൽ പൂർത്തിയാക്കി. രണ്ടാമത്തെ റെക്കോർഡ്, 24 മണിക്കൂറിനുള്ളിൽ ഏറ്റവും കൂടുതൽ അളവ് ബിറ്റുമിനസ് കോൺക്രീറ്റ് നിരന്തരമായി ഉപയോഗിച്ചതിനാണ്. ആകെ 10,655 മെട്രിക് ടൺ ബിറ്റുമിനസ് കോൺക്രീറ്റാണ് ഈ സമയത്ത് ഉപയോഗിച്ചത്.


ഇതിനെത്തുടർന്ന്, 2026 ജനുവരി 11-ന് രണ്ട് ഗിന്നസ് ലോക റെക്കോഡുകൾ കൂടി സ്ഥാപിക്കപ്പെട്ടു. തുടർച്ചയായി 57,500 മെട്രിക് ടൺ ബിറ്റുമിനസ് കോൺക്രീറ്റ് പാകിയതിനാണ് മൂന്നാമത്തെ റെക്കോർഡ്. തുടർച്ചയായി 156 ലെയ്ൻ കിലോമീറ്റർ (അതായത് 3-വരി വീതിയുള്ള റോഡിന്റെ 52 കിലോമീറ്റർ നീളം) പാത നിർമിച്ചതിനാണ് നാലാമത്തെ അംഗീകാരം. ഇതിനു മുമ്പുള്ള ലോക റെക്കോർഡ് 84.4 ലെയ്ൻ കിലോമീറ്റർ (അതായത് 2-വരി വീതിയുള്ള റോഡിന്റെ 42.2 കിലോമീറ്റർ നീളം) ആയിരുന്നു. ഈ പഴയ റെക്കോർഡിനെ വലിയ വ്യത്യാസത്തിലാണ് NHAI മറികടന്നത്. ബെംഗളൂരു-കടപ്പ-വിജയവാഡ സാമ്പത്തിക ഇടനാഴിയുടെ പാക്കേജ്-2, പാക്കേജ്-3 എന്നിവയിലാണ് ഈ റെക്കോർഡ് നേട്ടങ്ങൾ കൈവരിച്ചത്.

- 24 മണിക്കൂറിനുള്ളിൽ 28.89 ലെയ്ൻ കിലോമീറ്റർ ദൂരം തുടർച്ചയായി ബിറ്റുമിനസ് കോൺക്രീറ്റ് പാകിയതിനായുള്ള റെക്കോർഡ്.
- 24 മണിക്കൂറിനുള്ളിൽ ഏറ്റവും കൂടുതൽ അളവ് (10,655 മെട്രിക് ടൺ) ബിറ്റുമിനസ് കോൺക്രീറ്റ് തുടർച്ചയായി പാകിയതിനായുള്ള റെക്കോർഡ്.
- 57,500 മെട്രിക് ടൺ ബിറ്റുമിനസ് കോൺക്രീറ്റ് തുടർച്ചയായി പാകിയതിനായുള്ള റെക്കോർഡ്.
- 156 ലെയ്ൻ കിലോമീറ്റർ ദൂരം തുടർച്ചയായി റോഡ് നിർമ്മാണം പൂർത്തിയാക്കിയതിനുള്ള റെക്കോർഡ്.



## സ്വദേശ് ദർശൻ പദ്ധതി: ഒരു ദശാബ്ദത്തിനിടെ വികസിപ്പിച്ചത് 110-ലധികം പദ്ധതികൾ

"വിനോദസഞ്ചാരമേഖലയ്ക്ക് ഒട്ടനവധി പേരുടെ ജീവിതത്തിൽ ഐശ്വര്യം കൊണ്ടുവരാനുള്ള ശേഷിയുണ്ട്. ഇന്ത്യയിലെ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ കേന്ദ്ര ഗവണ്മെന്റ് തുടർന്നും ശ്രദ്ധ കേന്ദ്രീകരിക്കും; അതുവഴി കൂടുതൽ പേർക്ക് 'അതിശയകരമായ ഇന്ത്യ'യുടെ അത്ഭുതകരമായ അനുഭവങ്ങൾ ആസ്വദിക്കാൻ സാധിക്കും." വിനോദ സഞ്ചാര മേഖലയോടുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതിജ്ഞാബദ്ധതയുടെ ഫലമായി, കഴിഞ്ഞ പത്തുവർഷത്തിനിടയിൽ സ്വദേശി ദർശൻ, സ്വദേശി ദർശൻ 2.0 എന്നീ പദ്ധതികൾക്കു കീഴിൽ വിവിധ പ്രമേയാധിഷ്ഠിത പരിപഥങ്ങളിലായി 110 പദ്ധതികൾ വികസിപ്പിച്ചെടുത്തു. രാമായണ പരിപഥം, ബുദ്ധ പരിപഥം, തീരദേശ പരിപഥം, ഗോത്രവർഗ പരിപഥം എന്നിവ ഇതിൽ ഉൾപ്പെടുന്നു.



2024-ൽ ഇന്ത്യയിലേക്ക്

**2.057**

കോടി അന്താരാഷ്ട്ര വിനോദസഞ്ചാരികൾ എത്തുകയും, വിനോദസഞ്ചാര മേഖലയിലൂടെ 2.93 ലക്ഷം കോടി രൂപ വിദേശനാണ്യം രാജ്യം നേടിയെടുക്കുകയും ചെയ്തു.

## പൊതുജനാരോഗ്യ രംഗത്തു ഗുണനിലവാരത്തിന്റെ കുതിച്ചുചാട്ടം



ഇന്ത്യാ ഗവണ്മെന്റ് ആരോഗ്യസേവനങ്ങളിൽ നിരന്തരമായ പുരോഗതി വരുത്തുകയാണ്. ഇതിന്റെ ഭാഗമായി ആരോഗ്യകേന്ദ്രങ്ങൾ വിപുലീകരിക്കുക മാത്രമല്ല, അവയെ ആധുനികവും അത്യാധുനികവുമായ സൗകര്യങ്ങളാൽ സജ്ജമാക്കുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി, 2025 ഡിസംബർ 31-ഓടെ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി ആകെ 50,373 പൊതുജനാരോഗ്യ കേന്ദ്രങ്ങൾ ദേശീയ ഗുണനിലവാര ഉറപ്പ് മാനദണ്ഡങ്ങൾ (NQAS) പ്രകാരം സാക്ഷ്യപ്പെടുത്തപ്പെട്ടു. ഗുണനിലവാരം, സുരക്ഷ, രോഗീസൗഹൃദ പരിചരണം എന്നിവയിൽ ഗവണ്മെന്റിനുള്ള ഉറച്ച പ്രതിജ്ഞാബദ്ധതയാണ് ഇത് കാണിക്കുന്നത്. 2015-ൽ വെറും 10 സർട്ടിഫൈഡ് ആരോഗ്യ കേന്ദ്രങ്ങളുമായി തുടങ്ങിയ NQAS പദ്ധതി, 2025 ഡിസംബറോടെ 50,373 എന്ന നിലയിലേക്ക് ഉയർന്നു. ഒരു വർഷത്തിനുള്ളിൽ ഈ മേഖലയിൽ ഉണ്ടായ അതിവേഗ വളർച്ചയാണ് ഇത് സൂചിപ്പിക്കുന്നത്. ഇതിൽ 48,663 ആയുഷ്മാൻ ആരോഗ്യ മന്ദിരങ്ങളും 1,710 ദ്വിതീയ പരിചരണ സ്ഥാപനങ്ങളും ഉൾപ്പെടുന്നു.





# സന്ഥാൾ കലാപത്തിന്റെ നായകൻ

***1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിന് ഏകദേശം 80 വർഷം മുമ്പ്, അമ്പും വില്ലും മാത്രം ഉപയോഗിച്ച് ബ്രിട്ടീഷുകാർക്കെതിരെ കലാപം നയിച്ച സന്ഥാൾ ഗോത്ര നേതാവായിരുന്നു തിൽക മാംഝി. അദ്ദേഹം ഗോത്രജനതയെ സൈന്യമായി സംഘടിപ്പിക്കുകയും പ്രസിദ്ധമായ സന്ഥാൾ കലാപത്തിന് 1784-ൽ നേതൃത്വം നൽകുകയും ചെയ്തു. തന്റെ ജനതയ്ക്കൊപ്പം ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ഖജനാവ് അദ്ദേഹം ആക്രമിച്ചു. ഇതെത്തുടർന്ന് അദ്ദേഹത്തെ തൂക്കിക്കൊന്നു. ബ്രിട്ടീഷുകാർക്കെതിരെ അജയ്യമായ ധൈര്യം പ്രകടിപ്പിച്ചു എന്നു മാത്രമല്ല, സ്വാതന്ത്ര്യത്തിനായി പോരാടാൻ രാജ്യത്തെയാകെ അദ്ദേഹം പ്രചോദിപ്പിക്കുകയും ചെയ്തു.***

**ജനനം: 1750 ഫെബ്രുവരി 11 | രക്തസാക്ഷിദിനം: 1785 ജനുവരി 13**

ഇന്ത്യയുടെ കഴിഞ്ഞകാലവും വർത്തമാനവും ഭാവിയും ഗോത്രവർഗ സമൂഹമില്ലാതെ അപൂർണമാണ്. രാജ്യത്തിന്റെ സ്വാതന്ത്ര്യസമരത്തിലെ ഓരോ ചുവടും, ചരിത്രത്തിലെ ഓരോ താളും ഗോത്രവർഗക്കാരുടെ വീര്യത്താൽ നിറഞ്ഞതാണ്. അത്തരത്തിലൊരു പോരാളിയായിരുന്നു തിൽക മാംഝി. ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ അതിക്രമങ്ങൾക്കെതിരെ പോരാടുകയും വിദേശഭരണത്തിനെതിരെ കലാപത്തിന്റെ കാഹളം മുഴക്കുകയും ചെയ്ത ധീരനായിരുന്നു അദ്ദേഹം. ബ്രിട്ടീഷുകാർക്കെതിരായ കലാപങ്ങളെക്കുറിച്ച് ആരും ചിന്തിക്കാത്ത കാലത്തായിരുന്നു ഇത്. 1857-ലെ വിപ്ലവത്തിന് എത്രയോ മുൻപ്, 1784-ൽ സന്ഥാളിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ 'ദാമിൻ സത്യഗ്രഹം' നടന്നു. ബ്രിട്ടീഷുകാർ ഭരണം എല്ലാ വഴികളിലൂടെയും വ്യാപിപ്പിക്കുകയും ഭാരത മാതാവിനെ ചങ്ങലയ്ക്കുള്ളിലാക്കാൻ പടിപടിയായി ശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്ന കാലമായിരുന്നു അത്.

1750 ഫെബ്രുവരി 11-ന് ബിഹാറിലെ ഭാഗൽപുരിലെ സുൽത്താൻഗഞ്ജിലെ സന്ഥാൾ കുടുംബത്തിലാണ് തിൽക മാംഝി ജനിച്ചത്. അസാമാന്യ ധീരതയിലൂടെ അദ്ദേഹം ബ്രിട്ടീഷുകാരെ വേട്ടയാടുക മാത്രമല്ല, ഇംഗ്ലീഷ് ഭരണാധികാരികളുടെ ഉറക്കം കെടുത്തുകയും ചെയ്തു. 'ജബ്ര പഹാരിയ' എന്നതായിരുന്നു അദ്ദേഹത്തിന്റെ യഥാർത്ഥ പേര് എന്ന് പറയപ്പെടുന്നു. 'തിൽക' എന്ന പേര് ബ്രിട്ടീഷുകാർ അദ്ദേഹത്തിന് നൽകിയതാണെന്നാണ് ചരിത്രം പറയുന്നത്. ഒരിക്കൽ ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ മാംഝിയുടെ ഉജ്വലമായ ചുവന്ന കണ്ണുകൾ കാണാനിടയായി. പഹാരിയ ഭാഷയിൽ 'തിൽക' എന്നാൽ 'ചുവന്ന കണ്ണുകളുള്ള കോപാകുലനായ വ്യക്തി' എന്നാണർത്ഥം. പിന്നീട് രേഖകളിൽ ഈ പേര് അദ്ദേഹത്തിന്റെ അടയാളമായി മാറുകയും 'തിൽക' എന്ന നാമം ചരിത്രത്തിൽ അനശ്വരമാവുകയും ചെയ്തു. ബ്രിട്ടീഷ് ഭരണത്തിനെതിരെ ദീർഘകാലം പോരാടിയ തിൽക മാംഝി ഒരിക്കലും അവർക്ക് മുന്നിൽ കീഴടങ്ങിയില്ല. അദ്ദേഹം ആരുടെ മുന്നിലും തലകുനിച്ചില്ല. ഒന്നിനെയും ഭയപ്പെട്ടതുമില്ല.

അദ്ദേഹം ബ്രിട്ടീഷുകാർക്കെതിരെ കലാപത്തിന് ആഹ്വാനം ചെയ്യുക മാത്രമല്ല, പ്രാദേശിക പണമിടപാടുകാർക്കും ജന്മികൾക്കുമെതിരെ കരുത്തുറ്റ നീക്കം നടത്തുകയും ചെയ്തു. 1778-ൽ പഹാരിയ തലവന്മാരോടൊപ്പം ചേർന്ന് അദ്ദേഹം രാംഗഢ് ക്യാമ്പിനെ ബ്രിട്ടീഷ് നിയന്ത്രണത്തിൽ നിന്ന് മോചിപ്പിച്ചു. 1784-ൽ രാജ്മഹലിലെ മജിസ്ട്രേറ്റായിരുന്ന അഗസ്റ്റസ് ക്ലീവ്‌ലാൻഡിനെ അദ്ദേഹം വധിച്ചു. ഇതിനെത്തുടർന്ന് ബ്രിട്ടീഷുകാർ അദ്ദേഹത്തെ നിരന്തരമായി വേട്ടയാടി. ഒടുവിൽ അറസ്റ്റ് ചെയ്തു. അറസ്റ്റിനുശേഷം, ബ്രിട്ടീഷുകാർ അദ്ദേഹത്തെ ഒരു കുതിരയുടെ പിന്നിൽ കെട്ടി ഭാഗൽപുരിലേക്ക് വലിച്ചിഴച്ചു കൊണ്ടുപോയി. 1785 ജനുവരി 13-ന് ഭാഗൽപുർ നഗരചത്വരത്തിലെ വലിയ പേരാലിൽ അദ്ദേഹത്തെ തൂക്കിലേറ്റി. അതുകൊണ്ടാണ് തിൽക മാംഝിയെ ഇന്ത്യയുടെ 'ആദ്യ സ്വാതന്ത്ര്യസമരസേനാനി' എന്നു വിളിക്കുന്നത്. ഭാഗൽപുരിലെ 'തിൽക മാംഝി സർവകലാശാല' അദ്ദേഹത്തിന്റെ സ്മരണാർത്ഥം നാമകരണം ചെയ്യപ്പെട്ടതാണ്. പ്രശസ്ത ബംഗാളി എഴുത്തുകാരി മഹാശ്വേത ദേവി അദ്ദേഹത്തിന്റെ ജീവിതത്തെയും പോരാട്ടത്തെയും ആസ്പദമാക്കി 'ശാൽഗിരേർ ഡാകെ' എന്ന നോവൽ രചിച്ചു. ഇതിന്റെ ഹിന്ദി വിവർത്തനം 'ശാൽഗിര കീ പുകാർ പർ' എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2023 ഒക്ടോബർ 29-ലെ 'മൻ കീ ബാത്' പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി, തിൽക മാംഝിയെ അനുസ്മരിച്ചു. ഇന്ത്യക്കു ഗോത്രവർഗ പോരാളികളുടെ സമ്പന്നമായ ചരിത്രമുണ്ടെന്നും നീതികേടിനെതിരെ കാഹളം മുഴക്കിയ മഹാനാണു തിൽക്ക മാംഝിയെന്നും അദ്ദേഹം പറഞ്ഞു. കൂടാതെ, 2025 ഫെബ്രുവരി 24-ന് ബിഹാറിലെ ഭാഗൽപുരിൽ വിവിധ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്ത് അദ്ദേഹം സംസാരിച്ചു. ഈ മണ്ണിന് വിശ്വാസത്തിന്റെയും പൈതൃകത്തിന്റെയും കരുത്തുണ്ടെന്നും 'വികസിത ഇന്ത്യ' കെട്ടിപ്പടുക്കാനുള്ള ശേഷിയുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇത് രക്തസാക്ഷി തിൽക മാംഝിയുടെ പുണ്യഭൂമിയാണെന്നും, അതോടൊപ്പം ഇതു 'പട്ടിന്റെ നഗരം' കൂടിയാണെന്നും അദ്ദേഹം ഓർമിപ്പിച്ചു. മറ്റു പല സന്ദർഭങ്ങളിലും അദ്ദേഹം തിൽക മാംഝിക്ക് ആദരമർപ്പിച്ചിട്ടുണ്ട്.

BRICS
INDIA 2026

# ബ്രിക്സ്

# ഗ്ലോബൽ സൗത്തിന്റെ കരുത്തുറ്റ ശബ്ദം

## ഇന്ത്യയുടെ അധ്യക്ഷതയിൽ ബ്രിക്സ് 2026

*ജി20 പോലുള്ള സ്വാധീനമുള്ള സംഘടനയാകട്ടെ, അല്ലെങ്കിൽ 2026-ലെ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡെമോക്രസി ആൻഡ് ഇലക്ടറൽ അസിസ്റ്റൻസ് (International IDEA)-ന്റെ അധ്യക്ഷ സ്ഥാനമാകട്ടെ, കഴിഞ്ഞ ദശകത്തിൽ ആഗോളതലത്തിൽ കരുത്തുറ്റ സ്ഥാനം ഇന്ത്യ ഉറപ്പിച്ചു കഴിഞ്ഞു. ഇപ്പോൾ ആ നേട്ടങ്ങളുടെ പട്ടികയിലേക്ക് മറ്റൊരു പൊൻതൂവൽ കൂടി ചേർക്കപ്പെട്ടിരിക്കുകയാണ്. 2026-ലെ ബ്രിക്സ് ഉച്ചകോടിക്ക് അധ്യക്ഷത വഹിക്കാൻ ഇന്ത്യ ഒരുങ്ങുന്നു. വിദേശ പ്രതിനിധികളുടെ സാന്നിധ്യത്തിൽ വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ 'ബ്രിക്സ് 2026'-ന്റെ വെബ്സൈറ്റും പ്രമേയവും ലോഗോയും പ്രകാശനം ചെയ്തു.*

ആഗോള രാഷ്ട്രീയ-സാമ്പത്തിക-വികസന വിഷയങ്ങളിൽ സഹകരിക്കാനുള്ള നിർണായകമായ വേദിയാണ് ബ്രിക്സ്. ഇതു 'ഗ്ലോബൽ സൗത്തി'ന്റെ കൂട്ടായ ശബ്ദത്തിന് കരുത്തേകുന്നു. ലോക ജനസംഖ്യയുടെ പകുതിയോളം പേരെ പ്രതിനിധാനം ചെയ്യുന്ന ബ്രിക്സ് രാജ്യങ്ങൾ ആഗോള ആഭ്യന്തര ഉൽപ്പാദനത്തിന്റെ ഏകദേശം 40 ശതമാനവും സംഭാവന ചെയ്യുന്നു. ഇന്ത്യയുടെ അധ്യക്ഷതയിൽ നടക്കാനിരിക്കുന്ന ബ്രിക്സ് 2026-ന്റെ പ്രമേയം 'സുസ്ഥിരതയ്ക്കും നൂതനാശയങ്ങൾക്കും സഹകരണത്തിനും സുസ്ഥിര വികസനത്തിനുമായി കെട്ടിപ്പടുക്കാം' എന്നതാണ്. ബ്രിക്സ് 2026-ന്റെ ഔദ്യോഗിക വെബ്സൈറ്റായ btovd2026.gov.in ജനുവരി 13-ന് വിദേശകാര്യ മന്ത്രി ഡോ. എസ് ജയ്ശങ്കർ ഉദ്ഘാടനം ചെയ്തു. ഇത്തവണ, ഗ്ലോബൽ സൗത്തിന്റെ ശബ്ദം ശക്തിപ്പെടുത്തുന്നതിനൊപ്പം ഭീകരവാദത്തോടുള്ള 'സഹിഷ്ണുതാ രഹിത നയം', ഉത്തരവാദിത്വത്തോടെയുള്ള നിർമിതബുദ്ധി വികസനം തുടങ്ങിയ വിഷയങ്ങളിൽ വിശദമായ ചർച്ചകൾ പ്രതീക്ഷിക്കുന്നു. ലോകത്തിലെ വളർന്നുവരുന്ന 11 പ്രധാന സമ്പദ്വ്യവസ്ഥകളെ ഒരു പ്ലാറ്റ്ഫോമിൽ ബ്രിക്സ് ഒരുമിച്ച് കൊണ്ടുവരുന്നു. ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന, ദക്ഷിണാഫ്രിക്ക എന്നിവയാണ് സ്ഥാപക അംഗരാജ്യങ്ങൾ. സൗദി അറേബ്യ, യുഎഇ, ഈജിപ്ത്, എത്യോപ്യ, ഇറാൻ, ഇൻഡോനേഷ്യ എന്നിവയാണ് പുതുതായി ഉൾപ്പെടുത്തിയ രാജ്യങ്ങൾ.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മാർഗനിർദേശ പ്രകാരം, 'മനുഷ്യത്വത്തിന് പ്രഥമ പരിഗണന', 'ജനകേന്ദ്രീകൃതം' എന്നീ സമീപനങ്ങളോടെയാണ് ഇന്ത്യ അധ്യക്ഷസ്ഥാനം ഏറ്റെടുക്കുന്നതെന്ന് വിദേശകാര്യ മന്ത്രി ഡോ. എസ് ജയ്ശങ്കർ പറഞ്ഞു. ബ്രിക്സ് അംഗങ്ങൾ തമ്മിലുള്ള സഹകരണം, പൊതുവായ വെല്ലുവിളികളെ സന്തുലിതവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ രീതിയിൽ നേരിടാൻ സഹായിക്കുമെന്ന വിശ്വാസമാണ് ഈ വർഷത്തെ ഉച്ചകോടിയുടെ പ്രമേയം പ്രതിഫലിപ്പിക്കുന്നത്. കഴിവുകൾ വർദ്ധിപ്പിക്കുക, നൂതനാശയങ്ങളെ പ്രോത്സാഹിപ്പിക്കുക, എല്ലാവരുടെയും പ്രയോജനത്തിനായി സുസ്ഥിര വികസനം ഉറപ്പാക്കുക എന്നിവയുടെ പ്രാധാന്യത്തിന് ഈ പ്രമേയം ഊന്നൽ നൽകുന്നു.

### ബ്രിക്സിന്റെ നാല് പ്രധാന സ്തംഭങ്ങൾ

- **പ്രതിരോധശേഷി:** ആഗോള വിതരണശൃംഖല, ആരോഗ്യം, കാലാവസ്ഥാ വ്യതിയാനം എന്നിവയുമായി ബന്ധപ്പെട്ട വെല്ലുവിളികളെ നേരിടാനുള്ള ശേഷി വർദ്ധിപ്പിക്കൽ.
- **നൂതനാശയങ്ങൾ:** സേവന വിതരണത്തിനും വികസനത്തിനുമായി ഡിജിറ്റൽ പൊതു അടിസ്ഥാനസൗകര്യങ്ങൾ, ഫിൻടെക്, നിർമിതബുദ്ധി, അറിവ് പങ്കുവയ്ക്കൽ എന്നിവയുടെ പ്രോത്സാഹനം.
- **സഹകരണം:** നയം, സാമ്പത്തികം, വ്യാപാരം, ഭരണ പരിഷ്കാരം, പൊതുജന പങ്കാളിത്തം എന്നിവയിൽ ബ്രിക്സ് രാജ്യങ്ങൾ തമ്മിലുള്ള ഏകോപനത്തിനു കരുത്തേകൽ.
- **സുസ്ഥിരത:** കാലാവസ്ഥാ സംരക്ഷണം, പരിസ്ഥിതി സൗഹൃദ ധനകാര്യം, ഊർജ പരിവർത്തനം സുസ്ഥിര വികസനം എന്നിവയുടെ വേഗത വർദ്ധിപ്പിക്കൽ.



# സോമനാഥ് സ്വാഭിമാൻ പർവ്

## സുദൃഢ വിശ്വാസത്തിന്റെ 1000 വർഷങ്ങൾ (1026-2026)



നരേന്ദ്ര മോദി
പ്രധാനമന്ത്രി

***സോമനാഥ ക്ഷേത്രത്തിന് നേരെ നടന്ന ആദ്യ ആക്രമണത്തിന് 2026ൽ 1000 വർഷം പൂർത്തിയാകുന്നു. നൂറ്റാണ്ടുകളിലുടനീളം ആവർത്തിച്ചുണ്ടായ ആക്രമണങ്ങളെ അതിജീവിച്ച്, രാജ്യത്തിന്റെ അജയ്യമായ ആത്മവീര്യത്തിന്റെ പ്രതീകമായി സോമനാഥ ക്ഷേത്രം ഇന്ന് തലയുയർത്തി നിൽക്കുന്നു. സോമനാഥിന്റെ കഥ വെറുമൊരു ക്ഷേത്രത്തിന്റെ കഥയല്ല; മറിച്ച്, രാജ്യത്തിന്റെ സംസ്കാരവും നാഗരികതയും സംരക്ഷിക്കാൻ പോരാടിയ ഭാരതമാതാവിന്റെ അസംഖ്യം പുത്രന്മാരുടെയും പുത്രിമാരുടെയും തളരാത്ത ധീരതയുടെ ചരിത്രമാണ്. 1026 ജനുവരിയിൽ സോമനാഥിന് നേർക്കുണ്ടായ ആദ്യ ആക്രമണം 1000 വർഷം പിന്നിട്ടതു നാം സ്മരിക്കുമ്പോൾ, മറ്റൊരു സുപ്രധാന നാഴികക്കല്ലിനും ഈ വർഷം സാക്ഷ്യം വഹിക്കുന്നു. 1951-ൽ അന്നത്തെ രാഷ്ട്രപതി ഡോ. രാജേന്ദ്ര പ്രസാദിന്റെ സാന്നിധ്യത്തിൽ പുനർനിർമ്മിച്ച സോമനാഥ ക്ഷേത്രം ഉദ്ഘാടനം ചെയ്തതിന്റെ 75-ാം വാർഷികമാണിത്. ഈ ജനുവരിയിൽ 'സോമനാഥ് സ്വാഭിമാൻ പർവ്' ആരംഭിച്ചിരിക്കുകയാണ്. ഈ വിഷയത്തെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി എഴുതിയ ലേഖനം ഇതാ...***

'സോമനാഥ്' എന്ന വാക്കു തന്നെ നമ്മുടെ ഹൃദയങ്ങളിലും മനസ്സുകളിലും അഭിമാനത്തിന്റെ വികാരം ഉണർത്തുന്ന ഒന്നാണ്. ഇന്ത്യയുടെ ആത്മാവിന്റെ ശാശ്വതമായ പ്രഖ്യാപനമാണിത്. ഗുജറാത്തിലെ പ്രഭാസ് പാടൺ എന്ന സ്ഥലത്ത്, ഇന്ത്യയുടെ പടിഞ്ഞാറൻ തീരത്താണു മഹത്തായ ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നത്. ഇന്ത്യയിലുടനീളമുള്ള 12 ജ്യോതിർലിംഗങ്ങളെക്കുറിച്ചു ദ്വാദശ ജ്യോതിർലിംഗസ്തോത്രം പരാമർശിക്കുന്നുണ്ട്. "सौराष्ट्रे सोमनाथं च..",എന്നു തുടങ്ങുന്ന സ്തോത്രം, പ്രഥമ ജ്യോതിർലിംഗമെന്ന നിലയിൽ സോമനാഥിന്റെ സാംസ്കാരിക-ആത്മീയ പ്രാധാന്യത്തെ അടയാളപ്പെടുത്തുന്നു. ഇങ്ങനെയും പറയാറുണ്ട്.

**सोमलिङ्गं नरो दृष्ट्वा सर्वपापैः प्रमुच्यते।
लभते फलं मनोवाञ्छितं मृतः स्वर्गं समाश्रयेत्॥**

സോമനാഥ ശിവലിംഗം ദർശിക്കുന്നതിലൂടെ മാത്രം ഒരു വ്യക്തി പാപമുക്തി നേടുകയും, തന്റെ നീതിയുക്തമായ ആഗ്രഹങ്ങൾ സാക്ഷാത്കരിക്കുകയും, മരണശേഷം സ്വർഗം പ്രാപിക്കുകയും ചെയ്യുന്നു എന്നാണ് ഇതിനർഥം.

ദുഃഖകരമെന്നു പറയട്ടെ, ദശലക്ഷക്കണക്കിനുപേരുടെ ഭക്തിക്കും പ്രാർഥനയ്ക്കും പാത്രമായ ഈ സോമനാഥ ക്ഷേത്രം, വൈദേശിക അധിനിവേശത്താൽ ആക്രമിക്കപ്പെട്ടു. ഭക്തിയല്ല; മറിച്ച്, തകർക്കലായിരുന്നു അവരുടെ ലക്ഷ്യം.

2026 എന്ന വർഷം സോമനാഥക്ഷേത്രത്തെ സംബന്ധിച്ച് അതീവ പ്രാധാന്യമുള്ളതാണ്. ഈ മഹാക്ഷേത്രത്തിനു നേർക്കു നടന്ന ആദ്യ ആക്രമണത്തിന് 1000 വർഷം തികയുകയാണ്.

*സോമനാഥ ശിവലിംഗ ദർശനം ഒരാളെ സകല പാപങ്ങളിൽ നിന്നും മുക്തനാക്കുമെന്നും, ധർമനിഷ്ഠമായ ആഗ്രഹങ്ങൾ പൂർത്തീകരിക്കാൻ സഹായിക്കുമെന്നും, മരണശേഷം സ്വർഗപ്രാപ്തി നൽകുമെന്നും വിശ്വസിക്കപ്പെടുന്നു.*

*പ്രധാനമന്ത്രിയുടെ ലേഖനം വായിക്കാൻ ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ.*



*സോമനാഥ ക്ഷേത്രത്തിന്റെ പ്രതാപം വീണ്ടെടുക്കുന്നതിനായി നടത്തിയ നിരന്തരമായ പരിശ്രമങ്ങളുടെ ഫലമായാണ് അത് ഇന്നും ഇത്രയും മഹത്വത്തോടെ നിലകൊള്ളുന്നത്. അത്തരമൊരു നിർണായകമായ നാഴികക്കല്ലിന് 2026-ൽ 75 വർഷം തികയുകയാണ്. 1951 മെയ് 11-ന് നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ, അന്നത്തെ രാഷ്ട്രപതി ഡോ. രാജേന്ദ്ര പ്രസാദിന്റെ സാന്നിധ്യത്തിലാണ് പുനർനിർമിച്ച ക്ഷേത്രം ഭക്തർക്കായി തുറന്നുകൊടുത്തത്.*

1026 ജനുവരിയിലാണു ഗസ്നിയിലെ മഹ്മൂദ് ഈ ക്ഷേത്രം ആക്രമിച്ചത്. അക്രമാസക്തവും കിരാതവുമായ അധിനിവേശത്തിലൂടെ വിശ്വാസത്തിന്റെയും സംസ്കാരത്തിന്റെയും മഹത്തായ പ്രതീകം തകർക്കുക എന്നതായിരുന്നു മഹ്മൂദിന്റെ ലക്ഷ്യം.

എങ്കിലും, സോമനാഥിന്റെ പ്രതാപം വീണ്ടെടുക്കാനായി നടന്ന നിരവധി ശ്രമങ്ങളുടെ ഫലമായി, ആയിരം വർഷങ്ങൾക്കിപ്പുറവും ക്ഷേത്രം മുമ്പത്തെപ്പോലെ പ്രതാപത്തോടെ നിലകൊള്ളുന്നു. അത്തരത്തിലൊരു നാഴികക്കല്ല് 2026-ൽ 75 വർഷം പൂർത്തിയാക്കുകയാണ്. 1951 മെയ് 11-ന് അന്നത്തെ രാഷ്ട്രപതി ഡോ. രാജേന്ദ്ര പ്രസാദിന്റെ സാന്നിധ്യത്തിൽ നടന്ന ചടങ്ങിലാണ്, പുനർനിർമിച്ച ക്ഷേത്രം ഭക്തർക്കായി തുറന്നു നൽകിയത്.

ആയിരം വർഷങ്ങൾക്കുമുമ്പ് 1026-ൽ സോമനാഥിൽ നടന്ന ആദ്യ ആക്രമണവും, അവിടത്തെ ജനങ്ങൾക്കു നേർക്കുണ്ടായ ക്രൂരതകളും, ക്ഷേത്രത്തിനു വരുത്തിയ നാശനഷ്ടങ്ങളും വിവിധ ചരിത്രരേഖകളിൽ വിശദമായി രേഖപ്പെടുത്തിയിട്ടുണ്ട്. അവ വായിക്കുമ്പോൾ നമ്മുടെ ഹൃദയം നുറുങ്ങും. അതിലെ ഓരോ വരിയും ദുഃഖത്തിന്റെയും ക്രൂരതയുടെയും, കാലം മായ്ക്കാത്ത സങ്കടത്തിന്റെയും ഭാരം പേറുന്നവയാണ്.

ഇന്ത്യയിലും ജനങ്ങളുടെ ആത്മവീര്യത്തിലും ആ സംഭവം എത്രത്തോളം ആഘാതമേൽപ്പിച്ചിട്ടുണ്ടാകുമെന്നു ചിന്തിച്ചുനോക്കൂ. സോമനാഥിന് അത്രമേൽ വലിയ ആത്മീയ പ്രാധാന്യമുണ്ടായിരുന്നു. തീരദേശത്തു സ്ഥിതിചെയ്തിരുന്ന ഈ ക്ഷേത്രം വലിയ സാമ്പത്തികശക്തിയുള്ള സമൂഹത്തിനു കരുത്തുപകർന്നിരുന്നു. കടൽ കടന്നു വ്യാപാരം നടത്തിയിരുന്നവരും നാവികരും ഈ ക്ഷേത്രത്തിന്റെ പ്രതാപത്തെക്കുറിച്ചുള്ള കഥകൾ ദൂരദേശങ്ങളിൽ എത്തിച്ചിരുന്നു.

എന്നിരുന്നാലും, ആദ്യത്തെ ആക്രമണത്തിന് ആയിരം വർഷങ്ങൾക്കിപ്പുറവും, സോമനാഥിന്റെ ഗാഥ നാശത്തിന്റെ കഥയല്ലെന്ന് അസന്ദിഗ്ദ്ധമായി പറയുന്നതിൽ ഞാൻ അഭിമാനിക്കുന്നു. ഭാരതമാതാവിന്റെ കോടിക്കണക്കിനു മക്കളുടെ അചഞ്ചലമായ ധീരതയാലാണ് ആ ചരിത്രം നിർവചിക്കപ്പെടുന്നത്.

ആയിരം വർഷങ്ങൾക്കുമുമ്പ് 1026-ൽ ആരംഭിച്ച ആ മധ്യകാല കിരാതത്വം, സോമനാഥിനെ ആവർത്തിച്ച് ആക്രമിക്കാൻ മറ്റുള്ളവർക്കും 'പ്രേരണ'യേകി. നമ്മുടെ ജനതയെയും സംസ്കാരത്തെയും അടിമപ്പെടുത്താനുള്ള ശ്രമത്തിന്റെ തുടക്കമായിരുന്നു അത്. എന്നാൽ, ഓരോ തവണ ക്ഷേത്രം ആക്രമിക്കപ്പെട്ടപ്പോഴും, അതിനെ സംരക്ഷിക്കാൻ ധീരരായ സ്ത്രീപുരുഷന്മാർ മുന്നോട്ടുവരികയും ആത്യന്തിക ത്യാഗംപോലും വരിക്കുകയും ചെയ്തു.


ഓരോ തലമുറയിലും, നമ്മുടെ മഹത്തായ സംസ്കാരത്തിലെ ജനങ്ങൾ തളരാതെ നിലകൊള്ളുകയും ക്ഷേത്രം പുനർനിർമിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്തു. ഭക്തർക്കു സോമനാഥിൽ പ്രാർഥിക്കുന്നതിനു സൗകര്യമൊരുക്കാൻ ഉദാത്തപരിശ്രമം നടത്തിയ അഹില്യബായ് ഹോൾക്കറെപ്പോലുള്ള മഹദ് വ്യക്തികളെ വളർത്തിയെടുത്ത അതേ മണ്ണിൽ ജനിക്കാൻ കഴിഞ്ഞതു നമ്മുടെ ഭാഗ്യമാണ്.

സ്വാമി വിവേകാനന്ദൻ 1890-കളിൽ സോമനാഥ് സന്ദർശിക്കുകയുണ്ടായി. ആ അനുഭവം അദ്ദേഹത്തെ ഏറെ സ്വാധീനിച്ചു. 1897-ൽ ചെന്നൈയിൽ നടത്തിയ പ്രസംഗത്തിൽ അദ്ദേഹം തന്റെ വികാരങ്ങൾ പ്രകടിപ്പിച്ചത് ഇങ്ങനെയാണ്: "ദക്ഷിണേന്ത്യയിലെ ചില പഴയ ക്ഷേത്രങ്ങളും ഗുജറാത്തിലെ സോമനാഥും നിങ്ങളെ അറിവിന്റെ വലിയ പാഠങ്ങൾ പഠിപ്പിക്കും. നമ്മുടെ വംശത്തിന്റെ ചരിത്രത്തെക്കുറിച്ച് ഏതൊരു പുസ്തകത്തേക്കാളും ആഴത്തിലുള്ള ഉൾക്കാഴ്ച നൽകും. നൂറുകണക്കിന് ആക്രമണങ്ങളുടെയും നൂറുകണക്കിനു പുനർജന്മങ്ങളുടെയും അടയാളങ്ങൾ ഈ ക്ഷേത്രങ്ങൾ എങ്ങനെ വഹിക്കുന്നു എന്നു നോക്കൂ; നിരന്തരം നശിപ്പിക്കപ്പെട്ടിട്ടും അവശിഷ്ടങ്ങളിൽ നിന്നു നിരന്തരം ഉയിർത്തെഴുന്നേൽക്കുകയാണത്; മുമ്പത്തേക്കാളും കരുത്തോടെ! അതാണു ദേശീയ വികാരം, അതാണു ദേശീയ ജീവപ്രവാഹം. അതിനെ പിന്തുടരുക, അതു നിങ്ങളെ മഹത്വത്തിലേക്കു നയിക്കും. അതിനെ ഉപേക്ഷിച്ചാൽ നിങ്ങൾ മരിക്കും; ആ ജീവപ്രവാഹത്തിനു പുറത്തേക്കു കടക്കുന്ന നിമിഷം മരണം മാത്രമായിരിക്കും ഫലം; വിനാശം മാത്രമായിരിക്കും അനന്തരഫലം."

സ്വാതന്ത്ര്യാനന്തരം സോമനാഥക്ഷേത്രം പുനർനിർമിക്കുക എന്ന പവിത്രമായ ദൗത്യം സർദാർ വല്ലഭ്ഭായ് പട്ടേലിന്റെ കരുത്തുറ്റ കൈകളിലെത്തി. 1947-ലെ ദീപാവലി വേളയിലെ സന്ദർശനം അദ്ദേഹത്തെ അത്രത്തോളം സ്വാധീനിച്ചതിനാൽ, ക്ഷേത്രം അവിടെത്തന്നെ പുനർനിർമിക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. ഒടുവിൽ, 1951 മെയ് 11-നു സോമനാഥിലെ ഗംഭീരമായ ക്ഷേത്രം ഭക്തർക്കായി തുറന്നുകൊടുത്തു, ഡോ. രാജേന്ദ്ര പ്രസാദ് ആ ചടങ്ങിൽ സന്നിഹിതനായിരുന്നു. ഈ ചരിത്രദിനം കാണാൻ മഹാനായ സർദാർ സാഹിബ് ജീവിച്ചിരുന്നില്ല. എങ്കിലും അദ്ദേഹത്തിന്റെ സ്വപ്നസാക്ഷാത്കാരം രാജ്യത്തിനു മുന്നിൽ തലയുയർത്തി നിന്നു. അന്നത്തെ പ്രധാനമന്ത്രി പണ്ഡിറ്റ് ജവാഹർലാൽ നെഹ്റു ഈ സംഭവവികാസങ്ങളിൽ വലിയ താൽപ്പര്യം കാട്ടിയിരുന്നില്ല. രാഷ്ട്രപതിയോ മന്ത്രിമാരോ ഈ സവിശേഷാവസരത്തിൽ സഹകരിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചില്ല. ഈ സംഭവം ഇന്ത്യയെക്കുറിച്ചു മോശം പ്രതിച്ഛായ സൃഷ്ടിക്കുമെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ ഡോ. രാജേന്ദ്ര പ്രസാദ് തന്റെ നിലപാടിൽ ഉറച്ചുനിന്നു. ബാക്കിയെല്ലാം ചരിത്രമാണ്. സർദാർ പട്ടേലിനെ വളരെ ശക്തമായി പിന്തുണച്ച കെ എം മുൻഷിയുടെ ശ്രമങ്ങൾ അനുസ്മരിക്കാതെ സോമനാഥിനെക്കുറിച്ചുള്ള ആഖ്യാനമേതും പൂർണമാകില്ല. 'Somanatha: The Shrine Eternal' എന്ന പുസ്തകം ഉൾപ്പെടെ സോമനാഥിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കൃതികൾ അങ്ങേയറ്റം വിവരദായകവും വിജ്ഞാനപ്രദവുമാണ്.







***ആയിരം വർഷങ്ങൾക്കിപ്പുറവും, സോമനാഥി ലെ കടൽ അന്നത്തെ അതേ തീവ്രതയോടെ ഇന്നും ഇരമ്പിക്കൊണ്ടിരിക്കുന്നു. സോമനാഥി ന്റെ തീരങ്ങളെ തഴുകുന്ന ആ തിരമാലകൾക്ക് ഒരു കഥ പറയാനുണ്ട്. എന്തു സംഭവിച്ചാലും, ആ തിരമാലകളെപ്പോലെ അതു വീണ്ടും വീ ണ്ടും ഉയിർത്തെഴുന്നേറ്റുകൊണ്ടേയിരുന്നു...***

മുൻഷിജിയുടെ പുസ്തകത്തിന്റെ പേരു സൂചിപ്പിക്കുന്നതുപോലെ, തീർച്ചയായും, ആശയങ്ങളുടെയും ആത്മ ചൈതന്യത്തിന്റെയും അനശ്വരതയിൽ ഉറച്ചുവിശ്വസിക്കുന്ന സംസ്കാരമാണു നമ്മുടേത്. ഗീതയിലെ പ്രസിദ്ധ ശ്ലോകമായ "नैनं छिन्दन्ति शस्त्राणि"എന്ന വരികളിൽ വിവരിക്കുന്നതു പോലെ, ശാശ്വതമായ ഒന്നിനെ നശിപ്പിക്കാൻ കഴിയില്ലെന്നു നാം ഉറച്ചു വിശ്വസിക്കുന്നു. പ്രതിസന്ധികളെയും പോരാട്ടങ്ങളെയും അതിജീവിച്ച് പ്രതാപത്തോടെ നിലകൊള്ളുന്ന സോമനാഥിനേക്കാൾ മികച്ച മറ്റൊരുദാഹരണം നമ്മുടെ സംസ്കാരത്തിന്റെ അജയ്യമായ കരുത്തിന് നൽകാനില്ല.

നൂറ്റാണ്ടുകൾ നീണ്ട അധിനിവേശങ്ങളെയും കോളനിവാഴ്ചയുടെ കൊള്ളകളെയും അതിജീവിച്ച്, ഇന്ന് ആഗോള വളർച്ചയുടെ ഏറ്റവും തിളക്കമുള്ള ഇടങ്ങളിലൊന്നായി മാറിയ നമ്മുടെ രാജ്യത്തും ഇതേ ആവേശമാണു ദൃശ്യമാകുന്നത്. നമ്മുടെ മൂല്യബോധവും ജനങ്ങളുടെ നിശ്ചയദാർഢ്യവുമാണ് ഇന്ന് ഇന്ത്യയെ ആഗോള ശ്രദ്ധാകേന്ദ്രമാക്കി മാറ്റിയത്. ലോകം ഇന്നു പ്രത്യാശയോടെയും ശുഭാപ്തിവിശ്വാസത്തോടെയുമാണു നമ്മുടെ നാടിനെ കാണുന്നത്. നൂതനാശയ ഉപജ്ഞാതാക്കളായ നമ്മുടെ യുവാക്കളിൽ നിക്ഷേപം നടത്താൻ ലോകം ആഗ്രഹിക്കുന്നു. നമ്മുടെ കലയും സംസ്കാരവും സംഗീതവും വിവിധ ഉത്സവങ്ങളും ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെടുന്നു. യോഗയും ആയുർവേദവും ലോകമെമ്പാടും സ്വാധീനം ചെലുത്തുകയും ആരോഗ്യകരമായ ജീവിതരീതി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ലോകം നേരിടുന്ന ഏറ്റവും സങ്കീർണമായ വെല്ലുവിളികൾക്കുള്ള പ്രതിവിധികൾ ഇന്ന് ഇന്ത്യയിൽനിന്നാണ് ഉയിർകൊള്ളുന്നത്.

അനാദികാലം മുതലേ, ജീവിതത്തിന്റെ നാനാതുറകളിലുള്ള ജനങ്ങളെ സോമനാഥ് ഒന്നിപ്പിച്ചിട്ടുണ്ട്. നൂറ്റാണ്ടുകൾക്കു മുമ്പ്, ആദരണീയനായ ജൈനസന്ന്യാസി കലികാൽ സർവജ്ഞ ഹേമചന്ദ്രാചാര്യ സോമനാഥിൽ വന്നിരുന്നു. അവിടെ പ്രാർഥിച്ചശേഷം അദ്ദേഹം ഇപ്രകാരം ശ്ലോകം ചൊല്ലിയതായി പറയപ്പെടുന്നു: "भवबीजाङ्कुरजनना रागाद्याः क्षयमुपगता यस्य।". "ഭൗതികമായ ജനനത്തിന്റെ വിത്തുകൾ നശിപ്പിക്കപ്പെട്ടവനും, ആസക്തികളും സകല ക്ലേശങ്ങളും ഇല്ലാതായവനുമായ ആ പരമപുരുഷനു പ്രണാമം" എന്നാണ് ഇതിനർഥം. മനസ്സിനും ആത്മാവിനും ഉള്ളിൽ അഗാധമായ ഏതോ ചൈതന്യം ഉണർത്താനുള്ള അതേ കഴിവ്, സോമനാഥ് ഇന്നും നിലനിർത്തുന്നു.

1026-ലെ ആദ്യ ആക്രമണത്തിന് ആയിരം വർഷങ്ങൾക്കു ശേഷവും, സോമനാഥിലെ കടൽ അന്നത്തെ അതേ തീവ്രതയോടെ ഇന്നും ഗർജിക്കുന്നു. സോമനാഥിന്റെ തീരങ്ങളെ തഴുകുന്ന ആ തിരമാലകൾ ഒരു കഥ പറയുന്നുണ്ട്. എന്തു സംഭവിച്ചാലും, ആ തിരമാലകളെപ്പോലെ അതു വീണ്ടും വീണ്ടും ഉയിർത്തെഴുന്നേറ്റുകൊണ്ടേയിരുന്നു.

പഴയകാലത്തെ ആക്രമണകാരികൾ ഇന്നു മണ്ണടിഞ്ഞുപോയി. അവരുടെ പേരുകൾ വിനാശത്തിന്റെ പര്യായങ്ങളായി മാറി. ചരിത്രത്താളുകളിൽ അവർ വെറും അടിക്കുറിപ്പുകൾ മാത്രമാണ്. എന്നാൽ സോമനാഥ്, 1026-ലെ ആക്രമണത്തിൽ മങ്ങാതെ നിലനിന്ന ശാശ്വത ചൈതന്യത്തെ ഓർമിപ്പിച്ച്, ചക്രവാളങ്ങൾക്കുമപ്പുറം പ്രഭ ചൊരിഞ്ഞ് ഉജ്വലമായി നിലകൊള്ളുന്നു. വെറുപ്പിനും മതഭ്രാന്തിനും ഒരു നിമിഷത്തേക്കു നശിപ്പിക്കാനുള്ള ശക്തിയുണ്ടായേക്കാം. എന്നാൽ, നന്മയുടെ കരുത്തിലുള്ള വിശ്വാസത്തിനും ദൃഢനിശ്ചയത്തിനും നിത്യതയ്ക്കായി സൃഷ്ടിക്കാനുള്ള ശക്തിയുണ്ടെന്നു സോമനാഥ് എന്ന പ്രത്യാശയുടെ ഗീതം നമ്മോടു പറയുന്നു.

ആയിരം വർഷങ്ങൾക്കു മുൻപ് ആക്രമിക്കപ്പെടുകയും അതിനുശേഷം നിരന്തരമായ ആക്രമണങ്ങൾ നേരിടുകയും ചെയ്ത സോമനാഥക്ഷേത്രത്തിനു വീണ്ടും വീണ്ടും ഉയിർത്തെഴുന്നേൽക്കാൻ കഴിഞ്ഞുവെങ്കിൽ, അധിനിവേശങ്ങൾക്കു മുമ്പ് ആയിരം വർഷം മുമ്പുണ്ടായിരുന്ന അതേ പ്രതാപത്തിലേക്കു നമ്മുടെ മഹത്തായ രാഷ്ട്രത്തെ വീണ്ടെടുക്കാൻ തീർച്ചയായും നമുക്കു സാധിക്കും. ശ്രീ സോമനാഥ മഹാദേവന്റെ അനുഗ്രഹത്തോടെ, വികസിത ഇന്ത്യ കെട്ടിപ്പടുക്കാനുള്ള പുതുക്കിയ ദൃഢനിശ്ചയവുമായി നാം മുന്നോട്ടു നീങ്ങുകയാണ്. അവിടെ, ലോകനന്മയ്ക്കായി പ്രവർത്തിക്കുന്നതിനായി നമ്മെ നയിക്കാൻ നമ്മുടെ നാഗരിക വിജ്ഞാനവും ഒപ്പമുണ്ട്.

***ജയ് സോമനാഥ്!***

# അനശ്വരമായ സോമനാഥ് സമൃദ്ധമായ പൈതൃകം

***സോമനാഥ് എന്നത് കേവലം പുണ്യതീർത്ഥാടന കേന്ദ്രമല്ല; മറിച്ച്, ഇന്ത്യയുടെ സാംസ്കാരികത്തുടർച്ചയുടെ ദീപസ്തംഭം കൂടിയാണ്. അതു വിശ്വാസം, അചഞ്ചലമായ പ്രതിരോധം, ഐക്യം എന്നിവയുടെ സന്ദേശത്തിലൂടെ തലമുറകളെ പ്രചോദിപ്പിക്കുന്നു. ജനുവരി 11-നു ഗുജറാത്തിൽ നടന്ന'സോമനാഥ് സ്വാഭിമാൻ പർവി'ൽ സംസാരിക്കവേ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞത്, ആയിരം വർഷത്തിനുശേഷവും സോമനാഥ ക്ഷേത്രത്തിനു മുകളിൽ ധ്വജം ഉയർന്നു പറക്കുന്നുണ്ടെന്നും അതു രാജ്യത്തിന്റെ ശക്തിയെയും ചൈതന്യത്തെയും ലോകത്തെ ഓർമിപ്പിക്കുന്നു എന്നുമാണ്...***

ഗസ്നിമുതൽ ഔറംഗസേബു വരെയുള്ള വിവിധ ആക്രമകാരികൾ സോമനാഥിനെ ആക്രമിച്ചപ്പോൾ, തങ്ങളുടെ വാളുകൾ ശാശ്വതമായ ആ സോമനാഥിനെ കീഴടക്കുകയാണെന്ന് അവർ വിശ്വസിച്ചു. തങ്ങൾ നശിപ്പിക്കാൻ ശ്രമിക്കുന്ന 'സോമനാഥ്' എന്ന പേരിൽ തന്നെ 'സോമം' അഥവാ 'അമൃത്' അടങ്ങിയിട്ടുണ്ടെന്ന് അവർക്കു മനസ്സിലാക്കാൻ സാധിച്ചില്ല. വിഷം കഴിച്ചാലും മരണമില്ലാത്ത അമരത്വം എന്ന ആശയമാണ് അതുൾക്കൊള്ളുന്നത്. അതിനുള്ളിൽ സദാശിവ മഹാദേവന്റെ രൂപത്തിലുള്ള ചൈതന്യശക്തി വസിക്കുന്നു. അദ്ദേഹം ദയാലുവും അതോടൊപ്പം ശക്തിയുടെ ഉറവിടവുമാണ്. ഗുജറാത്തിൽ നടന്ന 'സോമനാഥ് സ്വാഭിമാൻ പർവി'നെ അഭിസംബോധന ചെയ്തു പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞതിങ്ങനെയാണ്: സോമനാഥിനെ തകർക്കണമെന്ന ഉദ്ദേശ്യത്തോടെ വന്ന സ്വേച്ഛാധിപതികൾ ഇന്നു ചരിത്രത്തിന്റെ ഏതാനും താളുകളിൽ മാത്രമായി ഒതുങ്ങി എന്നതു കാലചക്രത്തിന്റെ തിരിച്ചടിയാണ്. എന്നാൽ ആ വിശാലമായ സമുദ്രതീരത്ത് ആകാശത്തോളം ഉയരത്തിൽ ധർമധ്വജം ഉയർത്തിപ്പിടിച്ച് സോമനാഥ ക്ഷേത്രം തലയുയർത്തി നിൽക്കുന്നു. സോമനാഥിന്റെ ഈ ഗോപുരം ഇപ്രകാരം പ്രഖ്യാപിക്കുന്നതായി തോന്നുന്നു: चन्द्रशेखरम् आश्रये मम किं करिष्यति वै यमः ! !


അതായത്, ഞാൻ ചന്ദ്രശേഖര ശിവനിൽ അഭയം പ്രാപിക്കുന്നു; മരണത്തിനുപോലും എന്നെ ഒന്നും ചെയ്യാനാകില്ല! ഇന്നത്തെ ഇന്ത്യ അതിന്റെ പൈതൃകത്തിൽ നിന്നു പ്രചോദനം ഉൾക്കൊണ്ടാണു മുന്നോട്ടു പോകുന്നത്.



*പ്രധാനമന്ത്രി പങ്കെടുത്ത പരിപാടി പൂർണമായി കാണാൻ ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ.*

## സോമനാഥക്ഷേത്രം: അതിജീവനത്തിന്റെയും വിശ്വാസത്തിന്റെയും നാടിന്റെ പെരുമയുടെയും കരുത്തുറ്റ പ്രതീകം

- 2026 ജനുവരി 8 മുതൽ 11 വരെ സോമനാഥിൽ 'സോമനാഥ് സ്വാഭിമാൻ പർവ്' ആഘോഷിച്ചു.
- ക്ഷേത്രസംരക്ഷണത്തിനായി ജീവൻ ബലിയർപ്പിക്കുകയും ഭാവിതലമുറയുടെ സാംസ്കാരിക ബോധത്തിന് പ്രചോദനമാവുകയും ചെയ്ത ഇന്ത്യയിലെ അസംഖ്യം പൗരന്മാരുടെ സ്മരണയ്ക്കായാണ് ഈ ഉത്സവം ആഘോഷിച്ചത്.
- ക്രിസ്തുവർഷം 1026-ൽ ഗസ്നിയിലെ മഹ്മൂദ് സോമനാഥ ക്ഷേത്രം ആക്രമിച്ചിട്ട് ആയിരം വർഷം പൂർത്തിയായ വേളയിലായിരുന്നു ഈ അനുസ്മരണം.
- നൂറ്റാണ്ടുകളിലുടനീളം നശിപ്പിക്കാൻ നിരവധി ശ്രമങ്ങൾ ഉണ്ടായിട്ടും, സോമനാഥ ക്ഷേത്രം ഇന്ന് അതിജീവനത്തിന്റെയും വിശ്വാസത്തിന്റെയും നാടിന്റെ പെരുമയുടെയും കരുത്തുറ്റ പ്രതീകമായി നിലകൊള്ളുന്നു. ക്ഷേത്രത്തെ അതിന്റെ പുരാതന പ്രതാപത്തിലേക്ക് തിരികെ കൊണ്ടുവരാനുള്ള കൂട്ടായ നിശ്ചയദാർഢ്യത്തിന്റെയും പരിശ്രമത്തിന്റെയും ഫലമാണിത്.
- സ്വാതന്ത്ര്യാനന്തരം, സർദാർ വല്ലഭ്ഭായ് പട്ടേലാണ് ക്ഷേത്രത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.
- പുനരുദ്ധാരണ യാത്രയിലെ സുപ്രധാന നാഴികക്കല്ല് കൈവരിച്ചത് 1951-ലാണ്. അന്നത്തെ രാഷ്ട്രപതി ഡോ. രാജേന്ദ്ര പ്രസാദിന്റെ സാന്നിധ്യത്തിൽ നവീകരിച്ച സോമനാഥ ക്ഷേത്രം ഭക്തർക്കായി ഔദ്യോഗികമായി തുറന്നുകൊടുത്തു.
- ഈ ചരിത്രപ്രധാനമായ പുനരുദ്ധാരണത്തിന് 75 വർഷം തികയുന്നു എന്നത് 2026-ലെ 'സോമനാഥ് സ്വാഭിമാൻ പർവി'ന് സവിശേഷമായ പ്രാധാന്യം നൽകി.
- രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നൂറുകണക്കിനു സന്ന്യാസിമാർ ഈ ആഘോഷങ്ങളിൽ പങ്കെടുത്തു. ക്ഷേത്രസമുച്ചയത്തിൽ 72 മണിക്കൂർ തുടർച്ചയായി 'ഓം' മന്ത്രോച്ചാരണം നടന്നു.
- 'സോമനാഥ് സ്വാഭിമാൻ പർവി'ലെ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സാന്നിധ്യം ഇന്ത്യൻ നാഗരികതയുടെ അചഞ്ചലമായ ചൈതന്യത്തെ അടിവരയിടുന്നു. ഇന്ത്യയുടെ സമ്പന്നമായ സാംസ്കാരികവും ആത്മീയവുമായ പൈതൃകം സംരക്ഷിക്കുന്നതിനും ആഘോഷിക്കുന്നതിനുമുള്ള അദ്ദേഹത്തിന്റെ പ്രതിജ്ഞാബദ്ധതയെ ഇതു പ്രതിഫലിപ്പിക്കുന്നു.



## ആയിരം വർഷത്തിനു ശേഷവും സോമനാഥ ക്ഷേത്രത്തിനു മുകളിൽ ധ്വജം ഉയർന്നു പാറുന്നു

- ക്രിസ്തുവർഷം 1026-ൽ, ഗസ്നിയിലെ മഹ്മൂദാണ് ആദ്യമായി സോമനാഥ ക്ഷേത്രം തകർത്തത്. സോമനാഥിന്റെ നിലനിൽപ്പ് തന്നെ താൻ ഇല്ലാതാക്കിയെന്ന് അദ്ദേഹം കരുതി. എന്നാൽ ഏതാനും വർഷങ്ങൾക്കുള്ളിൽ സോമനാഥ് പുനർനിർമ്മിക്കപ്പെട്ടു.
- 13-ാം നൂറ്റാണ്ടിന്റെ അവസാനം, അലാവുദ്ദീൻ ഖിൽജി സോമനാഥിനെ വീണ്ടും ആക്രമിച്ചു. 14-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ജുനാഗഢിലെ രാജാവ് സോമനാഥിന്റെ പ്രതാപം ഒരിക്കൽ കൂടി വീണ്ടെടുത്തു.
- 14-ാം നൂറ്റാണ്ടിന്റെ അവസാന വർഷങ്ങളിൽ, മുസാഫർ ഖാൻ വീണ്ടും സോമനാഥിനെ ആക്രമിച്ചെങ്കിലും ആ ശ്രമവും പരാജയപ്പെട്ടു.
- 15-ാം നൂറ്റാണ്ടിൽ, സുൽത്താൻ അഹമ്മദ് ഷാ സോമനാഥ ക്ഷേത്രത്തെ അശുദ്ധമാക്കാൻ ശ്രമിച്ചു. അതേ നൂറ്റാണ്ടിൽ തന്നെ അദ്ദേഹത്തിന്റെ കൊച്ചുമകനായ സുൽത്താൻ മഹ്മൂദ് ബെഗഡ സോമനാഥിനെ ആക്രമിക്കുകയും ക്ഷേത്രത്തെ പള്ളിയാക്കി മാറ്റാൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ ശിവഭക്തരുടെ പരിശ്രമത്തിലൂടെ ക്ഷേത്രം വീണ്ടും പുനരുജ്ജീവിപ്പിക്കപ്പെട്ടു.
- 17-ഉം 18-ഉം നൂറ്റാണ്ടുകൾ ഔറംഗസേബിന്റെ ഭരണകാലമായിരുന്നു. അദ്ദേഹം സോമനാഥ ക്ഷേത്രത്തെ അശുദ്ധമാക്കുകയും വീണ്ടും പള്ളിയാക്കി മാറ്റാൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ അഹില്യബായ് ഹോൾക്കർ പുതിയ ക്ഷേത്രം സ്ഥാപിച്ച് സോമനാഥിനെ ഒരിക്കൽ കൂടി ജീവസുറ്റതാക്കി.

> **നമ്മുടെ വിശ്വാസത്തോടും വേരുകളോടും ചേർന്നു നിൽക്കുകയും, പൂർണമായ ആത്മാഭിമാനത്തോടും ബോധത്തോടും കൂടി നമ്മുടെ പൈതൃകത്തെ സംരക്ഷിക്കുകയും ചെയ്യുമ്പോൾ, നമ്മുടെ നാഗരികതയുടെ അടിത്തറയും കരുത്താർജിക്കുന്നു. അതിനാൽ, കഴിഞ്ഞ ആയിരം വർഷത്തെ ഈ യാത്ര വരാനിരിക്കുന്ന അടുത്ത ആയിരം വർഷത്തേക്ക് സജ്ജരാകാൻ നമ്മെ പ്രചോദിപ്പിക്കുന്നു.**
>
> **നരേന്ദ്ര മോദി,** ***പ്രധാനമന്ത്രി***

"വികസനവും പൈതൃകവും" എന്ന മനോഭാവം സോമനാഥിൽ നിരന്തരമായി സാക്ഷാത്കരിക്കപ്പെടുന്നു. ഇന്ന് ഒരുവശത്ത്, സോമനാഥ ക്ഷേത്രത്തിന്റെ സാംസ്കാരികമായ വിപുലീകരണം, സോമനാഥ് സംസ്കൃത സർവകലാശാലയുടെ സ്ഥാപനം, മാധവ്പുർ മേളയുടെ പ്രശസ്തിയും ഊർജസ്വലതയും എന്നിവ പൈതൃകത്തെ ശക്തിപ്പെടുത്തുന്നു. കൂടാതെ ഗിർ സിംഹങ്ങളുടെ സംരക്ഷണം ഈ മേഖലയുടെ പ്രകൃതിദത്തമായ ആകർഷണം വർദ്ധിപ്പിക്കുന്നു. അതേസമയം തന്നെ മറുവശത്ത്, പ്രഭാസ് പാടൺ മേഖലയിൽ വികസനത്തിന്റെ പുതിയ തലങ്ങൾ സൃഷ്ടിക്കപ്പെടുന്നു. കേശോദ് വിമാനത്താവളം വികസിപ്പിക്കുകയാണ്. ഇതു രാജ്യത്തിനകത്തും പുറത്തുമുള്ള ഭക്തർക്ക് നേരിട്ടു സോമനാഥിലേക്ക് എത്താൻ സൗകര്യമൊരുക്കുമെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. ഇന്നത്തെ ഇന്ത്യ അതിന്റെ വിശ്വാസങ്ങളെ സ്മരിക്കുക മാത്രമല്ല ചെയ്യുന്നത്; മറിച്ച് അടിസ്ഥാനസൗകര്യങ്ങൾ, സമ്പർക്കസൗകര്യങ്ങൾ, സാങ്കേതികവിദ്യ എന്നിവയിലൂടെ ഭാവിയിലേക്കുകൂടി അതിനെ ശാക്തീകരിക്കുകയാണ്.



# സമ്പന്നരായ കർഷകർ പുരോഗമിക്കുന്ന ഇന്ത്യ

**കൃഷിയാണ് സ്വാശ്രയ ഇന്ത്യയുടെ അടിത്തറ. കർഷകർക്ക് ഉല്പാദനച്ചെലവിന്റെ ഒന്നരമടങ്ങ് ഉറപ്പാക്കിക്കൊണ്ട് താങ്ങുവില (MSP) വർദ്ധിപ്പിക്കുന്നതായാലും, കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതായാലും, അല്ലെങ്കിൽ 2019 ഫെബ്രുവരി 1-ലെ കേന്ദ്ര ബജറ്റിൽ അവതരിപ്പിച്ച പി.എം. കിസാൻ സമ്മാൻ നിധി പദ്ധതിയിലൂടെ കർഷകരെ സാമ്പത്തികമായി ശാക്തീകരിക്കാനുള്ള സംരംഭമായാലും - ഇത് വെറുമൊരു വാഗ്ദാനമല്ല, മറിച്ച് കേന്ദ്ര ഗവണ്മെന്റിന്റെ ഉറച്ച പ്രതിജ്ഞാബദ്ധതയാണ്. ഇന്ന് വിത്തു മുതൽ വിപണി വരെ, രാജ്യത്തെ കർഷകരുടെ ക്ഷേമത്തിന് ഗവണ്മെന്റ് പ്രഥമ പരിഗണന നൽകുന്നു.  വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിൽ കർഷകർ നിർണ്ണായക പങ്ക് വഹിക്കുന്നു എന്നതാണ് കാരണം. അതിനാൽ, കർഷകരെ ശാക്തീകരിക്കുന്നതിനായി കൃഷിയുടെ എല്ലാ ഘട്ടങ്ങളിലും - വിതയ്ക്കുന്നതിന് മുമ്പും, വിതയ്ക്കുന്ന വേളയിലും, വിളവെടുപ്പിന് ശേഷവും - വിവിധ പദ്ധതികളിലൂടെയും നയങ്ങളിലൂടെയും ഉദ്യമങ്ങളിലൂടെയും ശ്രദ്ധ പുലർത്തുന്നു. ഇന്ത്യയുടെ വികസന യാത്രയിലെ നിർണ്ണായക ശക്തിയായ കർഷകർക്ക് ഒരു പുതിയ യുഗം പിറന്നിരിക്കുന്നു...**



सुवर्ण-रौप्य-माणिक्य-वसनैरपि पूरिताः।
तथापि प्रार्थयन्त्येव किसानान् भक्ततृष्णया।।

പ്രധാനമന്ത്രി നരേന്ദ്ര മോദി അടുത്തിടെ പങ്കുവെച്ച ഈ സംസ്കൃത ശ്ലോകത്തിന്റെ അർത്ഥം, സ്വർണ്ണവും വെള്ളിയും മാണിക്യവും വിലപിടിപ്പുള്ള വസ്ത്രങ്ങളും സ്വന്തമായുണ്ടെങ്കിൽ പോലും, ഭക്ഷണത്തിനായി മനുഷ്യർക്ക് കർഷകരെ തന്നെ ആശ്രയിക്കേണ്ടി വരും എന്നാണ്.

कृषिर्धन्या कृषिर्मेध्या जन्तूनां जीवनं कृषिः

കൃഷിയുടെ പ്രാധാന്യത്തെ ഈ വാക്യം എടുത്തുകാണിക്കുന്നു. ഇതിനർത്ഥം, 'കൃഷി അനുഗ്രഹീതമാണ്, കൃഷി പവിത്രമാണ്, കൃഷി എല്ലാ ജീവജാലങ്ങളുടെയും ജീവനാണ്' മനുഷ്യർക്ക് മാത്രമല്ല, ഭൂമിയിലെ സകല ജീവജാലങ്ങൾക്കും കൃഷി അത്യന്താപേക്ഷിതമാണെന്ന് ഈ വരികൾ ഊന്നിപ്പറയുന്നു.

**ജയ് ജവാൻ, ജയ് കിസാൻ**

കർഷകൻ രാജ്യത്തിന്റെ നിശബ്ദ പോരാളിയാണ്. പാടത്ത് വിയർപ്പൊഴുക്കി അന്നം നൽകുന്ന കർഷകൻ, യുദ്ധക്കളത്തിലെ സൈനികനെപ്പോലെ തന്നെ പ്രധാനപ്പെട്ടവനാണെന്നാണ് ഇത് അർത്ഥമാക്കുന്നത്. സൈന്യം ഭക്ഷണത്തെ ആശ്രയിക്കുന്നു; കർഷകൻ അന്നം ഉൽപ്പാദിപ്പിച്ചില്ലെങ്കിൽ സൈനികരുടെ വീര്യം വ്യർഥമാവിലാകും. യുദ്ധസമയത്ത് കർഷകന്റെ പങ്ക് കൂടുതൽ നിർണ്ണായകമാകുന്നു, കാരണം കർഷകൻ നൽകുന്ന ആഹാരമാണ് സൈനികരുടെ മനോവീര്യവും കരുത്തും സഹനശക്തിയും നിലനിർത്തുന്നത്.

आरती लिये तू किसे ढूंढता है मूरख,
मन्दिरों, राजप्रासादों में, तहखानों में ?
देवता कहीं सड़कों पर गिट्टी तोड़ रहे,
देवता मिलेंगे खेतों में, खलिहानों में।

– രാംധാരി സിംഗ് ദിനകർ

**സർദാർ വല്ലഭായ് പട്ടേൽ പറഞ്ഞിരുന്നു,**

'ഈ ഭൂമിയിൽ തലയുയർത്തിപ്പിടിച്ച് നടക്കാൻ ആർക്കെങ്കിലും അവകാശമുണ്ടെങ്കിൽ, അത് സമ്പത്തും ധാന്യങ്ങളും ഉൽപ്പാദിപ്പിക്കുന്ന കർഷകനാണ്.'

ഒരു രാഷ്ട്രത്തിന് കൃഷിയും കർഷകരും എത്രത്തോളം പ്രധാനമാണെന്ന് ഈ ഉദ്ധരണി വ്യക്തമാക്കുന്നു. കർഷകർ വെറും അന്നദാതാക്കൾ മാത്രമല്ല, മറിച്ച് രാജ്യത്തിന്റെ നട്ടെല്ലും സമാധാനത്തിന്റെയും യുദ്ധത്തിന്റെയും അടിസ്ഥാനവുമാണെന്ന് ഇത് കാണിച്ചുതരുന്നു. വാൾ കൊണ്ട് മാത്രമല്ല, കലപ്പ കൊണ്ടും ഒരു രാജ്യം സംരക്ഷിക്കപ്പെടുന്നു; പാടത്ത് ധാന്യം വിളയിക്കുന്നവൻ യുദ്ധങ്ങൾ ജയിക്കുന്നതിനുള്ള അടിത്തറ പാകുന്നു. സൈനികരും കർഷകരും ഒരുപോലെ രാജ്യത്തിന്റെ കാവൽക്കാരാണ്. ഈ ചിന്താഗതിയാണ് പുതിയ ഇന്ത്യയിലെ കൃഷിയുടെയും കർഷകക്ഷേമത്തിന്റെയും അടിസ്ഥാനം. വികസിത ഇന്ത്യ കെട്ടിപ്പടുക്കുന്നതിൽ രാജ്യത്തിന്റെ അന്നദാതാക്കളായ കർഷകർ നിർണ്ണായക പങ്ക് വഹിക്കുന്നു. അതിനാൽ, കർഷകരുടെ താൽപ്പര്യങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് കേന്ദ്ര ഗവണ്മെന്റ് രാപ്പകൽ പ്രവർത്തിക്കുന്നു. ഇന്ന്, വിത്തു മുതൽ വിപണി വരെ കേന്ദ്രഗവണ്മെന്റ് കർഷകർക്കൊപ്പം നിൽക്കുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ഇന്ത്യയുടെ വികസന യാത്രയുടെ പ്രധാന ഭാഗമാണ് കൃഷിയും അനുബന്ധ മേഖലകളും. അന്നദാതാവായ ഇന്ത്യൻ കർഷകൻ ഇന്ന് വികസന യാത്രയിലെ പങ്കാളിയായി മാറിയത് ഉന്നത നേതൃത്വത്തിന്റെ കാഴ്ചപ്പാടിന്റെ ഫലമാണ്.

വികസിത ഇന്ത്യയ്ക്കായി രാജ്യത്തെ കൃഷിയും വികസിതമാകണം. അതിന്റെ എല്ലാ വശങ്ങളിലും കേന്ദ്ര ഗവൺമെന്റ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഉദാഹരണത്തിന്, കർഷകർക്ക് അവരുടെ വിളകൾക്ക് എങ്ങനെ ശരിയായ വില ലഭിക്കും? കൃഷിയുമായി ബന്ധപ്പെട്ട സമ്പദ്‌വ്യവസ്ഥയെ എങ്ങനെ ശക്തിപ്പെടുത്താം? രാജ്യത്തിന്റെ ആവശ്യത്തിനനുസരിച്ച് എങ്ങനെ വിളകൾ ഉൽപ്പാദിപ്പിക്കാം? ഇന്ത്യയുടെ ആവശ്യങ്ങൾക്കൊപ്പം ലോകത്തിന്റെ ആവശ്യങ്ങൾ കൂടി എങ്ങനെ നിറവേറ്റാം? രാജ്യത്തിന് എങ്ങനെ ലോകത്തിന്റെ 'ഭക്ഷണക്കൂട' ആയി മാറാം? കാലാവസ്ഥാ വ്യതിയാനമെന്ന വെല്ലുവിളിയെ നമുക്ക് എങ്ങനെ നേരിടാം? കുറഞ്ഞ വെള്ളത്തിൽ എങ്ങനെ കൂടുതൽ ധാന്യം ഉൽപ്പാദിപ്പിക്കാം? എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.



## സാമ്പത്തിക ശാക്തീകരണം

### പിഎം കിസാൻ സമ്മാൻ നിധി

**21 ഗഡുക്കളിലായി ഡി.ബി.ടി (DBT) വഴി 4.09 ലക്ഷം കോടിയിലധികം രൂപ കർഷകർക്ക് നേരിട്ട് കൈമാറി**


- പി.എം. കിസാൻ പദ്ധതിക്ക് കീഴിൽ 9.34 കോടിയിലധികം ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭിച്ചു, ഇവരുടെ ഇ-കെ.വൈ.സി (e-KYC) നടപടികളും പൂർത്തിയായി. ഇനി രാജ്യത്തെ 42.85 ലക്ഷം കർഷകർ കൂടി ഇ-കെ.വൈ.സി പൂർത്തിയാക്കാനുണ്ട്.
- കൃഷിഭൂമിയുള്ള കർഷകർക്ക് വരുമാന സഹായം നൽകുന്ന പദ്ധതിയാണ് പി.എം. കിസാൻ. ഈ പദ്ധതി പ്രകാരം പ്രതിവർഷം 6,000 രൂപ വീതം മൂന്ന് തുല്യ ഗഡുക്കളായി കർഷകർക്ക് നൽകുന്നു.

***ഇന്റർനാഷണൽ ഫുഡ് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള ഗവേഷണ കണ്ടെത്തലുകൾ സൂചിപ്പിക്കുന്നത്, പി.എം. കിസാൻ പദ്ധതി കർഷകരുടെ സാമ്പത്തിക പ്രയാസങ്ങൾ കുറയ്ക്കുകയും അവരുടെ നഷ്ടസാധ്യത എടുക്കാനുള്ള ശേഷി വർദ്ധിപ്പിക്കുകയും ചെയ്തു എന്നാണ്. കൃഷി ആവശ്യങ്ങൾക്ക് പുറമെ, വിദ്യാഭ്യാസം, ചികിൽസ, വിവാഹം തുടങ്ങിയ മറ്റ് ചെലവുകൾ നിറവേറ്റുന്നതിനും ഈ തുക ഉപയോഗിക്കപ്പെട്ടിട്ടുണ്ട്.***

***നിതി ആയോഗിന്റെ പഠനമനുസരിച്ച്, ഗുണഭോക്തൃ കർഷകരിൽ 85 ശതമാനത്തിലധികവും അഭിപ്രായപ്പെട്ടത് പി.എം. കിസാൻ പദ്ധതി കാർഷിക വരുമാനം വർദ്ധിപ്പിക്കാൻ സഹായിച്ചു എന്നാണ്. കൂടാതെ, വിളനാശം സംഭവിക്കുമ്പോഴോ വൈദ്യസഹായം ആവശ്യമായി വരുമ്പോഴോ അനൗദ്യോഗിക വായ്പകളെ (കൂടിയ പലിശയ്ക്കുള്ള കടം വാങ്ങൽ) ആശ്രയിക്കുന്നത് കുറയ്ക്കാൻ ഈ പദ്ധതി കാരണമായതായും പഠനം വ്യക്തമാക്കുന്നു.***

**കൃഷി, കർഷകക്ഷേമ ബജറ്റിൽ 480% വർദ്ധന**






### പി.എം. ധൻധാന്യ കൃഷി യോജന

- 24,000 കോടി രൂപയുടെ അടങ്കൽ തുകയോടെയുള്ള 'പ്രധാൻമന്ത്രി ധൻധാന്യ കൃഷി യോജന' 2025 ഒക്ടോബർ 11-ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു.
- മൂന്ന് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ പദ്ധതിക്കായി 100 ജില്ലകളെ തിരഞ്ഞെടുത്തത്: ഓരോ കൃഷിയിടത്തിലെയും വിളവ്, കൃഷി ചെയ്യുന്നതിന്റെ ആവൃത്തി, വായ്പകൾ ലഭിക്കാനുള്ള എളുപ്പം എന്നിവയാണവ.
- 11 മന്ത്രാലയങ്ങളുടെ കീഴിലുള്ള 36 ഉപപദ്ധതികളെ ഏകോപിപ്പിച്ചുകൊണ്ട് 'ആസ്പിരേഷണൽ' ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.
- ലക്ഷ്യം: തിരഞ്ഞെടുത്ത 100 ജില്ലകളിൽ കാർഷിക ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, വിള വൈവിധ്യവൽക്കരണം ഉറപ്പാക്കുക, സുസ്ഥിര കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുക, വിളവെടുപ്പിന് ശേഷമുള്ള സംഭരണ സൗകര്യങ്ങൾ വിപുലീകരിക്കുക, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ഹ്രസ്വകാല-ദീർഘകാല വായ്പകൾ എളുപ്പത്തിൽ ലഭ്യമാക്കുക.

**ഹാനികരമായ രാസവസ്തുക്കളിൽ നിന്ന് ഭൂമിയെ എങ്ങനെ സംരക്ഷിക്കാം? കൃഷിയെ എങ്ങനെ ആധുനികവൽക്കരിക്കാം? ശാസ്ത്രവും സാങ്കേതികവിദ്യയും എങ്ങനെ പാടശേഖരങ്ങളിലേക്ക് എത്തിക്കാം? ഇന്ത്യൻ കൃഷി വികസിത ഭാരതത്തിന്റെ ഒരു പ്രധാന സ്തംഭമായി മാറുന്നതിന് വേണ്ടി കഴിഞ്ഞ 11 വർഷത്തിനിടെ കേന്ദ്ര ഗവണ്മെന്റ് ഇത്തരം നിരവധി വിഷയങ്ങൾ കൈകാര്യം ചെയ്തിട്ടുണ്ട്.**

**കർഷക ശാക്തീകരണത്തിന്റെ ഒരു പുതിയ യുഗം**

ഇന്ത്യൻ ജനസംഖ്യയുടെ ഏകദേശം 68 ശതമാനവും ഗ്രാമപ്രദേശങ്ങളിലാണ് താമസിക്കുന്നത്, അവരുടെ ഉപജീവന മാർഗ്ഗം പൂർണ്ണമായും കൃഷിയെയോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട മേഖലകളെയോ ആണ് ആശ്രയിച്ചിരിക്കുന്നത്. അതിനാൽ, കൃഷി ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലാണ്, കൂടാതെ രാജ്യത്തെ തൊഴിൽ ശക്തിയുടെ ഏകദേശം 44 ശതമാനവും കൃഷിയിലും അനുബന്ധ മേഖലകളിലും ജോലി ചെയ്യുന്നു. കൃഷി എപ്പോഴും നമ്മുടെ വികസന യാത്രയുടെ നിർണ്ണായക ഭാഗമാണ്. കാലം മാറുന്നതിനനുസരിച്ച് കൃഷിക്ക് ഗവണ്മെന്റിന്റെ പിന്തുണ ലഭിക്കേണ്ടത് അത്യാവശ്യമാണ്, എന്നാൽ നിർഭാഗ്യവശാൽ, സ്വാതന്ത്ര്യാനന്തരം കാർഷിക മേഖലയ്ക്ക് അർഹമായ ശ്രദ്ധ ലഭിച്ചില്ല. കൃഷിയെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാടിന്റെ അഭാവമുണ്ടായിരുന്നു. കൃഷിയുമായി ബന്ധപ്പെട്ട ഗവൺമെന്റിന്റെ വിവിധ വകുപ്പുകൾ പരസ്പര ധാരണയില്ലാതെ വേറിട്ടാണ് പ്രവർത്തിച്ചിരുന്നത്, ഇതിന്റെ ഫലമായി ഇന്ത്യയുടെ കാർഷിക വ്യവസ്ഥ പുരോഗതി നേടിയില്ല.

## ഉൽപ്പന്നങ്ങൾക്ക് അനുയോജ്യമായ വിപണിയും കർഷകർക്ക് ന്യായമായ വിലയും

### പി.എം. കൃഷി ഉഡാൻ പദ്ധതി



- 2021-ൽ ആരംഭിച്ച കൃഷി ഉഡാൻ പദ്ധതിക്ക് നന്ദി, ഗുവാഹത്തിയിൽ നിന്നുള്ള 'കിംഗ് ചില്ലി', ബർമ്മീസ് മുന്തിരി, അസമീസ് നാരങ്ങകൾ, ത്രിപുരയിൽ നിന്നുള്ള 'ചക്ക', ബിഹാറിലെ വിവിധ ജില്ലകളിൽ നിന്നുള്ള 'ലിച്ചി' എന്നിവ ഇപ്പോൾ രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലേക്കും വിദേശത്തേക്കും എളുപ്പത്തിൽ എത്തുന്നു.

- നിലവിൽ 35 വിമാനത്താവളങ്ങളിൽ ശീതീകരണ സംഭരണ സൗകര്യങ്ങൾ ലഭ്യമാണ്. ഈ പദ്ധതിക്ക് കീഴിൽ ആകെ 58 വിമാനത്താവളങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ, മലയോര-ഗോത്രമേഖലകൾ എന്നിവിടങ്ങളിലെ 25 വിമാനത്താവളങ്ങളിലാണ് പദ്ധതി പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.



### കാർഷികോൽപ്പന്ന കയറ്റുമതി

- കാർഷിക, കാർഷിക അനുബന്ധ ഉൽപ്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും ആഗോള വ്യാപാരത്തിൽ ഇന്ത്യയുടെ വിഹിതം ഉയർത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഗവണ്മെന്റ് നടത്തിവരുന്നു.
- 2024-25 വർഷത്തിൽ കാർഷിക അനുബന്ധ ഉൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ 51.9 ബില്യൺ യുഎസ് ഡോളർ എന്ന റെക്കോർഡ് നേട്ടം കൈവരിക്കാൻ ഇന്ത്യയ്ക്ക് സാധിച്ചു.


### ഇ-നാം

- കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് മികച്ച വില ലഭ്യമാക്കുന്നതിനായി ഇലക്ട്രോണിക് നാഷണൽ അഗ്രികൾച്ചർ മാർക്കറ്റ് (e-NAM) ആരംഭിച്ചു. ഇതുവരെ 4.40 ലക്ഷം കോടി രൂപയിലധികം മൂല്യമുള്ള കാർഷിക ഉൽപ്പന്നങ്ങൾ e-NAM വഴി വിപണനം ചെയ്തിട്ടുണ്ട്.
- 1.79 കോടിയിലധികം കർഷകരും, 3.90 ലക്ഷം വ്യാപാരികളും കമ്മീഷൻ ഏജന്റുമാരും, 4,642 കർഷക ഉൽപ്പാദക സംഘടനകളും ഈ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2025 ഡിസംബർ 31-ലെ കണക്കനുസരിച്ച് 27 സംസ്ഥാനങ്ങളിലായി 1,522 മണ്ടികൾ (വിപണികൾ) ഇതിലൂടെ ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു.

### താങ്ങുവിലയിലെ (MSP) വർദ്ധന

- 2018-19 മുതൽ, നിശ്ചയിക്കപ്പെട്ട എല്ലാ ഖാരീഫ്, റാബി, മറ്റ് വാണിജ്യ വിളകൾക്കും അഖിലേന്ത്യാ ശരാശരി ഉൽപ്പാദനച്ചെലവിന്റെ കുറഞ്ഞത് 50 ശതമാനം എങ്കിലും ലാഭം ഉറപ്പാക്കുന്ന രീതിയിൽ ഗവണ്മെന്റ് താങ്ങുവില വർദ്ധിപ്പിച്ചു. കഴിഞ്ഞ ദശകത്തിലെ ഇതേ കാലയളവിനുള്ളിൽ ഗവണ്മെന്റ് നടത്തിയ ഭക്ഷ്യധാന്യ സംഭരണം 761.40 ലക്ഷം മെട്രിക് ടണ്ണിൽ നിന്ന് 1,175 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നു.

**താങ്ങുവില പ്രകാരം കർഷകർക്ക് നൽകിയ പണം ഏകദേശം മൂന്നിരട്ടിയായി വർദ്ധിച്ചു**







> **ഇന്ത്യൻ കൃഷിയെയും ഗ്രാമീണ പുരോഗതിയെയും പരിവർത്തനം ചെയ്യുന്നതിൽ സ്ത്രീകളുടെ പങ്ക് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കാർഷിക വിളകളിലായാലും, മൃഗസംരക്ഷണത്തിലായാലും, പ്രകൃതിദത്ത കൃഷിയിലായാലും, ഗ്രാമീണ സമ്പദ് വ്യവസ്ഥയിലെ നേതൃ സ്ഥാനത്തേയ്ക്ക് സ്ത്രീകൾ ഉയർന്നുവരുന്നു.**
>
> - *പ്രധാനമന്ത്രി* **നരേന്ദ്ര മോദി**

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഇന്ത്യയുടെ ദ്രുതഗതിയിലുള്ള വികസനത്തിന് രാജ്യത്തിന്റെ കാർഷിക വ്യവസ്ഥ മെച്ചപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമായിരുന്നു. അതിനാൽ, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ 2014 മുതൽ കാർഷിക മേഖലയിൽ ഘട്ടം ഘട്ടമായുള്ള പരിഷ്കാരങ്ങൾക്ക് തുടക്കമായി. കർഷകരെ ശാക്തീകരിക്കുന്നതിനും അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമാണ് ഏറ്റവും വലിയ മുൻഗണന നൽകിയത്. കഴിഞ്ഞ 11 വർഷത്തിനിടയിൽ ചരിത്രപരമായ പരിഷ്കാരങ്ങളുടെ അടിത്തറ പാകിക്കഴിഞ്ഞു. ഇതിന്മേലാണ് അമൃതകാലത്ത് (ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ നൂറാം വാർഷികത്തിലേക്കുള്ള കാലയളവ്) നവഭാരതത്തിന്റെ നിർമ്മിതി ഉയരുന്നത്. ഈ പരിഷ്കാരങ്ങളിൽ കാർഷിക മേഖല നിർണ്ണായകമായ പങ്കുവഹിക്കുന്നു.



## കാർഷിക അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ

### കാർഷിക അടിസ്ഥാന സൗകര്യ ഫണ്ട്

കാർഷിക പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഒരു ലക്ഷം കോടി രൂപയുടെ 'അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്' ആരംഭിച്ചു. ഈ പദ്ധതി പ്രകാരം 3 ശതമാനം പലിശ നിരക്കിൽ 2 കോടി രൂപ വരെ സാമ്പത്തിക സഹായം നൽകുന്നു. കൂടാതെ, ഇതിന് വായ്പാ പരിരക്ഷയും ലഭ്യമാണ്.

- 2025 ഒക്ടോബർ 30-ലെ കണക്കനുസരിച്ച്, കാർഷിക അടിസ്ഥാന സൗകര്യ ഫണ്ടിന് കീഴിൽ 1,34,372 പദ്ധതികൾക്കായി 75,140 കോടി രൂപ അനുവദിച്ചു. ഇത് കാർഷിക മേഖലയിൽ 1.20 ലക്ഷം കോടി രൂപയുടെ നിക്ഷേപം ആകർഷിക്കാൻ ഇടയാക്കും.

### ലോകത്തിലെ ഏറ്റവും വലിയ ധാന്യ സംഭരണ പദ്ധതി

- സഹകരണ മേഖലയിലെ ലോകത്തിലെ തന്നെ ഏറ്റവും വലിയ ധാന്യ സംഭരണ പദ്ധതിക്ക് 2023 മെയ് 31-ന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. ഇതിന്റെ പ്രാരംഭ പ്രോജക്റ്റിന് കീഴിൽ, 11 സംസ്ഥാനങ്ങളിലായി 11 പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ (PACS) ഗോഡൗണുകളുടെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു.


ഈ പദ്ധതിക്കായി **500** ലധികം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ തിരിച്ചറിഞ്ഞിട്ടുണ്ട്. ഇതിൽ 108 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു, അതിൽ 24 എണ്ണം പൂർത്തിയായിക്കഴിഞ്ഞു. 2026 ഡിസംബറോടെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയാക്കുക എന്നതാണ് ലക്ഷ്യം.



### കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ ശൃംഖല വിപുലീകരിക്കുന്നു

- ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ കേന്ദ്രങ്ങൾ, കർഷകർക്ക് പരിശീലനം നൽകുന്ന കാര്യത്തിൽ മുൻപന്തിയിലാണ്.
- 2021-22 നും 2023-24 നും ഇടയിൽ, കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ 58.02 ലക്ഷം കർഷകർക്ക് പരിശീലനം നൽകി. കൂടാതെ 2024-25 വർഷത്തിൽ മാത്രം 19 ലക്ഷത്തിലധികം കർഷകർക്ക് പരിശീലനം നൽകുകയുണ്ടായി.
- പ്രാദേശിക സാഹചര്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ തയ്യാറാക്കിയ അത്യാധുനിക കാർഷിക ശാസ്ത്രം, കന്നുകാലി സംരക്ഷണം, മണ്ണ് പരിശോധനയും ആരോഗ്യവും, വിളവെടുപ്പിന് ശേഷമുള്ള സാങ്കേതികവിദ്യകൾ തുടങ്ങിയ കോഴ്സുകൾ കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ വാഗ്ദാനം ചെയ്യുന്നു.

### നിർമ്മിതബുദ്ധി അധിഷ്ഠിത കാലാവസ്ഥാ പ്രവചനം



ഈ സവിശേഷമായ പദ്ധതിക്ക് കീഴിൽ, കഴിഞ്ഞ വർഷം **3.8** കോടി കർഷകർക്ക് എം-കിസാൻ പോർട്ടലിലൂടെ 5 പ്രാദേശിക ഭാഷകളിൽ AI അധിഷ്ഠിത മൺസൂൺ പ്രവചനങ്ങൾ ലഭിച്ചു.

2019 ഫെബ്രുവരി 1-ലെ ഇടക്കാല ബജറ്റ്, കാർഷിക മേഖലയെയും കർഷകരെയും ശാക്തീകരിക്കുന്ന കാലഘട്ടത്തിന്റെ ഒരു പുതിയ അധ്യായത്തിന് തുടക്കം കുറിച്ചു. കർഷകരെ സാമ്പത്തികമായി ശാക്തീകരിക്കുന്നതിനും ആവശ്യഘട്ടങ്ങളിൽ സ്വകാര്യ പണമിടപാടുകാരുടെ പിടിയിൽ നിന്ന് അവരെ സംരക്ഷിക്കുന്നതിനുമുള്ള വിപ്ലവകരമായ പദ്ധതിയായ 'പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി' (PM-KISAN) ഈ ബജറ്റിലാണ് പ്രഖ്യാപിച്ചത്. കേന്ദ്ര ഗവൺമെന്റിന്റെ നയവും ലക്ഷ്യവും തീരുമാനങ്ങളും എങ്ങനെ ഒരുമിച്ച് പ്രവർത്തിക്കുന്നു എന്നതിന്റെ ഉത്തമ ഉദാഹരണമാണ് ഈ പദ്ധതി. 2019 ഫെബ്രുവരി 1-ന് പ്രഖ്യാപിച്ച ഈ പദ്ധതി, 2018 ഡിസംബർ 1 മുതൽ മുൻകാല പ്രാബല്യത്തോടെ നടപ്പിലാക്കുകയും 2000 രൂപയുടെ ആദ്യ ഗഡു കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് കൈമാറുകയും ചെയ്തു.

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് ശേഷമുള്ള ഏറ്റവും വലിയ കർഷക പദ്ധതിയായി ഇത് മാറി. വിത്തു മുതൽ വിപണി വരെ കർഷകരുടെ താൽപ്പര്യാർത്ഥമുള്ള എണ്ണമറ്റ പരിഷ്കാരങ്ങളാണ് നടപ്പിലാക്കിയത്. ഇതിന്റെ ഫലമായി കഴിഞ്ഞ 11 വർഷത്തിനിടയിൽ ഇന്ത്യയുടെ കാർഷിക കയറ്റുമതി ഏകദേശം ഇരട്ടിയായി വർദ്ധിച്ചു. ഭക്ഷ്യധാന്യ ഉൽപ്പാദനം ഏകദേശം 900 ലക്ഷം മെട്രിക് ടണ്ണും പഴം, പച്ചക്കറി ഉൽപ്പാദനം 640 ലക്ഷം മെട്രിക് ടണ്ണിലധികവും വർദ്ധിച്ചു.

## കർഷകരുടെ ജീവിതത്തിന് ഒരു സുരക്ഷാ കവചം

### കിസാൻ ക്രെഡിറ്റ് കാർഡ്

- 2019-ൽ കിസാൻ ക്രെഡിറ്റ് കാർഡ് (KCC) പദ്ധതി മൃഗ സംരക്ഷണം, ക്ഷീരമേഖല, മത്സ്യബന്ധനം എന്നിവയിലേക്കും വ്യാപിപ്പിച്ചു. 2025-26 ബജറ്റിൽ, ഇതിലൂടെ ലഭിക്കുന്ന വായ്പാ പരിധി 3 ലക്ഷം രൂപയിൽ നിന്ന് 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു

**7.7** കോടിയിലധികം കർഷകർ, മത്സ്യത്തൊഴിലാളികൾ, ക്ഷീരകർഷകർ എന്നിവർ കിസാൻ ക്രെഡിറ്റ് കാർഡിന്റെ പ്രയോജനം നേടുന്നു.

2024-25 വർഷത്തിൽ കിസാൻ ക്രെഡിറ്റ് കാർഡ് ഗുണഭോക്താക്കൾക്കായി **10** ലക്ഷം കോടി രൂപയിലധികം വായ്പയായും, 1.62 ലക്ഷം കോടി രൂപയിലധികം പലിശ സബ്സിഡിയായും നൽകി.

### കർഷക ഉല്പാദക സംഘടനകൾ

- ഇന്ത്യയിലുടനീളം പതിനായിരത്തിലധികം എഫ്.പി.ഒ-കൾ കർഷകരെ ശാക്തീകരിച്ചു. 2025 ഒക്ടോബർ മാസത്തെ കണക്കനുസരിച്ച് രാജ്യത്തുടനീളമുള്ള 52 ലക്ഷം കർഷകർ എഫ്.പി.ഒ-കളിൽ ചേർന്നു കഴിഞ്ഞു.
- 1,100 എഫ്.പി.ഒ-കൾ 15,000 കോടി രൂപയിലധികം വിറ്റുവരവ് രേഖപ്പെടുത്തിക്കൊണ്ട് 'കോടിപതി'കളായി മാറി. 2027-28 സാമ്പത്തിക വർഷം വരെ ഈ പദ്ധതിക്കായി 6,800 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.




### പി എം – മാൻ ധൻ

- പ്രധാൻമന്ത്രി കിസാൻ മാൻ ധൻ യോജന 18 മുതൽ 40 വയസ്സ് വരെ പ്രായമുള്ളവർക്കായുള്ള സ്വമേധയാ ഉള്ള പെൻഷൻ പദ്ധതിയാണ്. 60 വയസ്സ് തികയുമ്പോൾ പ്രതിമാസം കുറഞ്ഞത് 3,000 രൂപ പെൻഷൻ ഇതിലൂടെ ഉറപ്പാക്കുന്നു.
- 2025 ജൂലൈ വരെ 24.88 ലക്ഷം പേർ ഈ പദ്ധതിക്ക് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്

## ശ്രീ അന്ന യുടെ (ചെറുധാന്യങ്ങൾ) വിപണനവും വികസനവും

- 2023-നെ അന്താരാഷ്ട്ര ചെറുധാന്യ വർഷമായി പ്രഖ്യാപിച്ചു. 2025 മെയ് മാസത്തോടെ, 2025-26 വിപണന സീസണിലേക്കുള്ള റാഗിയുടെ കുറഞ്ഞ താങ്ങുവിലയ്ക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. ക്വിന്റലിന് 596 രൂപയുടെ വർദ്ധനയാണ് രേഖപ്പെടുത്തിയത്, ഇത് ചരിത്രത്തിലെ രണ്ടാമത്തെ ഏറ്റവും വലിയ വർദ്ധനയാണ്.
- 2024-25 വർഷത്തിൽ ഇന്ത്യ 180.15 ലക്ഷം ടൺ ചെറുധാന്യങ്ങൾ (Millets) ഉൽപ്പാദിപ്പിക്കുകയും 89,000 ടണ്ണിലധികം കയറ്റുമതി ചെയ്യുകയും ചെയ്തു. ഉൽപ്പാദനത്തിൽ രാജസ്ഥാനാണ് മുൻപന്തിയിൽ, മഹാരാഷ്ട്രയും കർണാടകയുമാണ് തൊട്ടുപിന്നാലെയുള്ളത്.



ഇന്ത്യ ഇന്ന് ലോകത്തിലെ ഒന്നാമത്തെ പാൽ ഉൽപ്പാദക രാജ്യവും രണ്ടാമത്തെ വലിയ മത്സ്യ ഉൽപ്പാദക രാജ്യവുമാണ്. 11 വർഷം മുമ്പുള്ളതിനേക്കാൾ ഏകദേശം ഇരട്ടി തേൻ ഇന്ത്യ ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്നു. ആറോ ഏഴോ വർഷം മുമ്പ് തേൻ കയറ്റുമതിയുടെ മൂല്യം ഏകദേശം 450 കോടി രൂപയായിരുന്നുവെങ്കിൽ, ഈയിടെ കയറ്റുമതി 1,500 കോടി രൂപ കടന്നു. ഈ മൂന്നിരട്ടി വർദ്ധന കർഷകർക്ക് മൂന്നിരട്ടി ഗുണമാണ് നൽകുന്നത്.

കഴിഞ്ഞ 11 വർഷത്തിനിടയിൽ മുട്ട ഉൽപ്പാദനവും ഇരട്ടിയായി വർദ്ധിച്ചു. ഈ കാലയളവിൽ രാജ്യത്ത് ആറ് വലിയ വളം നിർമ്മാണ ശാലകൾ സ്ഥാപിക്കപ്പെട്ടു. 25 കോടിയിലധികം മണ്ണ് പരിശോധനാ കാർഡുകൾ കർഷകർക്ക് വിതരണം ചെയ്തു, കൂടാതെ സൂക്ഷ്മ ജലസേചന സൗകര്യങ്ങൾ 100 ലക്ഷം ഹെക്ടർ ഭൂമിയിലേക്ക് എത്തിച്ചേർന്നു. പ്രധാൻ മന്ത്രി ഫസൽ ബീമാ യോജനയ്ക്ക് കീഴിൽ കർഷകർക്ക് ഏകദേശം രണ്ട് ലക്ഷം കോടി രൂപ ക്ലെയിം തുകയായി ലഭിച്ചു. കഴിഞ്ഞ 11 വർഷത്തിനിടയിൽ 10,000-ലധികം കർഷക ഉൽപ്പാദക സംഘടനകളും (FPOs) രൂപീകരിച്ചു.

**നവ ഇന്ത്യയുടെ പ്രയാണം: സമ്പന്നരായ കർഷകർ**

1947-ൽ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചപ്പോൾ രാജ്യം നേരിട്ട ഏറ്റവും വലിയ വെല്ലുവിളികളിലൊന്ന്, മുഴുവൻ ജനങ്ങൾക്കും എങ്ങനെ ഭക്ഷണം നൽകുമെന്നും ആരും വിശന്നുറങ്ങേണ്ടിവരാതിരിക്കാൻ ആവശ്യത്തിന് ഭക്ഷ്യധാന്യങ്ങൾ എവിടെ നിന്ന് ഉൽപ്പാദിപ്പിക്കുമെന്നതുമായിരുന്നു. ഹരിതവിപ്ലവത്തിന്റെ സഹായത്തോടെ രാ



## പരമ്പരാഗത കൃഷിരീതികളിലേക്കും പ്രകൃതിദത്ത കൃഷിയിലേക്കും വർദ്ധിച്ചുവരുന്ന ശ്രദ്ധ

### പരമ്പരാഗത് കൃഷി വികാസ് യോജന

- ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി രാജ്യത്ത് ആരംഭിച്ച ആദ്യത്തെ പ്രധാന പദ്ധതിയാണ് പരമ്പരാഗത് കൃഷി വികാസ് യോജന. 2015-16 കാലയളവിലാണ് ഇത് ആരംഭിച്ചത്.

**പദ്ധതിയുടെ തുടക്കം മുതൽ 2025 ഒക്ടോബർ 31 വരെ 28.34 ലക്ഷം കർഷകർ ഇതിന്റെ ഗുണഭോക്താക്കളായി. പദ്ധതിക്ക് കീഴിൽ 16.90 ലക്ഷം ഹെക്ടർ പ്രദേശം ജൈവകൃഷിയിലേക്ക് കൊണ്ടുവരികയും, ജൈവകൃഷിക്കായി 58,155 ക്ലസ്റ്ററുകൾ രൂപീകരിക്കുകയും ചെയ്തു.**

### ദേശീയ പ്രകൃതി കൃഷി ദൗത്യം

- ഈ ദൗത്യം 2024 നവംബർ 25-ന് ആരംഭിച്ചു. 15,000 ക്ലസ്റ്ററുകളിലൂടെ 7.5 ലക്ഷം ഹെക്ടർ ഭൂമിയിൽ പ്രകൃതിദത്ത കൃഷി വ്യാപിപ്പിക്കുകയാണ് ഈ ദൗത്യം ലക്ഷ്യമിടുന്നത്. ഇതിലൂടെ ഒരു കോടി കർഷകർക്ക് പ്രയോജനം ലഭിക്കും.

2025 ഓഗസ്റ്റ് മാസത്തെ കണക്കനുസരിച്ച്, **14.3** ലക്ഷത്തിലധികം കർഷകർ ദേശീയ പ്രകൃതി കൃഷി ദൗത്യത്തിൽ പങ്കാളികളായി

- 5.45 ലക്ഷത്തിലധികം ഹെക്ടർ ഭൂമിയിൽ നിലവിൽ പ്രകൃതികൃഷി നടപ്പിലാക്കുന്നു. ഇതിനു കീഴിൽ, ഓരോ കർഷകനും രണ്ട് വർഷത്തേക്ക് പ്രതിവർഷം ഏക്കറിന് 4,000 രൂപ വീതം പ്രോത്സാഹനമായി ലഭിക്കും (ഒരാൾക്ക് ഒരു ഏക്കർ എന്ന ക്രമത്തിൽ)

### വടക്കുകിഴക്കൻ മേഖലയ്ക്കായുള്ള ജൈവ മൂല്യ ശൃംഖല വികസന ദൗത്യം

- 2015-16 കാലഘട്ടത്തിൽ ആരംഭിച്ച ഈ പദ്ധതി, വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കാനും ജൈവ ഉൽപ്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കാനും ലക്ഷ്യമിടുന്നു. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 3 വർഷത്തേക്ക് ഹെക്ടറിന് 46,500 രൂപ വീതം ധനസഹായം നൽകുന്നു. 2024-25 കാലയളവിൽ 2.69 ലക്ഷം കർഷകർ ഇതിന്റെ പ്രയോജനം നേടി.

### നാഷണൽ ബാംബൂ മിഷൻ

- നാഷണൽ ബാംബൂ മിഷൻ 23 സംസ്ഥാനങ്ങളിലും ഒരു കേന്ദ്രഭരണ പ്രദേശത്തുമായി (ജമ്മു കശ്മീർ) മുള കൃഷി, സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നു.
- ലോകത്ത് ഏറ്റവും കൂടുതൽ വിസ്തൃതിയിൽ മുള കൃഷി ചെയ്യുന്ന രാജ്യം ഇന്ത്യയാണ് (13.96 ദശലക്ഷം ഹെക്ടർ). മുള വൈവിധ്യത്തിന്റെ കാര്യത്തിൽ ചൈന കഴിഞ്ഞാൽ ലോകത്ത് രണ്ടാം സ്ഥാനത്താണ് ഇന്ത്യ. ഇന്ത്യയിലെ മുള, ചൂരൽ വ്യവസായത്തിന്റെ മൂല്യം ഏകദേശം 28,005 കോടി രൂപയാണ്.



ജ്യത്തെ കർഷകർ ഇത് സാധ്യമാക്കി. എങ്കിലും സ്വാതന്ത്ര്യം ലഭിച്ച് ഏഴ് പതിറ്റാണ്ടുകൾ പിന്നിട്ടിട്ടും കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിരുന്നില്ല. എന്നാൽ ഇപ്പോൾ, കൃഷിയെ ഒരു വ്യവസായം പോലെ രൂപപ്പെടുത്തുന്നതിനും ഇടനിലക്കാരിൽ നിന്ന് മോചിപ്പിക്കുന്നതിനും കർഷകർക്ക് നിയമപരമായ പരിരക്ഷ ലഭിച്ചിരിക്കുന്നു. ഇതിലൂടെ കർഷകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ ഇഷ്ടാനുസരണം വിൽക്കാനും അതുവഴി നേട്ടങ്ങൾ കൈവരിക്കാനും കൃഷിയെ സ്വയംപര്യാപ്ത ഭാരതത്തിന്റെ സുപ്രധാന ഭാഗമാക്കി മാറ്റാനും സാധിക്കും.

ഇത് മുൻനിറുത്തി, 2014 മുതൽ കർഷക ക്ഷേമത്തിനായി കേന്ദ്ര ഗവൺമെന്റ് സുപ്രധാനമായ പല തീരുമാനങ്ങളും എടുത്തു തുടങ്ങിയിരുന്നു. 2016-ൽ ചെങ്കോട്ടയിൽ നിന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ച 'ഒരു രാജ്യം, ഒരു വിപണി' എന്ന ആശയത്തിലൂന്നിയായിരുന്നു ഗവൺമെന്റിന്റെ ഈ നീക്കം. സ്വാതന്ത്ര്യാനന്തരം കർഷകർ കാത്തിരുന്ന ഒരു പരിഷ്കരണമായിരുന്നു ഇത്. ഈ പ്രഖ്യാപനത്തിന് മുൻപ് തന്നെ കേന്ദ്ര ഗവൺമെന്റ് ഇതിനായുള്ള പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി ആരംഭിച്ചിരുന്നു.

2016 ഏപ്രിൽ 14-ന്, 'ഒരു രാജ്യം, ഒരു വിപണി' എന്ന ലക്ഷ്യത്തിലേക്കുള്ള ചുവടുവെപ്പായ ഇ-നാം പ്ലാറ്റ്ഫോം യാഥാർത്ഥ്യമായി. രാജ്യത്തെ എല്ലാ കർ

## വിള സംരക്ഷണത്തിലൂടെയുള്ള സമൃദ്ധിയിലേക്കുള്ള പാത

### പ്രധാൻമന്ത്രി ഫസൽ ബീമാ യോജന

പ്രധാനമന്ത്രി ഫസൽ ബീമ യോജന (PMFBY) 2016 ഫെബ്രുവരി 18-നാണ് ആരംഭിച്ചത്. വന്യമൃഗങ്ങൾ മൂലമുള്ള വിളനാശവും നെൽവയലിലെ വെള്ളക്കെട്ടും ഇപ്പോൾ PMFBY-യുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2026-ലെ ഖാരിഫ് സീസൺ മുതൽ ഇത് രാജ്യവ്യാപകമായി നടപ്പിലാക്കും.

**പദ്ധതിയുടെ തുടക്കം മുതൽ 2026 ജനുവരി 8 വരെയുള്ള കണക്കനുസരിച്ച്,**

**92.92**

**കോടി കർഷകർ 55.48 കോടി ഹെക്ടർ ഭൂമിക്ക് വിള ഇൻഷുറൻസ് പരിരക്ഷ നേടിയിട്ടുണ്ട്. അപേക്ഷകരിൽ 50 ശതമാനത്തിലധികം പേരും ഒബിസി, എസ്‌സി, എസ്ടി വിഭാഗങ്ങളിൽപ്പെട്ട കർഷകരാണ്.**

**കർഷകർക്ക് ക്ലെയിം ഇനത്തിൽ**

**1,91,620**

**കോടി രൂപ വിതരണം ചെയ്തു. കർഷകർ പ്രീമിയമായി അടച്ചത് 39,446 കോടി രൂപ മാത്രമാണ്.**

### രാസ വളങ്ങൾ

45 കിലോഗ്രാം തൂക്കമുള്ള ഒരു ബാഗ് യൂറിയ കർഷകർക്ക് 266 രൂപയ്ക്കാണ് ലഭിക്കുന്നത്. എന്നാൽ ഇതിന്റെ യഥാർത്ഥ വില 1,633 രൂപയിലധികമാണ്. ബാക്കി തുക സബ്‌സിഡിയായി ഗവൺമെന്റ് വഹിക്കുന്നു. അതുപോലെ, 50 കിലോഗ്രാം തൂക്കമുള്ള ഒരു ബാഗ് ഡിഎപി കർഷകർക്ക് 1,350 രൂപയ്ക്ക് ലഭ്യമാണ്. എന്നാൽ ഇതിന്റെ യഥാർത്ഥ വില 3,100 രൂപയാണ്

**14.6** വളം സബ്‌സിഡികൾക്കായി ഗവൺമെന്റ് 14.6 ലക്ഷം കോടി രൂപ ചെലവഴിച്ചു.

2025-ൽ ഏകദേശം **525** ലക്ഷം ടൺ യൂറിയ ഉല്പാദിപ്പിച്ചു.



### മണ്ണിന്റെ ആരോഗ്യം

മണ്ണ് ആരോഗ്യ-ഫലഭൂയിഷ്ഠത പരിപാലന പദ്ധതിയിലൂടെ രാസവളങ്ങളുടെ കൃത്യമായ ഉപയോഗം ഗവൺമെന്റ് പ്രോത്സാഹിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി ഓരോ മൂന്ന് വർഷത്തിലൊരിക്കലെങ്കിലും ഓരോ കൃഷിയിടത്തിനും സോയിൽ ഹെൽത്ത് കാർഡ് നൽകുന്നു.

2014-15-ൽ പദ്ധതി ആരംഭിച്ചത് മുതൽ 2025 ഡിസംബർ 9 വരെ

**25.61** കോടി സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തു. കൂടാതെ, വികസനം ലക്ഷ്യമിടുന്ന 40 ജില്ലകളിലായി 290 ലക്ഷം ഹെക്ടർ ഭൂമിയുടെ സോയിൽ മാപ്പിംഗ് പൂർത്തിയാക്കി.

### വിള വൈവിധ്യവൽക്കരണ പരിപാടി

നെല്ല് പോലുള്ള ധാരാളം വെള്ളം ആവശ്യമുള്ള വിളകളിൽ നിന്ന് പയർവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ, ചെറുധാന്യങ്ങൾ തുടങ്ങിയ ബദൽ വിളകളിലേക്ക് മാറാൻ കർഷകരെ പ്രോത്സാഹിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം

- വ്യത്യസ്ത കാർഷിക-കാലാവസ്ഥാ സാഹചര്യങ്ങൾ, മണ്ണിന്റെ തരങ്ങൾ, കൃഷി രീതികൾ എന്നിവ കണക്കിലെടുത്ത്, വിള വൈവിധ്യവൽക്കരണം ത്വരിതപ്പെടുത്തുന്നതിന്, ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിലെ ശാസ്ത്രജ്ഞർ 25 വിളകളിലായി 184 പുതിയ ഇനങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്.



ഷകർക്കും തുല്യവും സന്തുലിതവുമായ വികസനം ഉറപ്പാക്കുക എന്നതാണ് പ്രധാനമന്ത്രി മോദിയുടെ കാഴ്ചപ്പാട്. കാരണം, അതുവരെ സമ്പന്നരായ വിഭാഗം കർഷകർക്ക് മാത്രമാണ് ആനുകൂല്യങ്ങൾ ലഭിച്ചിരുന്നത്; ഏകദേശം 86 ശതമാനം വരുന്ന ചെറുകിട-നാമമാത്ര കർഷകർക്ക് ഈ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടു. എന്നിരുന്നാലും, കഴിഞ്ഞ 11 വർഷത്തിനിടയിൽ വിതയ്ക്കുന്നതിന് മുൻപും വിതയ്ക്കുന്ന സമയത്തും വിളവെടുപ്പിന് ശേഷവും ഘട്ടം ഘട്ടമായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ രാജ്യത്തെ കർഷകരെ ശാക്തീകരിച്ചു. അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് കേന്ദ്രഗവൺമെന്റ് കുറഞ്ഞ താങ്ങുവില വർദ്ധിപ്പിച്ചു. ഉദാഹരണത്തിന്, ഖാരിഫ് സീസണായാലും റാബി സീസണായാലും, ചരിത്രത്തിലെ ഏറ്റവും വലിയ സംഭരണമാണ് ഗവൺമെന്റ് താങ്ങുവിലയിൽ നടത്തിയത്. കർഷകരും ഗവൺമെന്റും തമ്മിലുള്ള ഈ പങ്കാളിത്തത്തിലൂടെ ഇന്ത്യയുടെ ധാന്യപ്പുരകൾ ഇന്ന് നിറഞ്ഞിരിക്കുകയാണ്.

**കർഷകരുടെ ജീവിതങ്ങൾ പരിവർത്തനം ചെയ്യപ്പെടുന്നു**

ചരിത്രത്തിൽ മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത വിധം കർഷകരുടെ ജീവിതം മാറ്റിമറിക്കാൻ കേന്ദ്ര ഗവൺമെന്റ് വലിയൊരു ഉദ്യമം ഏറ്റെടുത്തിരിക്കുകയാണ്. പിഎം കിസാൻ സമ്മാൻ നിധി



## കൃഷിയിടങ്ങളിൽ വെള്ളം എത്തുന്നു, കർഷകരുടെ ബുദ്ധിമുട്ടുകൾ കുറയുന്നു.

### പ്രധാൻമന്ത്രി കൃഷി സിഞ്ചായ് യോജന (PMKSY)

- പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജനയിലെ 'പെർ ഡ്രോപ്പ് മോർ ക്രോപ്പ്' എന്ന വിഭാഗത്തിന് കീഴിൽ 96.97 ലക്ഷം ഹെക്ടറിലധികം കൃഷിഭൂമിക്ക് പ്രയോജനം ലഭിച്ചു. 2015-16 മുതൽ ഈ പദ്ധതി നിലവിലുണ്ട്. തുള്ളിനന, സ്പ്രിംഗ്ലർ നന തുടങ്ങിയ സൂക്ഷ്മ ജലസേചന സാങ്കേതികവിദ്യകളിലൂടെ കൃഷിയിടങ്ങളിലെ ജലവിനിയോഗക്ഷമത വർദ്ധിപ്പിക്കാൻ ഈ പദ്ധതി സഹായിക്കുന്നു.
- 63 പ്രധാന ജലസേചന പദ്ധതികൾക്ക് അംഗീകാരം നൽകി. ഇതിലൂടെ 2 കോടിയിലധികം കർഷകർക്ക് മെച്ചപ്പെട്ട ജലസേചന സൗകര്യങ്ങൾ ലഭിക്കുകയും അവർ ശാക്തീകരിക്കപ്പെടുകയും ചെയ്തു.
- പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജനയുടെ ഉപപദ്ധതിയായി, കമാൻഡ് ഏരിയ ഡെവലപ്മെന്റ് ആൻഡ് മോഡേണൈസേഷൻ ഓഫ് വാട്ടർ മാനേജ്മെന്റിന് 2025-2026 കാലയളവിലേക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി.

### പിഎം - കുസും പദ്ധതി

- 2019 മാർച്ചിൽ ആരംഭിച്ച പിഎം-കുസും പദ്ധതി, 2024 ജനുവരിയിൽ ദീർഘിപ്പിച്ചു.

**34,800**

മെഗാവാട്ട് സൗരോർജ്ജ ശേഷിയിൽ, 2026 മാർച്ചോടെ 34,422 കോടി രൂപയുടെ കേന്ദ്ര സാമ്പത്തിക സഹായം കൂടി ഉൾപ്പെടുത്തും.

## ജിഎസ്ടി പരിഷ്കാര നേട്ടം

കാർഷിക മേഖലയിലെ ജിഎസ്ടി പരിഷ്കാരങ്ങൾ കർഷക സൗഹൃദപരവും ഗ്രാമീണ ക്ഷേമത്തിലേക്കും സുസ്ഥിരതയിലേക്കുമുള്ള ഒരു ചുവടുവെപ്പുമാണ്. ഇത് കർഷകരുടെ ചെലവ് കുറയ്ക്കും. സഹകരണ സംഘങ്ങൾക്കും കർഷക ഉൽപ്പാദക സംഘടനകൾക്കും ഇതിന്റെ പ്രയോജനം ലഭിക്കും.

- 1800 സിസി -യിൽ താഴെയുള്ള ട്രാക്ടറുകളുടെ ജിഎസ്ടി 12%-ൽ നിന്ന് 5% ആയി കുറച്ചു. ട്രാക്ടർ ഭാഗങ്ങളുടെ നികുതി 18%-ൽ നിന്ന് 5% ആയും കുറച്ചിട്ടുണ്ട്.
- ചരക്ക് നീക്കത്തിനുള്ള വാണിജ്യ വാഹനങ്ങളുടെ നികുതി 28%-ൽ നിന്ന് 18% ആയി കുറച്ചു.
- സംസ്കരിച്ച് സൂക്ഷിക്കുന്ന പച്ചക്കറികൾ, പഴങ്ങൾ, അണ്ടിപ്പരിപ്പുകൾ എന്നിവയുടെ നികുതി 12%-ൽ നിന്ന് 5% ആയി കുറച്ചു. ഇത് കയറ്റുമതി വർദ്ധിപ്പിക്കാനും ഇന്ത്യയെ ആഗോള കാർഷിക കയറ്റുമതി കേന്ദ്രമാക്കി മാറ്റാനും സഹായിക്കും.
- അമോണിയ, സൾഫ്യൂറിക് ആസിഡ്, നൈട്രിക് ആസിഡ് തുടങ്ങിയ വളം നിർമ്മാണത്തിന് ആവശ്യമായ വസ്തുക്കളുടെ നികുതി 18%-ൽ നിന്ന് 5% ആയി കുറച്ചു. ഇത് വളങ്ങളുടെ ഉൽപ്പാദനച്ചെലവ് കുറയ്ക്കുകയും കർഷകർക്ക് കുറഞ്ഞ വിലയിൽ വളം ലഭ്യമാക്കുകയും ചെയ്യും.



പദ്ധതിയിലൂടെ വർഷം തോറും 6,000 രൂപ വീതം മൂന്ന് ഗഡുക്കളായി കർഷകർക്ക് നൽകുന്നു. കേവലം കടം എഴുതിത്തള്ളുന്നതിന് പകരം, കർഷകരെ ശാക്തീകരിക്കുന്നതിനാണ് ഗവൺമെന്റ് മുൻഗണന നൽകുന്നത്. ഇതുവഴി കർഷകർ കടക്കെണിയിൽപെടുന്നത് ഒഴിവാക്കാൻ സാധിക്കുന്നു.

2008-ൽ കർഷകർക്കായി 72,000 കോടി രൂപയുടെ കടമെഴുതിത്തള്ളൽ പദ്ധതി പ്രഖ്യാപിച്ചെങ്കിലും, പിന്നീട് അത് വെറും 52,000 കോടി രൂപ മാത്രമായി ചുരുങ്ങി. എന്നാൽ, പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതിയിലൂടെ 2025-ഓടെ 4 ലക്ഷം കോടിയിലധികം രൂപ 21 ഗഡുക്കളായി കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക്

> **ഇന്ന് ഗ്രാമങ്ങളിൽ, വളങ്ങളും കീടനാശിനികളും തളിക്കുന്നതിനുള്ള ആധുനിക രീതികൾക്ക് നേതൃത്വം നൽകുന്നത് നമോ ഡ്രോൺ ദീദിമാരാണ്**
>
> *പ്രധാനമന്ത്രി* **നരേന്ദ്ര മോദി**

## മൃഗസംരക്ഷണം, മത്സ്യബന്ധനം, ഉദ്യാനകൃഷി എന്നീ മേഖലകളിൽ ഗവൺമെന്റ് പിന്തുണ

### പി എം മത്സ്യ സമ്പദ യോജന

2020 സെപ്റ്റംബർ 10-ന് ആരംഭിച്ച പി എം മത്സ്യ സമ്പദ യോജന, റെക്കോർഡ് ഉൽപ്പാദനത്തിലൂടെയും വർദ്ധിച്ച കയറ്റുമതിയിലൂടെയും രാജ്യത്തെ മത്സ്യത്തൊഴിലാളികളെ ശാക്തീകരിച്ചു. സുസ്ഥിരവും സമഗ്രവുമായ വികസനം ഉറപ്പാക്കിയതോടെ ഇന്ത്യ ഇന്ന് ലോകത്തിലെ രണ്ടാമത്തെ വലിയ മത്സ്യ ഉൽപ്പാദക രാഷ്ട്രമായി മാറി.


ഈ പദ്ധതിയിലൂടെ

**58**

ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും 99,018 വനിതകൾ ശാക്തീകരിക്കപ്പെടുകയും ചെയ്തു

കഴിഞ്ഞ 11 വർഷത്തിനിടയിൽ മത്സ്യ ഉൽപ്പാദനം ഇരട്ടിയിലധികമായി






### ഗോകുൽ മിഷൻ

ലോകത്തിലെ പശുക്കളുടെ 14%, എരുമകളുടെ 57% എന്നിങ്ങനെ കന്നുകാലി സമ്പത്തിന്റെ കാര്യത്തിൽ ഇന്ത്യ ഇന്ന് ഒന്നാം സ്ഥാനത്താണ്. തദ്ദേശീയമായ കന്നുകാലി ഇനങ്ങളെ സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനും, ഒപ്പം പാൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമായി 2014 ഡിസംബർ 16-ന് ദേശീയ ഗോകുൽ മിഷൻ ആരംഭിച്ചു.

- 1.28 കോടി ലിംഗനിർണ്ണയം ചെയ്ത ബീജമാത്രകൾ (സെക്സ് സോർട്ടഡ് സെമെൻ ഡോസുകൾ) ഉത്പാദിപ്പിച്ചു; തദ്ദേശീയ സാങ്കേതികവിദ്യയിലൂടെ ഒരു ഡോസിന്റെ വില 800 രൂപയിൽ നിന്ന് 250 രൂപയായി കുറച്ചു.

**14.56**

കോടി മൃഗങ്ങൾക്ക് മിഷന്റെ കൃത്രിമ ബീജസങ്കലന പരിപാടിയിൽ ബീജസങ്കലനം നടത്തി. 9.36 കോടി മൃഗങ്ങൾ ഈ പദ്ധതിക്ക് കീഴിൽ ഉൾപ്പെടുന്നു. 5.62 കോടിയിലധികം കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.



### കാർഷിക വനവൽക്കരണം



സുസ്ഥിര കൃഷിക്കായുള്ള ദേശീയ ദൗത്യത്തിന് കീഴിൽ, വിളകൾക്കും കൃഷിരീതികൾക്കുമൊപ്പം കൃഷിയിടങ്ങളിൽ മരങ്ങൾ നട്ടുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി കാർഷിക വനവൽക്കരണ ഉപദൗത്യം നടപ്പിലാക്കി.

രാജ്യത്തെ **3.93** കോടി

ഹെക്ടർ ഭൂമിയിൽ ഇപ്പോൾ കാർഷിക വനവൽക്കരണം നടപ്പിലാക്കി വരുന്നു. ഇന്ത്യയുടെയും ഇന്തോനേഷ്യയുടെയും സംയുക്ത കാർഷികവനവൽക്കരണ മേഖല ഏഷ്യയിലെ കാർഷികവനവൽക്കരണ മേഖലയുടെ ഏകദേശം 100% വരും. ആഗോളതലത്തിൽ ഈ മേഖലയിലുള്ള ഇന്ത്യയുടെ സംഭാവന ഏകദേശം 70 ശതമാനമാണ്.

### നാഷണൽ ബീ കീപ്പിംഗ് ആൻഡ് ഹണി മിഷൻ

ആത്മനിർഭർ ഭാരത് അഭിയാന്റെ ഭാഗമായി, 'മധുര വിപ്ലവം' എന്ന ലക്ഷ്യം കൈവരിക്കുന്നതിനായാണ് നാഷണൽ ബീ കീപ്പിംഗ് ആൻഡ് ഹണി മിഷൻ വിഭാവനം ചെയ്തത്.

- 2020-ൽ ഒമ്പതാം സ്ഥാനത്തായിരുന്ന ഇന്ത്യ, 2025 ജൂലൈയിൽ ലോകത്തിലെ ഏറ്റവും വലിയ തേൻ കയറ്റുമതി രാജ്യങ്ങളിൽ ചൈനയ്ക്ക് തൊട്ടുപിന്നാലെ രണ്ടാം സ്ഥാനത്തെത്തി.

2023-2024 കാലയളവിൽ ഇന്ത്യ

**1.07**

ലക്ഷം മെട്രിക് ടൺ പ്രകൃതിദത്ത തേൻ ഉൽപ്പാദിപ്പിച്ചു.



നേരിട്ട് കൈമാറി. കോവിഡ്-19 മഹാമാരിയുടെ വെല്ലുവിളി നിറഞ്ഞ സമയത്ത് മാത്രം ഇതിൽ ഏകദേശം 1 ലക്ഷം കോടി രൂപ ചെറുകിട കർഷകരിലേക്ക് എത്തിച്ചേർന്നു. കൂടാതെ, മഹാമാരിയുടെ കാലത്ത് 2 കോടിയിലധികം കിസാൻ ക്രെഡിറ്റ് കാർഡുകൾ വിതരണം ചെയ്തു, ഇതിൽ ഭൂരിഭാഗവും ചെറുകിട കർഷകർക്കായിരുന്നു.

കിസാൻ ക്രെഡിറ്റ് കാർഡുകൾ വഴി ആയിരക്കണക്കിന് കോടി രൂപയുടെ വായ്പകളാണ് കർഷകർക്ക് ലഭ്യമായത്. ഈ നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ പ്രതിസന്ധിയായ കോവിഡ് കാലത്ത് ഈ സഹായം ലഭിച്ചില്ലായിരുന്നുവെങ്കിൽ നമ്മുടെ ചെറുകിട കർഷകരുടെ അവസ്ഥ എന്താകുമായിരുന്നു? തങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾക്കായി അവർക്ക് എവിടെയൊക്കെ അലയേണ്ടി വരുമായിരുന്നു?

ഇപ്പോൾ കിസാൻ ക്രെഡിറ്റ് കാർഡ് സൗകര്യം മൃഗസംരക്ഷണ മേഖലയിലുള്ളവർക്കും മത്സ്യത്തൊഴിലാളികൾക്കും കൂടി ലഭ്യമാക്കിയിട്ടുണ്ട്. ഏറ്റവും പുതിയ കണക്കുകൾ പ്രകാരം, 2025-ൽ മാത്രം കെ.സി.സി പദ്ധതിയിലൂടെ 10 ലക്ഷം കോടിയിലധികം രൂപയുടെ സഹായമാണ് കർഷകർക്ക് ലഭിച്ചത്.



## കർഷകർ സാങ്കേതികവിദ്യയെ പുണരുന്നു

കേന്ദ്ര ഗവണ്മെന്റ് ഡിജിറ്റൽ കാർഷിക ദൗത്യം ആരംഭിച്ചു. ഈ ദൗത്യത്തിന് കീഴിൽ ഡിജിറ്റൽ കാർഷിക അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിവരികയാണ്. ഇതിൽ അഗ്രിസ്റ്റാക്ക്, കൃഷി സംബന്ധമായ തീരുമാനങ്ങൾ എടുക്കാൻ സഹായിക്കുന്ന സംവിധാനങ്ങൾ, സമഗ്രമായ മണ്ണ് ഫലഭൂയിഷ്ഠത-പ്രൊഫൈൽ മാപ്പിംഗ്, മറ്റ് ഐടി സംരംഭങ്ങൾ എന്നിവ ഉൾപ്പെടുന്നു.

**15,000**

ഡ്രോണുകൾ വാങ്ങുന്നതിന് കേന്ദ്ര ഗവണ്മെന്റിന്റെ അംഗീകാരം ലഭിച്ചു. ഇതിൽ 1,094 ഡ്രോണുകൾ ഇതിനകം വിതരണം ചെയ്യുകയും, 'ഡ്രോൺ ദീദിമാർക്ക്' ആവശ്യമായ സമഗ്ര പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.



കർഷക ഡ്രോണുകൾ വാങ്ങുന്നതിനുള്ള ചെലവിന്റെ

**75%**

കാർഷിക ഉല്പാദക സംഘടനകൾക്ക് (FPO-കൾ) സബ്സിഡിയായി നൽകുന്നു. കർഷകർക്ക് വാടകയ്ക്ക് ഡ്രോണുകൾ നൽകുന്ന സഹകരണ സംഘങ്ങൾ, FPO-കൾ, ഗ്രാമീണ സംരംഭകർ എന്നിവർക്ക് ഡ്രോണുകൾ വാങ്ങുന്നതിന് 40% നിരക്കിൽ, പരമാവധി 4 ലക്ഷം രൂപ വരെ സാമ്പത്തിക സഹായവും നൽകുന്നു.

2025 ഡിസംബർ 4-ഓടെ 14 സംസ്ഥാനങ്ങളിലായി

**7.68**

കോടി കർഷക ഐഡികൾ സൃഷ്ടിച്ചു കഴിഞ്ഞു. ഈ സംസ്ഥാനങ്ങളിൽ പിഎം കിസാൻ യോജന പ്രകാരം രജിസ്റ്റർ ചെയ്യുന്നതിന് കർഷക ഐഡി നിർബന്ധമാക്കിയിട്ടുണ്ട്.

നൂതനാശയങ്ങളും കാർഷിക സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിനായി, ദേശീയ കാർഷിക വികസന പദ്ധതി പ്രകാരം 2019-20 മുതൽ 2025-26 വരെയുള്ള കാലയളവിൽ

**2,096**

കാർഷിക സ്റ്റാർട്ടപ്പുകൾക്ക് സാങ്കേതികവും സാമ്പത്തികവുമായ സഹായം നൽകിയിട്ടുണ്ട്.

- സ്വാമിത്വ പദ്ധതിക്ക് കീഴിൽ 1.82 ലക്ഷം ഗ്രാമങ്ങളിലായി 2.76 കോടി സ്വാമിത്വ കാർഡുകൾ വിതരണം ചെയ്തു. ഇതിനോടകം 3.28 ലക്ഷം ഗ്രാമങ്ങളിൽ ഡ്രോൺ സർവേകൾ പൂർത്തിയാക്കിയിട്ടുണ്ട്. 2026 മാർച്ചോടെ 3.44 ലക്ഷം ഗ്രാമങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുക എന്നതാണ് ലക്ഷ്യം.
- **കാർഷിക യന്ത്രവൽക്കരണം :** രാജ്യത്തെ വിവിധ വിളകൾക്കും അവയുടെ കൃഷിരീതികൾക്കും അനുസരിച്ച് കാർഷിക യന്ത്രവൽക്കരണത്തിന്റെ ശരാശരി തോത് വ്യത്യസ്തമാണ്. നിലവിൽ, നിലമൊരുക്കുന്നതിന് 70%, വിതയ്ക്കുന്നതിനും നടുന്നതിനും 40%, കളനാശിനി പ്രയോഗത്തിന് 33%, വിളവെടുപ്പിനും മെതിക്കുന്നതിനും 34% എന്നിങ്ങനെയാണ് യന്ത്രവൽക്കരണത്തിന്റെ തോത്. രാജ്യത്തെ മൊത്തത്തിലുള്ള ശരാശരി യന്ത്രവൽക്കരണ നിരക്ക് 45% ആണ്.



**സമ്പത്തിനും സമൃദ്ധിയ്ക്കുമായി ധൻ ധാന്യ കൃഷി യോജന**

വികസിത ഭാരതം എന്ന കാഴ്ചപ്പാട് യാഥാർത്ഥ്യമാക്കുന്നതിനായി എല്ലാ മേഖലകളിലും പുരോഗതി കൊണ്ടുവരാനുള്ള ശ്രമങ്ങൾ നടന്നു വരികയാണ്. ഈ ചിന്താഗതിയുടെ ഫലമാണ് പിഎം ധൻ-ധാന്യ കൃഷി യോജന. കർഷകരെ പിന്തുണയ്ക്കുന്നതിനായി 2025-ൽ 35,000 കോടി രൂപയുടെ രണ്ട് പുതിയ പദ്ധതികൾ ആവിഷ്കരിച്ചു; ഇതിൽ പിഎം ധൻ-ധാന്യ കൃഷി യോജനയും ഉൾപ്പെടുന്നു.

'വികസനം കാംക്ഷിക്കുന്ന ജില്ലാ' പരിപാടിയുടെ വിജയത്തിൽ നിന്നാണ് ഈ പദ്ധതി പ്രചോദനം ഉൾക്കൊണ്ടിരിക്കുന്നത്. കേന്ദ്ര ഗവണ്മെന്റ് 112 പിന്നാക്ക ജില്ലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചതുപോലെ, കാർഷിക വികസനത്തിന് മുൻഗണന നൽകിക്കൊണ്ട് സമാനമായ മേഖലകൾ ഇപ്പോൾ കണ്ടെത്തിയിട്ടുണ്ട്. ഓരോ ജില്ലയുടെയും പ്രത്യേക ആവശ്യങ്ങൾക്കനുസരിച്ച് മാറ്റങ്ങൾ വരുത്താൻ കഴിയുന്ന രീതിയിലാണ് പിഎം ധൻ-ധാന്യ കൃഷി യോജന രൂപകൽപ്പന ചെയ്തിരിക്കുന്നത്. രണ്ടാമത്തെ ദൗത്യം പയർ വർഗ സ്വയംപര്യാപ്തതാ മിഷൻ ആണ്. ഇത് പയർ വർഗങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുക മാത്രമല്ല, വരും തലമുറകളെ ശാക്തീകരിക്കുക എന്ന ലക്ഷ്യം കൂടിയുള്ളതാണ്.

പ്രധാനമന്ത്രി മോദിയുടെ നേതൃത്വത്തിൽ, കേന്ദ്ര ഗവണ്മെന്റ് കൃഷിക്ക് പുറമെ കർഷകർക്കായി നിരവധി പുതിയ അവസരങ്ങൾ തുറന്നു നൽകുകയും പിന്തുണയ്ക്കുകയും ചെയ്യുന്നുണ്ട്.

**ഭക്ഷ്യ എണ്ണകളുടെയും പയർ വർഗ്ഗങ്ങളുടെയും കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള ചുവടുവെപ്പുകൾ**

## ദേശീയ ഭക്ഷ്യ എണ്ണ ദൗത്യം

## പാം ഓയിൽ ദൗത്യം

11,040 കോടി രൂപയുടെ സാമ്പത്തിക വിഹിതത്തോടെ 2021-ൽ ഈ പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചു.


**6.5** ലക്ഷം

2025-26 വർഷത്തോടെ ഹെക്ടർ ഭൂമി എണ്ണപ്പന കൃഷിക്ക് കീഴിൽ കൊണ്ടുവരാനും 2029-30-ഓടെ അസംസ്കൃത പാം ഓയിൽ (CPO) ഉല്പാദനം 28 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കാനും ലക്ഷ്യമിടുന്നു

2025 മാർച്ച് ആയപ്പോഴേക്കും

**1.89**

ലക്ഷം ഹെക്ടർ ഭൂമി ദൗത്യത്തിന് കീഴിൽ ഉൾപ്പെടുത്തി. ഇതോടെ രാജ്യത്തെ ആകെ എണ്ണപ്പന കൃഷി വിസ്തൃതി 5.56 ലക്ഷം ഹെക്ടറിൽ എത്തിയിട്ടുണ്ട്.






## ദേശീയ ഭക്ഷ്യ എണ്ണ ദൗത്യം – എണ്ണക്കുരുക്കൾ

- ഭക്ഷ്യ എണ്ണ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി 2024-ൽ നാഷണൽ എഡിബിൾ ഓയിൽ മിഷൻ - ഓയിൽ സീഡ്സിന് അംഗീകാരം നൽകി.
- എണ്ണക്കുരു കൃഷി വിസ്തൃതി 2022-23 ലെ 29 ദശലക്ഷം ഹെക്ടറിൽ നിന്ന് 2030-31 ഓടെ 33 ദശലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കാൻ ഈ മിഷൻ ലക്ഷ്യമിടുന്നു.
- 2030-31 ഓടെ ഭക്ഷ്യ എണ്ണ ഉത്പാദനം 25.45 ദശലക്ഷം ടണ്ണായി ഉയർത്താനാണ് ലക്ഷ്യം. ഇത് നമ്മുടെ ആഭ്യന്തര ആവശ്യത്തിന്റെ ഏകദേശം 72 ശതമാനം നിറവേറ്റാൻ സഹായിക്കും.

## പയർ വർഗ്ഗ സ്വാശ്രയ മിഷൻ

- 2025 ഒക്ടോബർ 11 ന് പ്രധാനമന്ത്രി പയർവർഗ്ഗ സ്വാശ്രയ ദൗത്യം (2025-26 മുതൽ 2030-31 വരെ) ആരംഭിച്ചു, ബജറ്റിൽ 11,440 കോടി രൂപ അനുവദിച്ചു.
- ഇതിന്റെ ഭാഗമായി 88 ലക്ഷം സൗജന്യ വിത്ത് കിറ്റുകളും 126 ലക്ഷം ക്വിന്റൽ സർട്ടിഫൈഡ് വിത്തുകളും കർഷകർക്കിടയിൽ വിതരണം ചെയ്യും. ഏകദേശം രണ്ട് കോടി കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

**2030-31 ഓടെ പയറുവർഗങ്ങളുടെ ആഭ്യന്തര ഉത്പാദനം 350 ലക്ഷം ടണ്ണായും, കൃഷിഭൂമി 310 ലക്ഷം ഹെക്ടറായും വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം. ഈ പദ്ധതി പ്രകാരം തുവര, ഉഴുന്ന്, മസൂർ എന്നിവ നാല് വർഷത്തേക്ക് 100 ശതമാനവും താങ്ങുവിലയ്ക്ക് സംഭരിക്കുമെന്ന് ഉറപ്പാക്കുന്നു.**



മൃഗസംരക്ഷണം മുതൽ തേനീച്ച വളർത്തൽ വരെയും, മത്സ്യകൃഷി മുതൽ ജൈവകൃഷി വരെയും, കേന്ദ്ര ഗവൺമെന്റ് കർഷകർക്ക് പുതിയ വഴികൾ കാണിച്ചുകൊടുത്തു. കിസാൻ റെയിലിന്റെ തുടക്കമായാലും നാഷണൽ ബാംബൂ മിഷന്റെ (ദേശീയ മുള മിഷൻ) പ്രവർത്തനങ്ങളായാലും, കർഷകരുടെ ഭാഗധേയവും ജീവിതവും മാറ്റിമറിക്കാനുള്ള ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്.

ഗ്രാമങ്ങൾക്ക് സമീപം ക്ലസ്റ്ററുകൾ രൂപീകരിക്കുകയും, അവിടെ ഭക്ഷ്യസംസ്കരണ വ്യവസായങ്ങളും ഗവേഷണ കേന്ദ്രങ്ങളും സ്ഥാപിക്കുകയും ചെയ്യുന്ന ഘട്ടത്തിലേക്കാണ് ഇന്ത്യ ഇപ്പോൾ നീങ്ങുന്നത്. ഒരർത്ഥത്തിൽ നമുക്ക് പറയാം, "ജയ് കിസാൻ, ജയ് വിജ്ഞാൻ, ജയ് അനുസന്ധാൻ". ഇവ മൂന്നിന്റെയും കരുത്ത് ഒത്തുചേരുമ്പോൾ, രാജ്യത്തെ കർഷകരുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ സംഭവിക്കുക തന്നെ ചെയ്യും.

> **പയർവർഗ്ഗങ്ങളുടെ സ്വാശ്രയ ദൗത്യം പയർവർഗ്ഗ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു ദൗത്യം മാത്രമല്ല, നമ്മുടെ ഭാവി തലമുറകളെ ശാക്തീകരിക്കുന്നതിനുള്ള ഒരു പ്രചാരണം കൂടിയാണ്. പ്രധാനമന്ത്രി ധൻ ധാന്യ കൃഷി യോജന ഇതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു.**
>
> - *പ്രധാനമന്ത്രി* നരേന്ദ്ര മോദി



ചെറുധാന്യങ്ങളുടെ അഥവാ ‘ശ്രീ അന്ന’യുടെ പ്രചാരണത്തിലൂടെ കേന്ദ്ര ഗവണ്മെന്റ് കർഷകർക്ക് മറ്റൊരു വരുമാനമാർഗ്ഗം കൂടി ലഭ്യമാക്കിയിരിക്കുകയാണ്. പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ‘ശ്രീ അന്ന’യോടുള്ള സവിശേഷമായ താല്പര്യം ലോകമെമ്പാടും ഇതിന്റെ പ്രാധാന്യം വർദ്ധിപ്പിച്ചു. ഇത് ഭാവിയിൽ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാൻ സഹായിക്കും. അതുപോലെ തന്നെ, പ്രകൃതി സൗഹൃദ കൃഷിയുടെ വ്യാപനം ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ കൃഷിരീതികളുടെ അനിവാര്യതയാണ്. ഭാരതീയ കർഷകരെ പ്രകൃതി കൃഷിയിലേക്ക് പ്രോത്സാഹിപ്പിച്ചു വരികയാണ്. ദശലക്ഷക്കണക്കിന് കർഷകർ ദേശീയ പ്രകൃതി കൃഷി മിഷനിൽ പങ്കാളികളായിട്ടുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ രാജ്യത്തുടനീളം 10,000 കാർഷികോല്പാദക സംഘടനകൾ രൂപീകരിച്ചു. കഴിഞ്ഞ 11 വർഷത്തിനിടെ രാജ്യത്തെ കാർഷിക മേഖലയിൽ വലിയ മാറ്റങ്ങളാണ് ഉണ്ടായത്. ഭക്ഷ്യ എണ്ണകളുമായി ബന്ധപ്പെട്ട പാം ഓയിൽ മിഷനും ഇതിനോടകം ആരംഭിച്ചു കഴിഞ്ഞു. ഈ മിഷൻ ഇന്ത്യയെ ഭക്ഷ്യ എണ്ണ ഉത്പാദനത്തിൽ സ്വയംപര്യാപ്തമാക്കുക മാത്രമല്ല, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യും.

താങ്ങുവിലയുടെ 1.5 മടങ്ങ്: ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില: പ്രധാനമന്ത്രി മോദിയുടെ നേതൃത്വത്തിൽ ഉല്പാദനം വർദ്ധിപ്പിക്കുക, ചെലവ് കുറയ്ക്കുക, ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുക എന്നീ മൂന്ന് പ്രധാന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കർഷക ക്ഷേമം മാത്രമാണ് ഗവണ്മെന്റിന്റെ ലക്ഷ്യവും സമവാക്യവും. ഉല്പാദന ചെലവിനോടൊപ്പം 50 ശതമാനം ലാഭം കൂടി ചേർത്തുകൊണ്ട് താങ്ങുവില (MSP) നിശ്ചയിക്കാൻ 2019-ൽ കേന്ദ്ര ഗവണ്മെന്റ് തീരുമാനിച്ചു. കൂടാതെ കർഷകരിൽ നിന്ന് തുവര, മസൂർ, ഉഴുന്ന് എന്നിവ 100 ശതമാനവും സംഭരിക്കുമെന്നും ഗവണ്മെന്റ് ഉറപ്പു നൽകി. ഉത്പാദന ചെലവിൽ 50 ശതമാനം നേരിട്ട് വർദ്ധിപ്പിക്കുന്നത് വിപണിയെ ബാധിക്കുമെന്ന് മുൻപ് വാദഗതികൾ ഉണ്ടായിരുന്നു.

## കർഷകർ: രാഷ്ട്രനിർമ്മാണത്തിലെ കരുത്തുറ്റ പങ്കാളികൾ

കർഷകർ രാഷ്ട്രനിർമ്മാണത്തിലെ കരുത്തുറ്റ പങ്കാളികളാണ്, അവരുടെ പരിശ്രമങ്ങൾ ‘ആത്മനിർഭർ ഭാരത്’പ്രചാരണത്തെ വളരെയധികം ശക്തിപ്പെടുത്തുന്നു. കർഷകരെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഗവണ്മെന്റ് സ്ഥിരമായി പ്രവർത്തിച്ചുവരികയാണ്. മണ്ണിന്റെ ആരോഗ്യം നിലനിർത്തുക, ജലം സംരക്ഷിക്കുക, വിഭവങ്ങൾ വിവേകപൂർവ്വം ഉപയോഗിക്കുക എന്നിവ അടുത്ത തലമുറയ്ക്ക് വളരെ പ്രധാനമാണ്. മിഷൻ ലൈഫ്, ‘ഏക് പേഡ് മാ കേ നാം’, അമൃത് സരോവർ തുടങ്ങിയ ക്യാമ്പെയ്നുകൾ ഈ ചൈതന്യത്തെ പ്രോത്സാഹിപ്പിക്കുന്നു. കൃഷിയെ കൂടുതൽ സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമാക്കാൻ കേന്ദ്ര ഗവണ്മെന്റ് പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്നു. വരും കാലങ്ങളിൽ സുസ്ഥിര കൃഷിരീതികൾ, ജല മാനേജ്മെന്റ്, ‘പെർ ഡ്രോപ്പ് മോർ ക്രോപ്പ്, പ്രകൃതി കൃഷി, അഗ്രിടെക്, മൂല്യവർദ്ധന എന്നിവ നിർണ്ണായക പങ്കുവഹിക്കും. ഈ മേഖലകളിലെല്ലാം യുവാക്കൾ പുതിയ ആശയങ്ങളുമായി മുന്നോട്ട് വരുന്നുണ്ട്.

ന്യൂഡൽഹിയിൽ നടന്ന പൊങ്കൽ ആഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി, തമിഴ്നാട്ടിലെ യുവാക്കൾ പ്രകൃതി കൃഷിയിൽ മികച്ച പ്രവർത്തനമാണ് നടത്തുന്നതെന്ന് അഭിപ്രായപ്പെട്ടു. സുസ്ഥിര കൃഷിയിൽ വിപ്ലവം കൊണ്ടുവരുന്നതിനായി ഈ പ്രചാരണം കൂടുതൽ വ്യാപിപ്പിക്കാൻ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന തമിഴ്നാട്ടിലെ യുവാക്കളോട് അദ്ദേഹം ആഹ്വാനം ചെയ്തു. നമ്മുടെ പാത്രങ്ങൾ നിറഞ്ഞിരിക്കണം, കീശകൾ നിറഞ്ഞിരിക്കണം, ഒപ്പം നമ്മുടെ ഭൂമി സുരക്ഷിതമായിരിക്കണം എന്നതായിരിക്കണം നമ്മുടെ ലക്ഷ്യമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

സ്വാമിനാഥൻ കമ്മീഷൻ ശുപാർശകൾ അനുസരിച്ച്, ആകെ ഉൽപ്പാദനച്ചെലവിന്റെ 50 ശതമാനം ലാഭം ഉറപ്പാക്കിക്കൊണ്ടാണ് നിലവിൽ കാർഷിക വിളകൾ താങ്ങുവിലയ്ക്ക് സംഭരിക്കുന്നത്; ചില സന്ദർഭങ്ങളിൽ 50 ശതമാനത്തിലധികം ലാഭവും നൽകി വരുന്നു. ചിലപ്പോഴൊക്കെ സംസ്ഥാന ഗവൺമെന്റുകൾ സംഭരണത്തിൽ വീഴ്ച വരുത്താറുണ്ട്; അതിനാൽ, സംസ്ഥാന ഗവൺമെന്റുകൾ തുവര, മസൂർ, ഉഴുന്ന് എന്നീ വിളകൾ കുറഞ്ഞ അളവിൽ മാത്രം വാങ്ങുകയോ അല്ലെങ്കിൽ വാങ്ങാതിരിക്കുകയോ ചെയ്യുന്ന സാഹചര്യമുണ്ടായാൽ, കർഷകർക്ക് ന്യായമായ വില ഉറപ്പാക്കാൻ നാഫെഡ് പോലുള്ള ഏജൻസികൾ വഴി കേന്ദ്ര ഗവണ്മെന്റ് നേരിട്ട് ഇവ സംഭരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

2004 നും 2014 നും ഇടയിൽ, താങ്ങുവിലയ്ക്ക് സംഭരിച്ച ആകെ ഖാരിഫ് വിളകളുടെ അളവ് വെറും 46 കോടി 89 ലക്ഷം മെട്രിക് ടൺ മാത്രമായിരുന്നു. എന്നാൽ പ്രധാനമന്ത്രി മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര ഗവണ്മെന്റ് 81 കോടി 86 ലക്ഷം മെട്രിക് ടൺ ഖാരിഫ് വിളകൾ സംഭരിച്ചു. അതുപോലെ, മുൻപ് 23 കോടി 2 ലക്ഷം മെട്രിക് ടൺ റാബി വിളകളാണ് സംഭരിച്ചിരുന്നതെങ്കിൽ, നിലവിലെ കേന്ദ്ര ഗവണ്മെന്റ് 35 കോടി 40 ലക്ഷം മെട്രിക് ടൺ സംഭരിച്ചു. മുൻപ് 47,75,000 മെട്രിക് ടൺ എണ്ണക്കുരുക്കൾ വാങ്ങിയ സ്ഥാനത്ത്, നിലവിലെ ഗവണ്മെന്റ് 1 കോടി 28 ലക്ഷം മെട്രിക് ടൺ വാങ്ങി. കഴിഞ്ഞ പത്ത് വർഷത്തിനിടെ വെറും 6 ലക്ഷം മെട്രിക് ടൺ പയർ വർഗ്ഗങ്ങൾ മാത്രമാണ് സംഭരിച്ചിരുന്നത്, എന്നാൽ ഇപ്പോൾ അത് 1 കോടി 89 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചു. താങ്ങുവില പ്രകാരമുള്ള വിള സംഭരണം കഴിഞ്ഞ ദശകത്തിലെ 7,41,000 കോടിയിൽ രൂപയിൽനിന്ന് 24,49,000 കോടിരൂപയായി ഉയർന്നു.

### ജിഎസ്ടി 2.0-ഉം കർഷകരും

2025-ലെ ദീപാവലിക്ക് തൊട്ടുമുമ്പ് നടപ്പിലാക്കിയ ജിഎസ്ടി 2.0, കർഷകരുടെയും കന്നുകാലി വളർത്തുന്നവരുടെയും ചെലവ് കുറച്ചുകൊണ്ട് അവർക്ക് വലിയ രീതിയിൽ ഗുണകരമായി. ട്രാക്ടറുകൾക്ക് മുൻപത്തേക്കാൾ വില കുറഞ്ഞു. പുതിയ പരിഷ്കാരങ്ങൾ വന്നതോടെ, ഒരു ട്രാക്ടർ വാങ്ങുമ്പോൾ ഏകദേശം 40,000 രൂപ നേരിട്ട് ലാഭിക്കാൻ സാധിക്കുന്നു. കർഷകർ ഉപയോഗിക്കുന്ന മറ്റ് കാർഷിക യന്ത്രങ്ങളുടെ ജിഎസ്ടിയും ഗണ്യമായി കുറച്ചിട്ടുണ്ട്. ഉദാഹരണത്തിന്, നെല്ല് നടീൽ യന്ത്രങ്ങൾക്ക് 15,000 രൂപ ലാഭമുണ്ട്. അതുപോലെ, പവർ ടില്ലറുകൾക്ക് 10,000 രൂപ വരെയും മെതി യന്ത്രങ്ങൾക്ക് 25,000 രൂപ വരെയും ലഭിക്കാനാകും. ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗ്ലർ ഇറിഗേഷൻ ഉപകരണങ്ങൾ, വിളവെടുപ്പ് യന്ത്രങ്ങൾ എന്നിവയ്ക്കും ജിഎസ്ടി ഗണ്യമായി കുറച്ചു.

### 2047-ലേക്കുള്ള ഭാരതത്തിന്റെ സുവർണ്ണ ദർശനം

ചെങ്കോട്ടയുടെ കൊത്തളത്തിൽ നിന്ന് പ്രധാനമന്ത്രി മോദി വികസിത ഭാരതത്തിന്റെ കരുത്തുറ്റ നാല് സ്തംഭങ്ങളെക്കുറിച്ച് സംസാരിക്കുകയുണ്ടായി. ആ നാല് സ്തംഭങ്ങളിൽ ഒന്ന് നമ്മുടെ കർഷകരാണ്. കഴിഞ്ഞ 11 വർഷമായി കേന്ദ്ര ഗവണ്മെന്റ് കർഷകരെ ശാക്തീകരിക്കുന്നതിനും കാർഷിക മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനുമായി നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.



**തമിഴ് ജീവിതത്തിൽ പൊങ്കൽ എന്നത് സന്തോഷകരമായ ഒരു അനുഭവമാണ്. ഇത് അന്നദാതാവിന്റെ കഠിനാധ്വാനത്തെയും ഭൂമിയോടും സൂര്യനോടുമുള്ള നന്ദി പ്രകടനത്തെയും പ്രതിനിധീകരിക്കുന്നു. പ്രകൃതിയും കുടുംബവും സമൂഹവും തമ്മിൽ എങ്ങനെ സമതുലിതാവസ്ഥ നിലനിർത്താം എന്ന വഴിയും ഈ ഉത്സവം നമുക്ക് കാണിച്ചു തരുന്നു. ഈ സമയത്ത് തന്നെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ലോഹ്രി, മകരസംക്രാന്തി, മാഘ് ബിഹു തുടങ്ങിയ മറ്റ് ആഘോഷങ്ങളുടെ ആവേശവും നിറഞ്ഞുനിൽക്കുന്നു.**

**- *പ്രധാനമന്ത്രി* നരേന്ദ്ര മോദി**

കൃഷി-കർഷക ക്ഷേമ വകുപ്പിനുള്ള ബജറ്റ് വിഹിതം 2013-14-ലെ 21,933.50 കോടി രൂപയിൽ നിന്ന് 2025-26 ൽ 1,27,290.16 കോടി രൂപയായി ഉയർത്തി - ഏകദേശം ആറിരട്ടി വർദ്ധന. ബജറ്റ് വർദ്ധനവിന്റെ ഏറ്റവും വലിയ ഗുണഭോക്താക്കൾ ചെറുകിട കർഷകരാണ്. ഉദാഹരണത്തിന്, വളം സബ്സിഡി 2004-2014 കാലയളവിലെ 5 ലക്ഷം കോടിരൂപയിൽ നിന്ന് 2014-2024 കാലയളവിൽ 13 ലക്ഷം കോടിരൂപയിലധികമായി ഉയർന്നു.

കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി പരമ്പരാഗത കൃഷിക്ക് പുറമെയുള്ള മാർഗ്ഗങ്ങളും ലഭ്യമാക്കുന്നുണ്ട്. അതിനാൽ, അധിക വരുമാനത്തിനായി മൃഗസംരക്ഷണം, മത്സ്യകൃഷി, തേനീച്ച വളർത്തൽ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു. ഇത് ചെറുകിട കർഷകരെയും ഭൂമിയില്ലാത്ത കുടുംബങ്ങളെയും ശാക്തീകരിച്ചു. രാജ്യത്തുടനീളമുള്ള കർഷകർ ഇതിൽ നിന്ന് പ്രയോജനം നേടുന്നു.

കഴിഞ്ഞ 11 വർഷമായി കാർഷിക മേഖലയിലും കർഷകക്ഷേമത്തിലും നടപ്പിലാക്കിയ സമഗ്രമായ സംരംഭങ്ങൾ തെളിയിക്കുന്നത്, കർഷകരുടെ താൽപ്പര്യങ്ങളെക്കുറിച്ച് ചിന്തിക്കുകയും അവരെ കരുതലോടെ കാണുകയും ചെയ്യുന്ന ഒരു ഗവൺമെൻറ് കേന്ദ്രത്തിൽ ഉള്ളപ്പോൾ മാത്രമേ ഇത്തരം പദ്ധതികൾ സാധ്യമാകൂ എന്നാണ്. വിത്തു മുതൽ വിപണി വരെയും കൃഷിയിടം മുതൽ കളപ്പുരകൾ വരെയും പുതിയൊരു സമീപനത്തോടെ കേന്ദ്രഗവണ്മെന്റ് നവീന സംവിധാനങ്ങൾ കെട്ടിപ്പടുക്കുകയാണ്. വികസിത ഭാരതം എന്ന കാഴ്ചപ്പാട് യാഥാർത്ഥ്യമാക്കുന്നതിനുള്ള അടിത്തറയായി ഇത് മാറുകയാണ്.



# നയരൂപീകരണം മുതൽ നവീന ആശയങ്ങൾ വരെ
## യുവജനങ്ങളുടെ നിർണ്ണായക പങ്കാളിത്തം

***വികസിത ഭാരതത്തിന്റെ ഏറ്റവും വലിയ സമ്പത്ത് ഇന്ത്യയുടെ യുവശക്തിയാണ്. ഊർജ്ജസ്വലതയും നവീന ആശയങ്ങളും നേതൃപാടവവുമുള്ള ഇന്നത്തെ യുവാക്കൾ സ്വന്തം ഭാവി രൂപപ്പെടുത്തുക മാത്രമല്ല, രാജ്യത്തിന്റെ ഗതി തന്നെ നിർണ്ണയിക്കുകയും ചെയ്യുന്നു. യുവാക്കളുടെ ആശയങ്ങൾ പങ്കുവെക്കുന്നതിനും നേതൃപാടവം വളർത്തുന്നതിനും വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിനുമുള്ള ശക്തമായ വേദിയാണ് "വികസിത ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗ്– 2026". ഇവിടെ യുവാക്കൾ രാജ്യത്തിന്റെ വികസന അജണ്ടയുടെ അവിഭാജ്യ ഘടകമായി മാറുന്നു. അതുകൊണ്ടാണ് ഈ സംവാദത്തിന്റെ സമാപന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞത്, 'നിങ്ങളുടെ കഴിവുകളിൽ നിന്നും പ്രതിഭയിൽ നിന്നും ഊർജ്ജത്തിൽ നിന്നും ഞാനും ഊർജ്ജം ഉൾക്കൊള്ളുന്നു...'***

രാജ്യം സ്വാതന്ത്ര്യത്തിന്റെ നൂറാം വാർഷികം ആഘോഷിക്കുന്ന 2047 എന്ന വർഷം രാഷ്ട്രത്തിനും യുവജനങ്ങൾക്കും ഒരുപോലെ നിർണ്ണായക ഘട്ടമാണ്. ഈ പരിപാടി സ്വാമി വിവേകാനന്ദന്റെ ജന്മവാർഷികത്തോടനുബന്ധിച്ചാണ് സംഘടിപ്പിക്കുന്നത് എന്ന കാര്യം പ്രധാനമന്ത്രി എടുത്തുപറഞ്ഞു. "സ്വാമി വിവേകാനന്ദനെ സ്മരിച്ചുകൊണ്ട് ഓരോ വർഷവും ജനുവരി 12-ന് നമ്മൾ ദേശീയ യുവജന ദിനം ആഘോഷിക്കുന്നു. അദ്ദേഹത്തിന്റെ ആദർശങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് വികസിത ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗിനായി ജനുവരി 12 തിരഞ്ഞെടുത്തത്. സ്വാമി വിവേകാനന്ദന്റെ ജീവിതം നമുക്കെല്ലാവർക്കും വലിയൊരു വഴികാട്ടിയാണ്." വികസിത ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗിന്റെ ദ്രുതഗതിയിലുള്ള വളർച്ചയിൽ സംതൃപ്തി രേഖപ്പെടുത്തിയ പ്രധാനമന്ത്രി, ഇന്ത്യയുടെ വികസന അജണ്ട രൂപപ്പെടുത്തുന്നതിൽ യുവാക്കളുടെ നേരിട്ടുള്ള പങ്കാളിത്തം ഉറപ്പാക്കുന്ന ശക്തമായ വേദിയാണിതെന്ന് വിശേഷിപ്പിച്ചു. "കോടിക്കണക്കിന് യുവാക്കൾ ഈ സംരംഭവുമായി സഹകരിക്കുന്നതും, 50 ലക്ഷത്തിലധികം രജിസ്ട്രേഷനുകൾ നടന്നതും, 30 ലക്ഷത്തിലധികം യുവാക്കൾ വികസിത ഭാരത് ചലഞ്ചിൽ പങ്കെടുത്ത് രാജ്യത്തിന്റെ വികസനത്തിനായി ആശയങ്ങൾ പങ്കുവെച്ചതും - യുവശക്തിയുടെ ഇത്ര വലിയ തോതിലുള്ള ഇടപെടൽ അഭൂതപൂർവ്വമാണ്."

വികസിത ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗ്–2026–ന്റെ സമാപന ചടങ്ങിൽ സംസാരിക്കവേ, ദശലക്ഷക്കണക്കിന് ആളുകൾ ഒരു പ്രത്യേക വിഷയത്തിലും ലക്ഷ്യത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച് ബുദ്ധിപരമായ ചർച്ചകൾ നടത്തുന്നതിനേക്കാൾ വലിയൊരു ചിന്തോദ്ദീപകമായ പ്രവൃത്തി വേറെ എന്താണുള്ളതെന്ന് പ്രധാനമന്ത്രി ചോദിച്ചു. സ്ത്രീകൾ നയിക്കുന്ന വികസനം, ജനാധിപത്യത്തിലെ യുവജന പങ്കാളിത്തം തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി സമ്മേളനത്തിൽ യുവാക്കൾ അവതരിപ്പിച്ച ആശയങ്ങൾ പ്രധാനമന്ത്രി മോദിയെ വളരെയധികം ആകർഷിച്ചു.

സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയെ മാറ്റത്തിന്റെ ഉദാഹരണമായി പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. പതിറ്റാണ്ടുകളായി ആഗോളതലത്തിൽ സ്റ്റാർട്ടപ്പ് സംസ്കാരം വളർന്നിട്ടും 2014-ന് മുമ്പ് ഇന്ത്യയിൽ സ്റ്റാർട്ടപ്പുകൾക്ക് പരിമിതമായ ശ്രദ്ധ മാത്രമേ ലഭിച്ചിരുന്നുള്ളൂ എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. '2014 വരെ രാജ്യത്ത് രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകൾ 500-ൽ താഴെയായിരുന്നു. സ്റ്റാർട്ടപ്പ് സംസ്കാരത്തിന്റെ അഭാവത്തിൽ, എല്ലാ മേഖലകളിലുമുള്ള ഗവണ്മെന്റ് ഇടപെടലുകളായിരുന്നു മുൻപന്തിയിൽ. നമ്മുടെ യുവാക്കളുടെ കഴിവിനും ശേഷിക്കും അവരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനും അവസരങ്ങൾ ലഭിച്ചില്ല."






## വികസിത് ഭാരത് യുവ നേതൃസംവാദം –2026: പ്രധാന ആശയങ്ങൾ

- ഡിജിറ്റൽ ഇന്ത്യ രാജ്യത്ത് സർഗാത്മക ഉള്ളടക്ക സ്രഷ്ടാക്കളുടെ പുതിയൊരു സമൂഹത്തെ സൃഷ്ടിച്ചു. സംസ്കാരവും ഉള്ളടക്കവും സർഗാത്മകതയുമടങ്ങുന്ന 'ഓറഞ്ച് സമ്പദ് വ്യവസ്ഥ'യിൽ ശ്രദ്ധേയമായ വളർച്ചയാണ് രാജ്യം കൈവരിക്കുന്നത്.
- മാധ്യമങ്ങൾ, ചലച്ചിത്രം, ഗെയിമിങ്, സംഗീതം, ഡിജിറ്റൽ ഉള്ളടക്കം, വിർച്വൽ റിയാലിറ്റി–എക്സ്റ്റൻഡഡ് റിയാലിറ്റി തുടങ്ങിയ മേഖലകളിൽ പ്രധാന ആഗോള കേന്ദ്രമായി ഇന്ത്യ മാറുന്നു.
- ലോക ദൃശ്യ-ശ്രാവ്യ വിനോദ ഉച്ചകോടി (വേവ്സ്) യുവ ഉള്ളടക്ക സ്രഷ്ടാക്കൾക്ക് വലിയ വേദിയൊരുക്കി.
- മെക്കാളെയുടെ ധിക്കാര നയങ്ങൾ നടപ്പാക്കിയിട്ട് ഒരു പതിറ്റാണ്ടിനകം 200 വർഷങ്ങൾ പൂർത്തിയാകും. 200 വർഷം മുൻപത്തെ ആ പാപത്തിന് പ്രായശ്ചിത്തം ചെയ്യേണ്ടത് ഈ തലമുറയുടെ ഉത്തരവാദിത്തമാണ്; അതിനിനി നമുക്ക് 10 വർഷം ബാക്കിയുണ്ട്.
- അടിമത്ത മനോഭാവത്തിൽ നിന്ന് നാം മുക്തരാകണമെന്നും രാജ്യത്തിന്റെ പൈതൃകത്തിനും ആശയങ്ങൾക്കും എപ്പോഴും മുൻഗണന നൽകണമെന്നും സ്വാമി വിവേകാനന്ദന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.
- രാജ്യത്തെ യുവജനങ്ങൾക്ക് രാമായണത്തിലെയും മഹാഭാരതത്തിലെയും പ്രചോദനാത്മക കഥകളെ ഗെയിമിങ് ലോകത്തിന്റെ ഭാഗമാക്കാനും സാധിക്കും.
- രാജ്യത്ത് തുടക്കം കുറിച്ച വരും തലമുറ പരിഷ്കാരങ്ങളുടെ പരമ്പര ഇപ്പോൾ 'റിഫോം എക്സ്പ്രസ്' ആയി മാറിയിരിക്കുന്നു; രാജ്യത്തെ യുവശക്തിയാണ് ഈ പരിഷ്കാരങ്ങളുടെ കേന്ദ്രബിന്ദു.

## ഹനുമാൻ സ്വാമിയിലൂടെ ലോകത്തെ ഗെയിമിങ് മേഖലയ്ക്ക് കരുത്തേകാം

ഗെയിമിങ് വലിയൊരു ആഗോള വിപണിയാണ്. പുരാണ കഥകളുമായി ഇന്ത്യയ്ക്ക് ഗെയിമിങ് ലോകത്തേക്ക് പ്രവേശിക്കാം. ലോകത്തെ ഗെയിമിങ് മേഖലയ്ക്ക് ഒന്നടങ്കം കരുത്തുപകരാൻ ഹനുമാൻ സ്വാമിക്ക് കഴിയുമെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. രാജ്യത്തിന്റെ സംസ്കാരത്തെ ആധുനിക രൂപത്തിൽ കയറ്റുമതി ചെയ്യുന്നതിനൊപ്പം സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താനും ഇത് സഹായിക്കും. ഗെയിമിങ് ലോകത്ത് രാജ്യത്തിന്റെ പുരാണകഥകൾ വിസ്മയകരമായ രീതിയിൽ അവതരിപ്പിക്കുന്ന നിരവധി സ്റ്റാർട്ടപ്പുകൾ ഇന്ത്യയിലുണ്ട്. ഇതുവഴി കുട്ടികൾക്ക് ഗെയിമുകളിലൂടെ ഇന്ത്യയുടെ പുരാണങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാനാവുന്നു. ഗെയിമിങ്ങിലൂടെ ഇന്ത്യയുടെ കഥകൾ മനോഹരമായി അവതരിപ്പിക്കുന്ന നിരവധി ഇന്ത്യൻ സ്റ്റാർട്ടപ്പുകൾ കുട്ടികൾക്ക് കളികളിലൂടെ രാജ്യത്തെ മനസ്സിലാക്കാൻ സുഗമമായ അവസരമൊരുക്കുന്നു.

ലോകത്ത് സ്റ്റാർട്ടപ്പ് സംസ്കാരം 50 മുതൽ 60 വരെ വർഷങ്ങൾക്ക് മുൻപ് ആരംഭിക്കുകയും ക്രമേണ വൻകിട കോർപ്പറേറ്റുകളുടെ യുഗമായി മാറുകയും ചെയ്തുവെന്ന് സമ്മേളനത്തിൽ സ്റ്റാർട്ടപ്പുകളെക്കുറിച്ച് നടന്ന അവതരണങ്ങളെ പരാമർശിച്ച് പ്രധാനമന്ത്രി മോദി പറഞ്ഞു. എന്നാൽ ഈ യാത്രയിലുടനീളം ഇന്ത്യയിൽ സ്റ്റാർട്ടപ്പുകളെക്കുറിച്ച് കുറഞ്ഞ ചർച്ചകൾ മാത്രമേ നടന്നിട്ടുള്ളൂ. ഇപ്പോൾ രാജ്യത്ത് ഓരോ മേഖലയിലും വലിയൊരു വിഭാഗം സ്റ്റാർട്ടപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. യുവജനങ്ങളുടെ കഴിവ് കണക്കിലെടുത്ത് സ്റ്റാർട്ടപ്പ് വിപ്ലവം, നടപടിക്രമങ്ങൾ സുഗമമാക്കുന്ന പരിഷ്കാരങ്ങൾ, സ്റ്റാർട്ടപ്പ് ഇന്ത്യ, ഡിജിറ്റൽ ഇന്ത്യ, നികുതി പാലനം ലളിതവൽക്കരിക്കൽ എന്നിവയ്ക്ക് നിരവധി സംരംഭങ്ങൾ അവതരിപ്പിച്ചു. അഞ്ചോ ആറോ വർഷം മുൻപുവരെ ബഹിരാകാശ മേഖലയെ മുന്നോട്ടുനയിക്കേണ്ട ഉത്തരവാദിത്തം ഐഎസ്ആർഒയിൽ മാത്രം നിക്ഷിപ്തമായിരുന്നു. ബഹിരാകാശ മേഖല സർക്കാർ സ്വകാര്യ സംരംഭങ്ങൾക്കായി തുറന്നുകൊടുക്കുകയും ആവശ്യമായ ചട്ടക്കൂടുകളും സ്ഥാപനങ്ങളും രൂപീകരിക്കുകയും ചെയ്തതോടെ ഇന്ന് 300–ലേറെ സ്റ്റാർട്ടപ്പുകളാണ് ബഹിരാകാശ രംഗത്ത് പ്രവർത്തിക്കുന്നത്. പ്രതിരോധ മേഖലയും നേരത്തെ സർക്കാർ കമ്പനികളെ മാത്രം ആശ്രയിച്ചായിരുന്നു നിലനിന്നത്. ഇതിലും മാറ്റം വരുത്തിയ സർക്കാർ പ്രതിരോധ ആവാസവ്യവസ്ഥയിൽ സ്റ്റാർട്ടപ്പുകൾക്കായി വാതിലുകൾ തുറന്നു. ഇന്ന് ഇന്ത്യയിൽ 1,000–ത്തിലധികം പ്രതിരോധ സ്റ്റാർട്ടപ്പുകൾ പ്രവർത്തിക്കുന്നു. യുവജനങ്ങളിലൊരാൾ ഡ്രോണുകൾ നിർമിക്കുന്നു, മറ്റൊരാൾ ഡ്രോണുകളെ പ്രതിരോധിക്കാൻ സംവിധാനങ്ങൾ വികസിപ്പിക്കുന്നു; ഒരാൾ എഐ ക്യാമറകൾ നിർമിക്കുന്നു, മറ്റുചിലർ റോബോട്ടിക്സ് മേഖലയിൽ പ്രവർത്തിക്കുന്നു.

# ഇന്ത്യ കുതിപ്പിന്റെ പാതയിലെന്ന് ആഗോള സ്ഥാപനങ്ങൾ

# ഇത് നിക്ഷേപത്തിന് അനുയോജ്യ സമയം



*ആഗോള വിദഗ്ധരും സ്ഥാപനങ്ങളും ഇന്ത്യ കുതിപ്പിന്റെ പാതയിലാണെന്ന പ്രതീക്ഷയിലാണ്. അന്താരാഷ്ട്ര നാണയ നിധി ആഗോള വളർച്ചയുടെ എൻജിൻ എന്നാണ് രാജ്യത്തെ വിശേഷിപ്പിക്കുന്നത്. എസ് ആൻഡ് പി 18 വർഷത്തിന് ശേഷം ഇന്ത്യയുടെ റേറ്റിങ് ഉയർത്തി. രാജ്യത്തിന്റെ സാമ്പത്തിക സുസ്ഥിരതയെയും ധനപരമായ വിശ്വാസ്യതയെയും ഫിച്ച് റേറ്റിങ്സ് പ്രശംസിച്ചു. ജനുവരി 11–ന് നടന്ന വൈബ്രന്റ് ഗുജറാത്ത് മേഖലാ സമ്മേളനത്തിൽ ഈ ഘടകങ്ങൾ ചൂണ്ടിക്കാണിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി ആത്മവിശ്വാസം ആവർത്തിച്ചു. ഇതാണ് സമയം, അവസരങ്ങൾ പ്രയോജനപ്പെടുത്താൻ അനുയോജ്യ സമയമാണിത്.*

ലോകമെങ്ങും നിലനിൽക്കുന്ന അനിശ്ചിതത്വങ്ങൾക്കിടയിലും ഇന്ത്യ അഭൂതപൂർവമായ സ്ഥിരതയ്ക്ക് സാക്ഷ്യം വഹിക്കുന്നതിനാലാണ് ലോകം നമ്മിൽ വിശ്വാസമർപ്പിക്കുന്നത്. ഇന്ത്യയിൽ ഇന്ന് രാഷ്ട്രീയ സ്ഥിരതയും നയത്തുടർച്ചയുമുണ്ട്. ഉപഭോക്തൃശേഷി വർധിച്ചുകൊണ്ടിരിക്കുന്നു. ഈ ഘടകങ്ങൾ വലിയ സാധ്യതകളുടെ നാടായി രാജ്യത്തെ മാറ്റിയിരിക്കുന്നു. സൗരാഷ്ട്ര-കച്ച് മേഖലയിൽ നിക്ഷേപം നടത്താൻ ഏറ്റവും അനുയോജ്യമായ സമയമാണിതെന്ന സന്ദേശമാണ് സമ്മേളനം നൽകുന്നതെന്ന് വൈബ്രന്റ് ഗുജറാത്ത് മേഖലാ സമ്മേളനത്തിൽ പ്രധാനമന്ത്രി മോദി പറഞ്ഞു. വികസിത രാഷ്ട്രമെന്ന ലക്ഷ്യത്തിലേക്ക് ഇന്ത്യ അതിവേഗം മുന്നേറുകയാണ്. ഈ യാത്രയിൽ 'റിഫോം എക്സ്പ്രസ്' വലിയ പങ്കുവഹിക്കുന്നു. റിഫോം എക്സ്പ്രസ് നിർത്തില്ലെന്ന് നിക്ഷേപകർക്ക് പ്രധാനമന്ത്രി ഉറപ്പുനൽകി. രാജ്യത്തിന്റെ പരിഷ്കരണ യാത്ര സ്ഥാപനപരമായ പരിവർത്തനത്തിലേക്ക് നീങ്ങിയതോടെ നിക്ഷേപത്തിലെ ഓരോ തുകയും മികച്ച നേട്ടം നൽകും.

രാജ്കോട്ടിൽ സംഘടിപ്പിച്ച കച്ച് - സൗരാഷ്ട്ര മേഖലകളുടെ ദ്വിദിന വൈബ്രന്റ് ഗുജറാത്ത് മേഖലാ സമ്മേളനം പ്രധാനമന്ത്രി മോദി ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിനിടെ 14 ഗ്രീൻഫീൽഡ് സ്മാർട്ട് ഗുജറാത്ത് വ്യാവസായിക വികസന കോർപ്പറേഷൻ ലിമിറ്റഡ് എസ്റ്റേറ്റുകളുടെ വികസനം പ്രധാനമന്ത്രി പ്രഖ്യാപിക്കുകയും ജി.ഐ.ഡി.സി മെഡിക്കൽ ഡിവൈസസ് പാർക്ക് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ജപ്പാൻ, ദക്ഷിണ കൊറിയ, റുവാണ്ട, ഉക്രെയ്ൻ എന്നീ രാജ്യങ്ങൾ പങ്കാളിത്ത രാജ്യങ്ങളായി സമ്മേളനത്തിന്റെ ഭാഗമായി. അടിസ്ഥാന സൗകര്യങ്ങളും വ്യവസായ സജ്ജമായ തൊഴിൽ സേനയുമാണ് ഇന്ന് ആഗോളതലത്തിൽ ഏറ്റവും വലിയ ആവശ്യങ്ങളെന്ന് പ്രധാനമന്ത്രി സമ്മേളനത്തിൽ പറഞ്ഞു.

**"വികസിത രാഷ്ട്രമെന്ന ലക്ഷ്യത്തിലേക്ക് അതിവേഗം മുന്നേറുകയാണ് വർത്തമാന ഇന്ത്യ. ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിൽ 'റിഫോം എക്സ്പ്രസ്' വലിയ പങ്കുവഹിക്കുന്നു. രാജ്യ വളർച്ചയുമായി ബന്ധപ്പെട്ട വസ്തുതകൾ 'പരിഷ്കരണം, പ്രകടനം, പരിവർത്തനം' എന്ന നയത്തിന്റെ വിജയഗാഥയാണ്."**

**-നരേന്ദ്ര മോദി,** ***പ്രധാനമന്ത്രി***



### ഇന്ത്യയുടെ 'റിഫോം എക്സ്പ്രസി'ന്റെ ഗുണപരമായ സ്വാധീനം

- ഓരോ മേഖലയിലും വരുംതലമുറ പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിനെയാണ് 'റിഫോം എക്സ്പ്രസ്' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ജിഎസ്ടി പരിഷ്കാരങ്ങൾ എല്ലാ മേഖലകളിലും ഗുണപരമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. പ്രത്യേകിച്ച് രാജ്യത്തെ സൂക്ഷ്മ-ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് ഇതിലൂടെ വലിയ പ്രയോജനം ലഭിച്ചു. ഇൻഷുറൻസ് മേഖലയിൽ 100 ശതമാനം നേരിട്ടുള്ള വിദേശ നിക്ഷേപം അനുവദിച്ച് വലിയൊരു പരിഷ്കാരം കൊണ്ടുവന്നത് രാജ്യത്തെ ഓരോ പൗരനും സാർവത്രിക ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്ന കാമ്പയിന് വേഗം പകരുന്നു.
- ഏകദേശം ആറ് പതിറ്റാണ്ടിന് ശേഷം ആദായനികുതി നിയമം ആധുനികവൽക്കരിച്ചത് ദശലക്ഷക്കണക്കിന് നികുതിദായകർക്ക് വലിയ ആശ്വാസവും സൗകര്യവും നൽകുന്നു.
- ചരിത്രപരമായ തൊഴിൽ പരിഷ്കാരങ്ങളിലൂടെ വേതനം, സാമൂഹ്യ സുരക്ഷ, വ്യവസായം എന്നിവ ഏകീകൃത ചട്ടക്കൂടിന് കീഴിലായി. ഈ പരിഷ്കാരങ്ങൾ തൊഴിലാളി ക്ഷേമവും വ്യാവസായിക പുരോഗതിയും തമ്മിൽ മികച്ച സന്തുലിതാവസ്ഥ സ്ഥാപിച്ചു.
- ആണവോർജ്ജ രംഗത്തും വരുംതലമുറ പരിഷ്കാരങ്ങൾ നടപ്പാക്കി. കഴിഞ്ഞ പാർലമെന്റ് സമ്മേളനത്തിൽ പാസാക്കിയ 'ശാന്തി' നിയമത്തിലൂടെ സൈനികേതര ആണവോർജ്ജ മേഖല സ്വകാര്യ പങ്കാളിത്തത്തിന് തുറന്നു നൽകിയത് നിക്ഷേപകർക്ക് വലിയ അവസരമാണ്.

### കഴിഞ്ഞ പതിറ്റാണ്ടിനിടെ മുൻനിര രാജ്യങ്ങളുടെ പട്ടികയിൽ ഇടംപിടിച്ച് ഇന്ത്യ

- ലോകത്തെ മൂന്നാമത് വലിയ സമ്പദ് വ്യവസ്ഥയാകാൻ അതിവേഗം കുതിക്കുകയാണ് ഇന്ത്യ.
- പത്തിൽ ഒൻപത് മൊബൈൽ ഫോണുകളും ഇന്ത്യ ഇറക്കുമതി ചെയ്തിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്ന് നാം ലോകത്തെ രണ്ടാമത് വലിയ മൊബൈൽ ഫോൺ നിർമാതാക്കളാണ്.
- ഇന്ത്യയുടെ യുപിഐ ലോകത്തെ ഏറ്റവും മികച്ച തത്സമയ ഡിജിറ്റൽ പണമിടപാട് സംവിധാനമാണ്.
- ലോകത്തെ മൂന്നാമത് വലിയ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ ഇന്ത്യയുടേതാണ്.
- സൗരോർജ ഉല്പാദനത്തിൽ ലോകത്തെ ആദ്യ മൂന്ന് രാജ്യങ്ങളിലൊന്നാണ് ഇന്ത്യ.
- ലോകത്തെ മൂന്നാമത് വലിയ വ്യോമയാന വിപണിയാണ് ഇന്ത്യയുടേത്.
- ഏറ്റവും വലിയ മെട്രോ ശൃംഖലകളുള്ള ലോകത്തെ ആദ്യ മൂന്ന് രാജ്യങ്ങളിൽ ഒന്ന് ഇന്ത്യയാണ്.
- പാൽ, ജനറിക് മരുന്നുകൾ എന്നിവയുടെ ഉല്പാദനത്തിൽ ഇന്ത്യയ്ക്ക് ഒന്നാം സ്ഥാനമുണ്ട്.
- ലോകത്ത് വാക്സിനുകളുടെ വലിയൊരു ഭാഗം നിർമിക്കുന്നത് ഇന്ത്യയാണ്.

*പ്രധാനമന്ത്രിയുടെ പരിപാടി പൂർണമായി കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.*



*അഹമ്മദാബാദ് മെട്രോ രണ്ടാം ഘട്ടത്തിന്റെ സെക്ടർ 10 -A മുതൽ മഹാത്മാ മന്ദിർ വരെ ശേഷിക്കുന്ന ഭാഗം പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. അഹമ്മദാബാദിന്റെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്താൻ കൈക്കൊള്ളുന്ന പ്രതിബദ്ധത വിവിധ വികസന പ്രവർത്തനങ്ങളിൽ വ്യക്തമായി കാണാമെന്ന് ഉദ്ഘാടനത്തിന് ശേഷം അദ്ദേഹം പറഞ്ഞു. മെട്രോയുടെ ഈ മേഖല അഹമ്മദാബാദിലെയും ഗാന്ധിനഗറിലെയും ജനജീവിതം കൂടുതൽ സുഗമമാക്കും.*

ഗുജറാത്ത് ഈ രംഗത്ത് സമ്പൂർണ നിശ്ചയദാർഢ്യം ഉറപ്പുനൽകുന്നു. വിദ്യാഭ്യാസത്തിനും നൈപുണ്യ വികസനത്തിനും മികച്ച അന്താരാഷ്ട്ര ആവാസവ്യവസ്ഥ ഗുജറാത്തിൽ നിലവിലുണ്ട്. കൗശല്യ നൈപുണ്യ സർവകലാശാല ഓസ്ട്രേലിയയിലെയും സിംഗപ്പൂരിലെയും സർവകലാശാലകളുമായി സഹകരിച്ച് ഭാവി ആവശ്യങ്ങൾക്കായി യുവാക്കളെ സജ്ജമാക്കുന്നു. രാജ്യത്തെ ആദ്യ ദേശീയ പ്രതിരോധ സർവകലാശാലയും ഗതിശക്തി സർവകലാശാലയും റോഡ്, റെയിൽ, വ്യോമ, ജലഗതാഗത, ചരക്കുനീക്ക മേഖലകളിലേക്ക് നൈപുണ്യ മനുഷ്യവിഭവ ശേഷി തയ്യാറാക്കുന്നു.

# പി.എം സൂര്യഘർ മുഫ്ത് ബിജ്‌ലി യോജന
# ഇന്ത്യയുടെ സൗരോർജ്ജ വിപ്ലവം

*സൗരോർജ്ജം പൂർണമായി പ്രയോജനപ്പെടുത്തി ഹരിത ഭാവിയിലേക്ക് അതിവേഗം മുന്നേറുകയാണ് രാജ്യം. 100 ജിഗാവാട്ട് സൗരോർജ്ജ ലക്ഷ്യം നിശ്ചിത സമയത്തിന് മുൻപുതന്നെ മറികടന്ന ഇന്ത്യ 2030 – ഓടെ 500 ജിഗാവാട്ട് സംശുദ്ധ ഊർജ്ജവും 2070 – ഓടെ 'നെറ്റ് – സീറോ' ബഹിർഗമനവും കൈവരിക്കാൻ ലക്ഷ്യമിടുന്നു. ഊർജ്ജ രംഗത്ത് കുടുംബങ്ങളെയും രാജ്യത്തെയും സ്വയംപര്യാപ്തമാക്കുന്ന ശ്രമങ്ങളുടെ ഭാഗമായി ആരംഭിച്ച 'പ്രധാൻ മന്ത്രി സൂര്യഘർ മുഫ്ത് ബിജ്‌ലി യോജന' ഫെബ്രുവരി 13 – ന് രണ്ടാം വാർഷികം ആഘോഷിക്കുകയാണ്. രാജ്യത്തിന്റെ സൗരോർജ്ജ വിപ്ലവത്തിന് പദ്ധതി നേതൃത്വം നൽകുന്നു...*

പുനരുപയോഗ ഊർജ്ജ സ്വയംപര്യാപ്തതയിലേക്ക് ഇന്ത്യ നടത്തുന്ന മുന്നേറ്റത്തിലെ വിപ്ലവകരമായ സംരംഭമാണ് പ്രധാൻ മന്ത്രി സൂര്യഘർ മുഫ്ത് ബിജ്‌ലി യോജന. 2024 ഫെബ്രുവരി 13-ന് പദ്ധതിയ്ക്ക് തുടക്കം കുറിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി സൗരോർജ്ജ പുരോഗതിയ്ക്കുവേണ്ടി നിരന്തരം പ്രവർത്തിക്കാൻ എല്ലാവരോടും അഭ്യർത്ഥിച്ചു. എല്ലാ ഗാർഹിക ഉപഭോക്താക്കളോടും, പ്രത്യേകിച്ച് യുവാക്കളോടും pmsuryaghar.gov.in എന്ന വെബ്സൈറ്റിലൂടെ അപേക്ഷിച്ച് 'പി.എം-സൂര്യഘർ മുഫ്ത് ബിജ്‌ലി യോജന' ശക്തിപ്പെടുത്താൻ പ്രധാനമന്ത്രി അഭ്യർത്ഥിച്ചു. രാജ്യത്തെ ജനങ്ങൾക്ക് ഉയർന്ന വരുമാനം നേടാനും വൈദ്യുതി ബില്ലുകൾ കുറയ്ക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പദ്ധതി സഹായിക്കുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആഹ്വാനത്തിന്റെ ഫലമായി 75,021 കോടി രൂപ ചെലവ് പ്രതീക്ഷിച്ച് തുടക്കം കുറിച്ച പദ്ധതിയിൽ ഇതിനകം 55 ലക്ഷത്തിലധികം പേരാണ് അപേക്ഷ നൽകിയത്. മാത്രമല്ല, 21 ലക്ഷത്തിലേറെ പുരപ്പുറ സൗരോർജ്ജ സംവിധാനങ്ങൾ സ്ഥാപിക്കുകയും ചെയ്തു. ഇതിനായി 8 ലക്ഷത്തിലധികം പേർക്ക് 11,000 കോടിയിലേറെ രൂപയുടെ വായ്പകൾ നൽകിയിട്ടുണ്ട്.



### ഇന്ത്യയിൽ അതിവേഗം വളരുന്ന പുരപ്പുറ സൗരോർജ്ജ സംവിധാനം

(2026 ജനുവരി 9 വരെ ലഭ്യമായ കണക്കുകൾ)

**55,48,468** അപേക്ഷകൾ ലഭിച്ചു

**21,36,142** പുരപ്പുറ സൗരോർജ്ജ സംവിധാനങ്ങൾ സ്ഥാപിച്ചു

**26,76,432** കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചു

**7,879** മെഗാവാട്ട് സൗരോർജ ശേഷി സ്ഥാപിച്ചു

**15,153** കോടി രൂപ സബ്സിഡിയായി വിതരണം ചെയ്തു



## മാതൃകാ സൗരോർജ്ജ ഗ്രാമം

പദ്ധതിയുടെ 'മാതൃകാ സൗരോർജ്ജ ഗ്രാമം' ഘടകത്തിന് കീഴിൽ രാജ്യത്തെ ഓരോ ജില്ലയിലും ഒരു മാതൃകാ സൗരോർജ്ജ ഗ്രാമം സ്ഥാപിക്കും. സൗരോർജ്ജം പ്രോത്സാഹിപ്പിക്കുകയും ഗ്രാമീണ സമൂഹങ്ങളെ ഊർജ്ജ സ്വയംപര്യാപ്ത രാക്കുകയുമാണ് ഇതിന്റെ ലക്ഷ്യം. ഇതിനായി സർക്കാർ 800 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെടുന്ന ഓരോ മാതൃകാ ഗ്രാമത്തിനും 1 കോടി രൂപ വീതം ലഭിക്കും. മാതൃകാ ഗ്രാമമാകാൻ അർഹത നേടുന്നതിന് ഒരു റവന്യൂ ഗ്രാമത്തിന് 5,000-ത്തിലേറെ ജനസംഖ്യ ഉണ്ടായിരിക്കണം (പ്രത്യേക വിഭാഗം സംസ്ഥാനങ്ങളിൽ 2,000-ത്തിലധികം). മത്സരാധിഷ്ഠിത പ്രക്രിയയിലൂടെയാണ് ഗ്രാമങ്ങളെ തിരഞ്ഞെടുക്കുന്നത്. മാതൃകാ ഗ്രാമങ്ങൾ വിജയകരമായി സൗരോർജ്ജത്തിലേക്ക് മാറുകയും രാജ്യത്തെ മറ്റ് ഗ്രാമങ്ങൾക്ക് മാതൃകയാവുകയും ചെയ്യുകയാണ് സർക്കാർ ലക്ഷ്യം.

### പി.എം സൂര്യഘർ മുഫ്ത് ബിജ്‌ലി യോജന: വരുമാനത്തിനും തൊഴിലിനും പരിസ്ഥിതി സംരക്ഷണത്തിനുമുള്ള മാർഗം

- **വീടുകളിലെ സമ്പാദ്യവും വരുമാനവും:** വൈദ്യുതി ബില്ലുകളിൽ വലിയ ലാഭം നേടാൻ വീടുകൾക്ക് സാധിക്കുന്നു. പുരപ്പുറ സൗരോർജ്ജ സംവിധാനങ്ങളിലെ അധിക വൈദ്യുതി ഡിസ്കോമുകൾക്ക് വിറ്റ് അധിക വരുമാനം നേടാം; 3 കിലോവാട്ട് സൗരോർജ സംവിധാനത്തിന് പ്രതിമാസം ശരാശരി 300 യൂണിറ്റിലധികം വൈദ്യുതി ഉല്പാദിപ്പിക്കാനാവും.
- **സൗരോർജ്ജ ശേഷി വിപുലീകരണം:** ഗാർഹിക മേഖലയിൽ പുരപ്പുറ സൗരോർജ്ജ വൈദ്യുതി സംവിധാനങ്ങൾ സ്ഥാപിക്കുന്നതിലൂടെ 30 ജിഗാവാട്ട് സൗരോർജ്ജ ശേഷി കൂട്ടിച്ചേർക്കപ്പെടുമെന്ന് കണക്കാക്കുന്നു. രാജ്യത്തിന്റെ പുനരുപയോഗ ഊർജ്ജ ലക്ഷ്യങ്ങളിലേക്ക് ഇത് വലിയ സംഭാവന നൽകുന്നു.
- **പരിസ്ഥിതി ഗുണങ്ങൾ:** പുരപ്പുറ സൗരോർജ്ജ സംവിധാനങ്ങളുടെ 25 വർഷത്തെ ആയുസ്സിനിടെ ഏകദേശം 1000 ബില്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കപ്പെടുമെന്നാണ് കണക്കാക്കുന്നത്. ഇത് 720 ദശലക്ഷം ടൺ കാർബൺ ഡൈ ഓക്സൈഡ് ബഹിർഗമനം കുറയ്ക്കാൻ കാരണമാവുകയും പരിസ്ഥിതിയിൽ ഗുണപരമായ സ്വാധീനം ചെലുത്തുകയും ചെയ്യുന്നു.
- **തൊഴിൽ സൃഷ്ടി:** നിർമാണം, ചരക്കുനീക്കം, വിതരണ ശൃംഖല, വില്പന, സ്ഥാപിക്കൽ, പ്രവർത്തനം, അറ്റകുറ്റപ്പണി എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ ഏകദേശം 1.7 ദശലക്ഷം പ്രത്യക്ഷ തൊഴിലവസരങ്ങൾ പദ്ധതി സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## എത്ര സബ്സിഡി ലഭിക്കും?

പുരപ്പുറ സൗരോർജ്ജ സംവിധാനത്തിന് സബ്സിഡി ലഭിക്കാൻ https://pmsuryaghar.gov.in എന്ന ദേശീയ പോർട്ടൽ വഴി അപേക്ഷിക്കാം. പോർട്ടൽ സന്ദർശിക്കുന്നതിലൂടെ നിങ്ങൾക്ക് അനുയോജ്യമായ സംവിധാനത്തിന്റെ അളവും അത് സ്ഥാപിക്കുന്നതിലൂടെ ലഭിക്കുന്ന പ്രയോജനവും എത്രത്തോളമാണെന്ന് മനസ്സിലാക്കാം. വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത ശേഷം ഉപഭോക്തൃ നമ്പറും മൊബൈൽ നമ്പറും ഉപയോഗിച്ച് ലോഗിൻ ചെയ്യാം. ഫോം പൂരിപ്പിച്ച് വൈദ്യുതി വിതരണ കമ്പനിയിൽ നിന്ന് അനുമതി ലഭിച്ച ശേഷം രജിസ്റ്റർ ചെയ്ത ഡീലർ മുഖേന സൗരോർജ്ജ സംവിധാനം സ്ഥാപിക്കുകയും തുടർന്ന് പ്രസക്തമായ വിവരങ്ങൾ സഹിതം നെറ്റ് മീറ്ററിനായി അപേക്ഷിക്കുകയും വേണം. വൈദ്യുതി കമ്പനി ഇത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തും. അവസാന ഘട്ടത്തിൽ ബാങ്ക് വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കണം. 30 ദിവസത്തിനകം സബ്സിഡി തുക ബാങ്ക് അക്കൗണ്ടിലെത്തും.

- ഓരോ വീടുകൾക്കും ആദ്യത്തെ 2 കിലോവാട്ട് വരെ കിലോവാട്ടിന് 30,000 രൂപ വീതവും തുടർന്ന് ഓരോ അധിക കിലോവാട്ടിനും 18,000 രൂപ വീതവും സബ്സിഡി ലഭിക്കും. ഒരു വീടിന് പരമാവധി 3 കിലോവാട്ട് വരെയാണ് സബ്സിഡി പരിമിതപ്പെടുത്തിയിരിക്കുന്നത്.
- ഒന്നിലേറെ വീടുകളടങ്ങുന്ന സമുച്ചയങ്ങൾക്കും റസിഡന്റ് വെൽഫെയർ അസോസിയേഷനുകൾക്കും 500 കിലോവാട്ട് വരെ സൗരോർജ്ജ സംവിധാനങ്ങൾക്ക് കിലോവാട്ടിന് 18,000 രൂപയാണ് കേന്ദ്ര സഹായം. ഉത്തരാഖണ്ഡ്, ഹിമാചൽ പ്രദേശ്, ജമ്മുകശ്മീർ, ലഡാക്ക്, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ, ആൻഡമാൻ നിക്കോബാർ, ലക്ഷദ്വീപ് എന്നീ പ്രത്യേക വിഭാഗം സംസ്ഥാനങ്ങളിൽ 10 ശതമാനം കൂടുതൽ കേന്ദ്ര സഹായമുണ്ട്.
- കേന്ദ്ര സഹായത്തിന് പുറമെ പുരപ്പുറ സൗരോർജ്ജ സംവിധാനങ്ങൾക്കായി 5.75 ശതമാനം പലിശ നിരക്കിൽ ഈടില്ലാതെ വായ്പകളും ലഭിക്കും.



ദശലക്ഷക്കണക്കിന് വീടുകൾക്ക് താങ്ങാവുന്ന നിരക്കിൽ സൗരോർജ്ജം ലഭ്യമാക്കാൻ സഹായിച്ചതിലുപരി 1 കോടി വീടുകളെ സൗരോർജ്ജത്തിലേക്ക് മാറ്റുകയെന്ന വലിയ ലക്ഷ്യത്തിലേക്ക് പദ്ധതി അതിവേഗം മുന്നേറുന്നു. വൈദ്യുതി ചെലവ് കുറയ്ക്കുന്നതിനൊപ്പം ഊർജ്ജ സ്വയംപര്യാപ്തത, പരിസ്ഥിതി സുസ്ഥിരത, സാമ്പത്തിക വളർച്ച എന്നിവ പ്രോത്സാഹിപ്പിക്കുന്ന പദ്ധതി രാജ്യത്തിന്റെ സംശുദ്ധ ഊർജ്ജ പരിവർത്തനത്തിലെ സുപ്രധാന സ്തംഭമായി മാറിയിരിക്കുന്നു.


# വന്ദേ ഭാരത് എക്സ്പ്രസ്

## ആത്മ നിർഭർ ഭാരതത്തിലേക്കുള്ള പാതയിൽ

*വന്ദേ ഭാരത് ട്രെയിനുകൾ യാത്രകൾ കൂടുതൽ വേഗത്തിലാക്കുകയും സുഖകരമാക്കുകയും മാത്രമല്ല, കൂടുതൽ സുരക്ഷിതമാക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പുതുതായി ആരംഭിച്ച രണ്ട് വന്ദേ ഭാരത് സ്ലീപ്പർ ട്രെയിനുകൾ ഉൾപ്പെടെ 166 വന്ദേ ഭാരത് ട്രെയിനുകൾ രാജ്യത്തെ പ്രമുഖ നഗരങ്ങളെ ബന്ധിപ്പിക്കുന്നു. 2019 ഫെബ്രുവരി 15 – ന് തുടക്കം കുറിച്ചത് മുതൽ 7.5 കോടിയിലധികം യാത്രക്കാർ ഈ അത്യാധുനിക ട്രെയിനുകളിലെ യാത്രാസൗകര്യം പ്രയോജനപ്പെടുത്തിയെന്നത് വന്ദേഭാരതിന്റെ ജനപ്രീതിയ്ക്ക് തെളിവാണ്.*



വന്ദേ ഭാരത് ട്രെയിനിൽ യാത്ര ചെയ്ത ശ്രീധർ കുമാർ എന്ന യാത്രക്കാരൻ പറയുന്നത് പട്നയിലേക്കുള്ള യാത്രകൾക്ക് ഇപ്പോൾ വന്ദേ ഭാരതിനാണ് മുൻഗണന നൽകുന്നതെന്നാണ്. ഈ ട്രെയിനിലെ യാത്ര ക്ഷീണമില്ലാത്തതും അതീവ സുഖകരവുമാണ്. അതിവേഗത്തിൽ സുരക്ഷിതവും സുഖകരവുമായ യാത്ര – അതാണ് വന്ദേ ഭാരത് എക്സ്പ്രസിന്റെ മുഖമുദ്ര. സന്തോഷ് ഗുപ്ത എന്ന മറ്റൊരു യാത്രക്കാരന്റെ അഭിപ്രായത്തിൽ യാത്രാനുഭവം ഏറെ സുഖകരമായിരുന്നു. സുഖപ്രദമായ സീറ്റുകളും ട്രെയിനിന്റെ വേഗവും ആധുനിക സൗകര്യങ്ങളും യാത്ര മികച്ചതാക്കി. ശ്രീധർ കുമാറിനെയും സന്തോഷ് ഗുപ്തയെയും പോലെ ഏഴര കോടിയിലധികം യാത്രക്കാർ ഇന്ന് വന്ദേ ഭാരത് ട്രെയിനിൽ സുഖകരമായ യാത്ര പൂർത്തിയാക്കിയിരിക്കുന്നു. 'മെയ്ക്ക് ഇൻ ഇന്ത്യ' സംരംഭത്തിന് കീഴിൽ നിർമിച്ച ഓരോ ട്രെയിനും അത്യാധുനിക സൗകര്യങ്ങളാൽ സജ്ജമാണ്. ഓട്ടോമാറ്റിക് പ്ലഗ് ഡോറുകളും കറങ്ങുന്ന സീറ്റുകളും ബയോ വാക്വം ശൗചാലയങ്ങളും ഇതിലുൾപ്പെടുന്നു. കൂടാതെ ജി.പി.എസ് അധിഷ്ഠിത യാത്രാവിവര സംവിധാനവും സമ്പൂർണ നിരീക്ഷണ ക്യാമറകളും ഈ ട്രെയിനുകളിലുണ്ട്.



**ഇന്ത്യൻ റെയിൽവേയിൽ നടക്കുന്ന വിപ്ലവത്തെക്കുറിച്ച് ലോകത്തോട് വിളിച്ചുപറയാൻ വിദേശികൾ രാജ്യത്തെ മെട്രോകളുടെയും ട്രെയിനുകളുടെയും വീഡിയോകൾ നിർമിക്കുന്നത് ഈയിടെയായി ഞാൻ ശ്രദ്ധിക്കുന്നു. ഈ വന്ദേ ഭാരത് ട്രെയിൻ 'മെയ്ഡ് ഇൻ ഇന്ത്യ' ആണ്; ഇന്ത്യക്കാരുടെ വിയർപ്പാണ് ഇതിന്റെ നിർമാണത്തിന് പിന്നിൽ. രാജ്യത്തെ ആദ്യ വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ മാ കാളിയുടെ ബംഗാളിനെ മാ കാമാഖ്യയുടെ അസമുമായി ബന്ധിപ്പിക്കുന്നു. വരും കാലങ്ങളിൽ ഈ ആധുനിക ട്രെയിൻ രാജ്യം മുഴുവൻ വ്യാപിപ്പിക്കും. ഈ ആധുനിക സ്ലീപ്പർ ട്രെയിൻ സാക്ഷാത്ക്കരിക്കപ്പെട്ട വേളയിൽ ബംഗാളിനെയും അസമിനെയും രാജ്യത്തെത്തന്നെയും ഞാൻ അഭിനന്ദിക്കുന്നു'**

**-നരേന്ദ്ര മോദി,** ***പ്രധാനമന്ത്രി***



# 164 വന്ദേ ഭാരത് ട്രെയിനുകളുടെ രാജ്യവ്യാപക ശൃംഖല

വികസിത രാജ്യങ്ങളുടെ സാമ്പത്തിക വികാസത്തിൽ അടിസ്ഥാന സൗകര്യ വികസനം വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഗണ്യമായ പുരോഗതി കൈവരിച്ച എല്ലാ രാജ്യങ്ങളിലും അടിസ്ഥാന സൗകര്യങ്ങളുടെ മുന്നേറ്റം നിർണായകമായിരുന്നു. ഇന്ത്യയും ഈ പാതയിലൂടെ അതിവേഗം മുന്നേറുകയാണ്. ഈ പശ്ചാത്തലത്തിൽ രാജ്യത്ത് ആധുനിക റെയിൽ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിലെ സുപ്രധാന ചുവടുവെപ്പായി 2019-ൽ കേവലം ഒരു ട്രെയിനുമായി ആരംഭിച്ച വന്ദേ ഭാരത് ദൗത്യം ഇന്ന് 164 ട്രെയിനുകളുടെ ശൃംഖലയായി മാറിയിരിക്കുന്നു. ഈ ട്രെയിനുകൾ ഓരോ മാസവും ദശലക്ഷക്കണക്കിന് യാത്രക്കാരെ വഹിക്കുന്നു. റെയിൽവേ വികസനത്തിന്റെ വേഗം വർധിപ്പിക്കുന്നതിന് രാജ്യത്തിന്റെ എല്ലാ കോണുകളെയും ബന്ധിപ്പിക്കുന്ന 75 വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ പ്രവർത്തിപ്പിക്കുമെന്ന് 2021 ഓഗസ്റ്റ് 15-ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ചെങ്കോട്ടയിൽ പ്രഖ്യാപിച്ചിരുന്നു.

- ബിസിനസ് യാത്രികരുടെ കാര്യക്ഷമത വർധിപ്പിക്കാൻ വന്ദേ ഭാരത് സഹായിക്കുന്നു.
- യാത്രക്കാർക്ക് സുഖകരമായ യാത്ര ഉറപ്പാക്കുന്നു.
- റോഡ്, വ്യോമ യാത്രകളെ അപേക്ഷിച്ച് കാർബൺ ബഹിർഗമനം കുറയ്ക്കുന്നു.

## ആദ്യ വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ ഹൗറയ്ക്കും ഗുവാഹത്തിക്കും ഇടയിൽ

രാജ്യത്തിന് പുതുവത്സര സമ്മാനമെന്ന നിലയിൽ ഇന്ത്യൻ റെയിൽവേ അതിന്റെ ആദ്യ വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ 2026 ജനുവരി 17-ന് പുറത്തിറക്കി. ഹൗറയ്ക്കും ഗുവാഹത്തിക്കും ഇടയിലെ ആദ്യ വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ അസമിലെ കാംരൂപ് മെട്രോപൊളിറ്റൻ, ബോംഗൈഗാവ് എന്നീ ജില്ലകൾക്കും പശ്ചിമ ബംഗാളിലെ കൂച്ച് ബെഹാർ, ജൽപായ്ഗുരി, മാൽഡ, മുർഷിദാബാദ്, ഈസ്റ്റ് ബർദ്വാൻ, ഹൂഗ്ലി, ഹൗറ എന്നീ ജില്ലകൾക്കും പ്രയോജനപ്പെടും. വന്ദേ ഭാരത് സ്ലീപ്പർ ട്രെയിനിന്റെ പരിശോധനകളും സാക്ഷ്യപ്പെടുത്തലുകളും വിജയകരമായി പൂർത്തിയാക്കിയതായി റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു.

- വന്ദേഭാരത് സ്ലീപ്പർ ട്രെയിനിൽ 11 ത്രീ-ടയർ എസി കോച്ചുകളും 4 ടു-ടയർ എസി കോച്ചുകളും ഒരു ഫസ്റ്റ് ക്ലാസ് എസി കോച്ചുമടക്കം 16 കോച്ചുകളുണ്ടാകും. ഏകദേശം 823 യാത്രക്കാരെ ഉൾക്കൊള്ളാൻ ട്രെയിനിന് ശേഷിയുണ്ട്.
- വന്ദേ ഭാരത് സ്ലീപ്പർ ട്രെയിനിലെ യാത്രക്കാർക്ക് പ്രാദേശിക ഭക്ഷ്യ വിഭവങ്ങൾ ആസ്വദിക്കാം.
- ഗുവാഹത്തിയിൽ നിന്ന് പുറപ്പെടുന്ന ട്രെയിനിൽ അസമീസ് വിഭവങ്ങളും കൊൽക്കത്തയിൽ നിന്ന് പുറപ്പെടുന്ന ട്രെയിനിൽ പരമ്പരാഗത ബംഗാളി വിഭവങ്ങളും നൽകും.

## 'മെയ്ക്ക് ഇൻ ഇന്ത്യ'യുടെയും 'ആത്മനിർഭർ ഭാരത'ത്തിന്റെയും പ്രതീകം

ഇന്ത്യൻ റെയിൽവേയുടെ സാങ്കേതിക ശേഷിയുടെ പ്രതീകമെന്നതിലുപരി 'മെയ്ക്ക് ഇൻ ഇന്ത്യ', 'ആത്മനിർഭർ ഭാരത്' കാഴ്ചപ്പാടുകൾ ഉൾക്കൊള്ളുന്ന രാജ്യത്തെ ആധുനിക ഗതാഗത സംവിധാനത്തിന്റെ ശക്തമായ അടിത്തറകൂടിയാണ് വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ. ബീഹാർ ഉൾപ്പെടെ രാജ്യത്തെങ്ങും വികസനത്തിന്റെയും യാത്രാസൗകര്യങ്ങളുടെയും പുതിയ അധ്യായം രചിക്കുകയാണ് വന്ദേഭാരത് എക്സ്പ്രസ് ട്രെയിനുകൾ.



## വേഗത്തിൽ സുരക്ഷിതമായ സുഖകര യാത്ര മിതമായ നിരക്കിൽ

**164** വന്ദേഭാരത് ട്രെയിനുകളാണ് 2025 ഡിസംബർ വരെ ഇന്ത്യൻ റെയിൽവേ ശൃംഖലയിൽ ഓടുന്നത്.

**15** വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകളാണ് 2025-ൽ ഇന്ത്യൻ റെയിൽവേ പുതുതായി അവതരിപ്പിച്ചത്.

പുതിയ വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ രാത്രികാല യാത്രാനുഭവം പൂർണമായി മാറ്റിമറിക്കും. ദീർഘദൂര യാത്രക്കാർക്ക് വേഗത്തിന്റെയും സുഖസൗകര്യങ്ങളുടെയും അത്യാധുനിക സജ്ജീകരണങ്ങളുടെയും മികച്ച സംയോജനമാണ് ഈ ട്രെയിനുകൾ ഉറപ്പുനൽകുന്നത്.

- 2019 ഫെബ്രുവരി 15-ന് ന്യൂഡൽഹി-കാൺപൂർ-അലഹബാദ്-വാരണാസി റൂട്ടിലാണ് മണിക്കൂറിൽ 160 കിലോമീറ്റർ വേഗത്തിലോടുന്ന ആദ്യ വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിൻ ഫ്ലാഗ് ഓഫ് ചെയ്തത്. റെയിൽ യാത്രികർക്കും വിനോദസഞ്ചാരികൾക്കും വന്ദേ ഭാരത് എക്സ്പ്രസ് വലിയ അനുഗ്രഹമാണെന്ന് ഇതിനകം തെളിയിക്കപ്പെട്ടിട്ടുണ്ട്.

## വന്ദേ ഭാരത് സ്ലീപ്പർ ട്രെയിനിന്റെ അത്യാധുനിക സൗകര്യങ്ങളും സുരക്ഷാ സവിശേഷതകളും

മണിക്കൂറിൽ 180 കിലോമീറ്റർ വരെ വേഗത്തിലോടുന്ന അർധ-അതിവേഗ ട്രെയിൻ.

- മെച്ചപ്പെട്ട കുഷ്യൻ സൗകര്യത്തോടെ ശരീരത്തിന് ആയാസമില്ലാത്ത വിധത്തിൽ രൂപകല്പന ചെയ്ത ബെർത്തുകൾ.
- സുഗമമായ പ്രവേശനത്തിന് കവാടങ്ങൾ ഉൾപ്പെടെ ഓട്ടോമാറ്റിക് ഡോറുകൾ.
- മികച്ച സസ്പെൻഷൻ സംവിധാനത്തിലൂടെയും ശബ്ദം കുറയ്ക്കുന്ന സാങ്കേതികവിദ്യയിലൂടെയും മെച്ചപ്പെട്ട യാത്രാനിലവാരം.
- ‘കവച്’ സുരക്ഷാ സാങ്കേതികവിദ്യ സജ്ജീകരിച്ചിരിക്കുന്നു.
- ഉയർന്ന നിലവാരത്തിൽ ശുചിത്വം പാലിക്കുന്നതിന് അണുനശീകരണ സാങ്കേതികവിദ്യ.
- അത്യാധുനിക നിയന്ത്രണ-സുരക്ഷാ സംവിധാനങ്ങളോടു കൂടിയ ഡ്രൈവർ ക്യാബിൻ.
- എയറോഡൈനാമിക് ബാഹ്യ രൂപഘടന
- ദിവ്യാംഗർക്കായി പ്രത്യേക ക്രമീകരണങ്ങൾ.
- അടിയന്തര സാഹചര്യങ്ങളിൽ യാത്രക്കാർക്ക് ട്രെയിൻ മാനേജറുമായോ ലോക്കോ പൈലറ്റുമായോ ആശയവിനിമയം നടത്താൻ ‘എമർജൻസി ടോക്ക്-ബാക്ക്’ സംവിധാനം.
- എല്ലാ കോച്ചുകളിലും നിരീക്ഷണ ക്യാമറകൾ.
- വൈദ്യുതി നിയന്ത്രണ ബോക്സുകളിലും ശുചിമുറികളിലും അഗ്നിബാധ മുൻകൂട്ടി തിരിച്ചറിയാനും തടയാനും എയറോസോൾ അധിഷ്ഠിത അഗ്നിശമന സംവിധാനം ഉൾപ്പെടുത്തി മെച്ചപ്പെട്ട സുരക്ഷാ സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്





### അമൃത് ഭാരത് ട്രെയിൻ

- അമൃത് ഭാരത് ട്രെയിനുകൾ പൂർണമായും നോൺ-എസി ട്രെയിനുകളാണ്. നിലവിൽ 12 സ്ലീപ്പർ കോച്ചുകളും 8 ജനറൽ കോച്ചുകളും ഉപയോഗിച്ച് യാത്രക്കാർക്ക് ഉയർന്ന നിലവാരത്തിൽ ഈ ട്രെയിനുകൾ സേവനം നൽകുന്നു.
- 2026-ന്റെ തുടക്കത്തിൽ 7 പുതിയ അമൃത് ഭാരത് എക്സ്പ്രസ് ട്രെയിനുകൾ പുറത്തിറക്കി. 2025-ൽ ഇത്തരം 13 ട്രെയിനുകൾ അവതരിപ്പിച്ചിരുന്നു. നിലവിൽ ആകെ 37 അമൃത് ഭാരത് ട്രെയിനുകളാണ് ഇന്ത്യൻ റെയിൽവേ ശൃംഖലയിൽ സർവീസ് നടത്തുന്നത്.



### നമോ ഭാരത് റാപ്പിഡ് റെയിൽ

- നമോ ഭാരത് റാപ്പിഡ് റെയിൽ സർവീസുകൾ ഉയർന്ന ആവൃത്തിയിൽ പ്രാദേശിക യാത്രാസൗകര്യം ഉറപ്പാക്കാനായി രൂപകല്പന ചെയ്തവയാണ്. തിരക്കേറിയ ഇടനാഴികളിലെ ഹ്രസ്വ-മധ്യദൂര യാത്രകൾ മെച്ചപ്പെടുത്താൻ ഈ ട്രെയിനുകൾ സഹായിക്കുന്നു.
- നിലവിൽ ഭുജ്-അഹമ്മദാബാദ്, ജയനഗർ-പട്ന റൂട്ടുകളിലായി രണ്ട് നമോ ഭാരത് റാപ്പിഡ് റെയിൽ സർവീസുകളാണ് രാജ്യത്ത് സർവീസ് നടത്തുന്നത്.

ഇന്ത്യയുടെ സാംസ്കാരിക-ആത്മീയ-സാമ്പത്തിക കേന്ദ്രങ്ങളെ ഇത് പരസ്പരം ബന്ധിപ്പിക്കുന്നു. രാജ്യത്തെ 274-ലധികം ജില്ലകളിൽ ഈ ട്രെയിനുകൾ സർവീസ് നടത്തുന്നു. വിപുലമായ യാത്രാ ശൃംഖല രാജ്യത്തെങ്ങും യാത്രകളും വിനോദസഞ്ചാരവും പ്രാദേശിക സമ്പർക്ക സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നു.



# വോളിബോൾ

## സമ്പൂർണ സന്തുലിതാവസ്ഥയുടെ കായികവിനോദം

പ്രധാനമന്ത്രിയുടെ പരിപാടി പൂർണമായി കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക

72-ാമത് ദേശീയ വോളിബോൾ ടൂർണമെന്റ് പ്രധാനമന്ത്രി നരേന്ദ്ര മോദി വാരണാസിയിൽ ഉദ്ഘാടനം ചെയ്തു

***ലോകം ഇന്ന് ഇന്ത്യയുടെ വളരുന്ന സമ്പദ് വ്യവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യുകയാണ്. ഈ പുരോഗതി സാമ്പത്തിക രംഗത്ത് മാത്രം ഒതുങ്ങുന്നില്ല, മറിച്ച് കായികരംഗത്തെ ആത്മവിശ്വാസത്തിലും ഇത് പ്രതിഫലിക്കുന്നു. കായികരംഗത്തെ ഇന്ത്യയുടെ പ്രകടനം നിരന്തരം മെച്ചപ്പെടുന്നുണ്ട്; കാരണം, കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ കായിക ആവാസവ്യവസ്ഥയെ കേന്ദ്ര സർക്കാർ എല്ലാ തലത്തിലും ശക്തിപ്പെടുത്തുകയാണ്. ഈ പ്രതിബദ്ധതയുടെ ഭാഗമായി ജനുവരി 4-ന് വാരണാസിയിൽ സംഘടിപ്പിച്ച 72-ാമത് ദേശീയ വോളിബോൾ ടൂർണമെന്റ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു...***

72-ാമത് ദേശീയ വോളിബോൾ ടൂർണമെന്റ് ജനുവരി 4 മുതൽ 11 വരെ വാരണാസിയിൽ സംഘടിപ്പിച്ചു. 28 സംസ്ഥാനങ്ങളിൽ നിന്നും വിവിധ സ്ഥാപനങ്ങളിൽ നിന്നും 58 ടീമുകളിലായി ആയിരത്തിലേറെ താരങ്ങൾ പങ്കെടുത്തു. വോളിബോൾ ഒരു സാധാരണ കായിക വിനോദമല്ലെന്നും മറിച്ച് സന്തുലിതാവസ്ഥയുടെയും സഹകരണത്തിന്റെയും കളിയാണെന്നും ഉദ്ഘാടന ചടങ്ങിനെ അഭിസംബോധന ചെയ്ത പ്രധാനമന്ത്രി എടുത്തുപറഞ്ഞു. പന്ത് എപ്പോഴും ഉയരത്തിൽ നിർത്താൻ നടത്തുന്ന ശ്രമത്തിൽ നിശ്ചയദാർഢ്യമാണ് പ്രതിഫലിക്കുന്നത്. 'ടീം ഫസ്റ്റ്' എന്ന മന്ത്രത്തിലൂന്നി മുന്നേറുന്ന വോളിബോൾ മത്സരം താരങ്ങളെ സംഘബോധവുമായി ബന്ധിപ്പിക്കുന്നു. ഓരോ കളിക്കാരനും വ്യത്യസ്ത കഴിവുകളുണ്ടായിരിക്കാം, എന്നാൽ എല്ലാവരും കളിക്കുന്നത് സ്വന്തം ടീമിന്റെ വിജയത്തിനു വേണ്ടിയാണ്. ഇന്ത്യയുടെ വികസനഗാഥയെ വോളിബോളിനോട് ഉപമിച്ച പ്രധാനമന്ത്രി ഒരു വിജയവും ഒറ്റയ്ക്ക് നേടാനാവില്ലെന്നും വിജയമെന്നത് ഏകോപനത്തെയും വിശ്വാസത്തെയും ടീമിന്റെ സന്നദ്ധതയെയും ആശ്രയിച്ചാണെന്നും വ്യക്തമാക്കി. എല്ലാവർക്കും അവരവരുടെ പങ്കും ഉത്തരവാദിത്തവുമുണ്ടെന്നും എല്ലാവരും ഗൗരവത്തോടെ കടമകൾ നിർവഹിക്കുമ്പോൾ മാത്രമേ വിജയം സാധ്യമാകൂ എന്നും അദ്ദേഹം ഓർമിപ്പിച്ചു.

*2030ലെ കോമൺവെൽത്ത് ഗെയിംസിന് ഇന്ത്യ ആതിഥേയത്വം വഹിക്കും. കൂടാതെ 2036-ലെ ഒളിമ്പിക്സിന് വേദിയാകാനും രാജ്യം ശക്തമായ ശ്രമങ്ങൾ നടത്തുന്നുണ്ട്. കൂടുതൽ കായികതാരങ്ങൾക്ക് മികച്ച അവസരങ്ങൾ നൽകാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.*

കായിക ബജറ്റ് സർക്കാർ ഗണ്യമായി വർധിപ്പിച്ചതായും ഇന്ന് പ്രതിഭകളെ കണ്ടെത്തുന്നതിലും ശാസ്ത്രീയ പരിശീലനത്തിലും പോഷകാഹാരത്തിലും സുതാര്യമായ തിരഞ്ഞെടുപ്പിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന 'അത്‌ലറ്റ് കേന്ദ്രീകൃത' മാതൃകയായി ഇന്ന് രാജ്യത്തിന്റെ കായിക മാതൃക മാറിയതായും പ്രധാനമന്ത്രി പറഞ്ഞു. ദേശീയ കായിക ഭരണനിർവഹണ നിയമം, ഖേലോ ഭാരത് നയം 2025 എന്നിവയുൾപ്പെടെ കായിക മേഖലയിൽ സർക്കാർ വലിയ പരിഷ്കാരങ്ങൾ നടപ്പാക്കി. ഖേലോ ഇന്ത്യയും ടോപ്സ് പോലുള്ള സംരംഭങ്ങളും രാജ്യത്തെ കായിക ആവാസ വ്യവസ്ഥയെ പരിവർത്തനം ചെയ്യുന്നതായി പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

**ഇന്ത്യയുടെ വികസനഗാഥയും വോളിബോളും തമ്മിൽ നിരവധി സാമ്യതകൾ ഞാൻ കാണുന്നു. ഒരു വിജയവും ഒറ്റയ്ക്ക് നേടാനാവില്ലെന്ന് വോളിബോൾ നമ്മെ പഠിപ്പിക്കുന്നു. ഏകോപനത്തെയും വിശ്വാസത്തെയും ടീമിന്റെ സന്നദ്ധതയെയും ആശ്രയിച്ചാണ് നമ്മുടെ വിജയം.**

**- നരേന്ദ്ര മോദി,** ***പ്രധാനമന്ത്രി***





# പൂർവ്വോദയ മന്ത്രത്തിന്റെ ചാലകശക്തി

# പശ്ചിമ ബംഗാൾ

***കേന്ദ്ര ഗവൺമെന്റിന്റെ പൂർവ്വോദയ എന്ന മുദ്രാവാക്യം, കേവലം ആഹ്വാനത്തിന് ഉപരിയായി മാറിയിരിക്കുന്നു ; പശ്ചിമ ബംഗാളിന്റെ വികസന യാത്രയിൽ തുടർച്ചയായി പുതിയ മാനങ്ങൾ ചേർക്കുന്ന ഒരു മാർഗ്ഗനിർദ്ദേശക തത്വമായി അത് മാറിയിരിക്കുന്നു. ഇന്ത്യൻ റെയിൽവേയെ ആധുനികവൽക്കരിക്കുന്നതിനുള്ള സംരംഭമായ വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ ആരംഭിച്ചതു മുതൽ മറ്റ് വികസന പദ്ധതികൾ വരെ, പശ്ചിമ ബംഗാളിന്റെ പുരോഗതി പുതിയ ഗതിവേഗം കൈവരിച്ചു. ജനുവരി 17 – 18 തീയതികളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി മാൽഡയിൽ 3,000 കോടി രൂപയിലധികം മൂല്യമുള്ള പദ്ധതികൾക്കുടെയും പശ്ചിമ ബംഗാളിലെ ഹുഗ്ലിയിലെ സിംഗൂരിൽ 830 കോടിരൂപയിലധികം മൂല്യമുള്ള പദ്ധതികളുടെയും ഉദ്ഘാടനവും തറക്കല്ലിടലും നിർവ്വഹിച്ചു...***



ഇന്ത്യയെ വികസിത രാഷ്ട്രമാക്കുന്നതിന് കിഴക്കൻ ഇന്ത്യയുടെ വികസനം തുല്യരീതിയിൽ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഗവൺമെന്റ് നിരന്തരം പ്രവർത്തിക്കുന്നു. ഈ ദൃഢനിശ്ചയത്തെ കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട്, ജനുവരി മധ്യത്തിൽ നടത്തിയ പ്രത്യേക സന്ദർശന വേളയിൽ, പശ്ചിമ ബംഗാളിന് 4,000 കോടിരൂപയിലധികം മൂല്യമുള്ള പദ്ധതികൾ പ്രധാനമന്ത്രി നരേന്ദ്ര മോദി സമ്മാനിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ 'പൂർവ്വോദയ' മന്ത്രം സംസ്ഥാനത്തിന്റെ വികസനത്തിൽ പുതിയ അധ്യായങ്ങൾ ചേർക്കുന്നതെങ്ങനെ എന്നതിന്റെ തെളിവാണ്, പശ്ചിമ ബംഗാളിലെ ഈ വികസന പദ്ധതികളുടെ ശിലാസ്ഥാപനവും ഉദ്ഘാടനവും പ്രതിഫലിപ്പിക്കുന്നത്. പശ്ചിമ ബംഗാളിന്റെ ഈ പുണ്യഭൂമിയിൽ നിന്ന്, ഇന്ത്യൻ റെയിൽവേയുടെ ആധുനികവൽക്കരണത്തിലേക്കുള്ള മറ്റൊരു പ്രധാന ചുവടുവയ്പ്പ് നടന്നിരിക്കുന്നു. പൂർണ്ണമായും തദ്ദേശീയമായി നിർമ്മിച്ച വന്ദേ ഭാരത് സ്ലീപ്പർ ട്രെയിനുകൾ രാജ്യത്ത് ആദ്യമായി ആരംഭിച്ചത് ഇവിടെ നിന്നാണ്. മാ കാളിയുടെ ഭൂമിയെ മാ കാമാഖ്യയുടെ ഭൂമിയുമായി ബന്ധിപ്പിക്കുന്ന ആദ്യത്തെ വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ.

പശ്ചിമ ബംഗാളിന് അര ഡസനോളം പുതിയ അമൃത് ഭാരത് എക്സ്പ്രസ് ട്രെയിനുകളും ലഭിച്ചു. ഈ ട്രെയിനുകൾ വാരണാസി, ഡൽഹി, തമിഴ്നാട് എന്നിവിടങ്ങളിലേക്കുള്ള യാത്ര എളുപ്പമാക്കും.പശ്ചിമ ബംഗാളിൽ പ്രധാനമന്ത്രിയുടെ രണ്ട് ദിവസത്തെ സന്ദർശനം, റെയിൽ ഗതാഗത മേഖലയെ സംബന്ധിച്ചിടത്തോളം അഭൂതപൂർവമായ നേട്ടങ്ങൾക്ക് കാരണമായി. പ്രധാനമന്ത്രി മോദി തന്നെ ഇപ്രകാരം പറഞ്ഞു, 'ഒരുപക്ഷേ കഴിഞ്ഞ 100 വർഷത്തിനിടെ പോലും കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ ചെയ്തയത്രയും ജോലികൾ നടന്നിട്ടില്ലായിരിക്കാം' പശ്ചിമ ബംഗാളിന്റെ പുരോഗതി ത്വരിതപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ ശക്തമായി. ഈ പദ്ധതികൾ സംസ്ഥാനത്തെ ജനങ്ങളുടെ യാത്രയും വ്യാപാരവും എളുപ്പമാക്കും. സംസ്ഥാനത്തെ യുവാക്കൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.

*പ്രധാനമന്ത്രിയുടെ പരിപാടിയുടെ പൂർണ്ണരൂപം കാണുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ*

**ഇന്ത്യയെ പരസ്പരം ബന്ധിപ്പിക്കുക എന്നതാണ് ഞങ്ങളുടെ മുൻഗണന, ദൂരങ്ങളെ തമ്മിൽ അടുപ്പിക്കുക എന്നതാണ് ഞങ്ങളുടെ ദൗത്യം.**

**നരേന്ദ്ര മോദി,** ***പ്രധാനമന്ത്രി***





## വികസന പാതയിൽ പശ്ചിമ ബംഗാൾ

മാൾഡയിൽ

**4,080**

കോടി രൂപയുടെ വിവിധ റെയിൽ, വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും.

- ഹൗറയ്ക്കും ഗുവാഹത്തി( കാമാഖ്യ) ക്കും ഇടയിൽ രാജ്യത്തെ ആദ്യ വന്ദേ ഭാരത് സ്ലീപ്പർ ട്രെയിനിന്റെ ഫ്ലാഗ് ഓഫ്.
- ഉൾനാടൻ ജലഗതാഗതവും പ്രാദേശിക ഗതാഗത സൗകര്യവും വർദ്ധിപ്പിക്കുന്ന വികസിപ്പിച്ച തുറമുഖ കവാട സംവിധാനത്തിന് ബാലാഗഡിൽ തറക്കല്ലിടൽ.
- കൊൽക്കത്തയിൽ അത്യാധുനിക ഇലക്ട്രിക് ജലയാനത്തിന്റെ സമാരംഭം. കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡ് ഉൾനാടൻ ജലഗതാഗതത്തിനായി തദ്ദേശീയമായി നിർമ്മിച്ച ആറ് വൈദ്യുത ജലയാനങ്ങളിൽ ഒന്നാണിത്.
- മറ്റ് സംസ്ഥാനങ്ങളുമായുള്ള പശ്ചിമ ബംഗാളിന്റെ റെയിൽ കണക്റ്റിവിറ്റി ശക്തിപ്പെടുത്തുന്ന 7 അമൃത് ഭാരത് ട്രെയിനുകളുടെ ഫ്ലാഗ് ഓഫ്.
- ഈ ട്രെയിനുകൾ ഇവയാണ്: ന്യൂ ജൽപൈഗുരി-നാഗർകോവിൽ അമൃത് ഭാരത് എക്സ്പ്രസ്; ന്യൂ ജൽപൈഗുരി-തിരുച്ചിറപ്പള്ളി അമൃത് ഭാരത് എക്സ്പ്രസ്; അലിപുർദുർ-എസ്എംവിടി ബെംഗളൂരു അമൃത് ഭാരത് എക്സ്പ്രസ്; അലിപുർദുർ-മുംബൈ (പൻവേൽ) അമൃത് ഭാരത് എക്സ്പ്രസ്; കൊൽക്കത്ത (ഹൗറ)-ആനന്ദ് വിഹാർ ടെർമിനൽ അമൃത് ഭാരത് എക്സ്പ്രസ്; കൊൽക്കത്ത (സീൽഡ)-ബനാറസ് അമൃത് ഭാരത് എക്സ്പ്രസ്; കൊൽക്കത്ത (സാന്ദ്രഗച്ചി)-താംബരം അമൃത് ഭാരത് എക്സ്പ്രസ്.
- ബലുർഘട്ടിനും ഹിലിക്കും ഇടയിലുള്ള പുതിയ റെയിൽ പാത, ന്യൂ ജൽപൈഗുരിയിലെ നൂതന ചരക്ക് അറ്റകുറ്റപ്പണി സൗകര്യങ്ങൾ, സിലിഗുരി ലോക്കോ ഷെഡിന്റെ നവീകരണം, ജൽപൈഗുരി ജില്ലയിലെ വന്ദേ ഭാരത് ട്രെയിൻ അറ്റകുറ്റപ്പണി സൗകര്യങ്ങളുടെ നവീകരണം എന്നിവയുൾപ്പെടെ പശ്ചിമ ബംഗാളിലെ നാല് പ്രധാന റെയിൽവേ പദ്ധതികൾക്ക് തറക്കല്ലിടൽ.
- ന്യൂ കൂച്ച് ബെഹാർ-ബമൻഹട്ട്, ന്യൂ കൂച്ച് ബെഹാർ-ബോക്സിർഹട്ട് എന്നിവയ്ക്കിടയിലുള്ള റെയിൽ പാതകളുടെ വൈദ്യുതീകരണം രാഷ്ട്രത്തിന് സമർപ്പിച്ചു.
- എൽഎച്ച്ബി കോച്ചുകൾ ഘടിപ്പിച്ച രണ്ട് പുതിയ ട്രെയിൻ സർവീസുകളും ഫ്ലാഗ് ഓഫ് ചെയ്തു.
- ജയറാംബതി-ബരോഗോപിനാഥ്പൂർ-മയ്നാപൂർ പുതിയ റെയിൽ പാതയുടെ ഉദ്ഘാടനം.
- ദേശീയപാത 31D യുടെ ധുപ്ഗുരി-ഫലകത സെക്ഷന്റെ പുനർനിർമ്മാണത്തിനും നാലുവരിയാക്കലിനും തറക്കല്ലിടൽ.

*പ്രധാനമന്ത്രിയുടെ പരിപാടിയുടെ പൂർണ്ണരൂപം കാണുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ*

ജലപാതകൾ സംബന്ധിച്ച് ഈ സംസ്ഥാനത്തിന് അസാധാരണ സാധ്യതകളുണ്ട്. കേന്ദ്ര ഗവൺമെന്റ് നിരന്തരം പ്രവർത്തിക്കുന്ന ഒരു മേഖലയാണിത്. പശ്ചിമ ബംഗാളിന്റെ വികസനത്തിന് മാത്രമല്ല, ഇന്ത്യയുടെ വികസനത്തിനും ഇത് നിർണായകമാണ്. പശ്ചിമ ബംഗാളിനെ ഉൽപ്പാദനം, വ്യാപാരം, ലോജിസ്റ്റിക്സ് എന്നിവയുടെ പ്രധാന കേന്ദ്രമാക്കി മാറ്റാൻ കഴിയുന്ന സ്തംഭങ്ങളാണിവ. ഇന്ന്, ബഹു -തല കണക്റ്റിവിറ്റിയിലും ഹരിത ഗതാഗതത്തിനും ഇന്ത്യ വലിയ ഊന്നൽ നൽകുന്നു. ഗതാഗതം സുഗമമാക്കുന്നതിന്, തുറമുഖങ്ങൾ, ഉൾനാടൻ ജലപാതകൾ, ഹൈവേകൾ, വിമാനത്താവളങ്ങൾ എന്നിവയെല്ലാം പരസ്പരം ബന്ധിപ്പിച്ചിരിക്കുന്നു. ഇത് ചരക്ക് നീക്കത്തിന്റെ ചെലവുകളും യാത്രാ സമയവും കുറയ്ക്കുന്നു. മത്സ്യബന്ധനത്തിന്റെയും സമുദ്രവിഭവങ്ങളുടെയും ഉൽപാദനത്തിലും കയറ്റുമതിയിലും ഇന്ത്യ അതിവേഗം മുന്നേറുകയാണ്. ഈ മേഖലയിൽ രാജ്യത്തെ നയിക്കുക എന്നതാണ് പശ്ചിമ ബംഗാളിനെക്കുറിച്ചുള്ള പ്രധാനമന്ത്രിയുടെ ദർശനം.

### ആധുനികതയും സ്വയം പര്യാപ്തതയും

ഇന്ത്യൻ റെയിൽവേ ആധുനികവും സ്വയംപര്യാപ്തവുമായി മാറുകയാണ്. റെയിൽവേ പാതകൾ വൈദ്യുതീകരിക്കപ്പെടുന്നു, റെയിൽവേ സ്റ്റേഷനുകൾ നവീകരിക്കപ്പെടുന്നു. ഇന്ത്യൻ നിർമ്മിത ലോക്കോമോട്ടീവുകൾ, റെയിൽവേ കോച്ചുകൾ, മെട്രോ കോച്ചുകൾ എന്നിവ ഇന്ത്യൻ സാങ്കേതിക വിദ്യയുടെ പ്രതീകങ്ങളായി മാറുകയാണ്. ഇന്ന്, യുഎസിലും യൂറോപ്പിലും ഉള്ളതിനേക്കാൾ കൂടുതൽ ലോക്കോമോട്ടീവുകൾ ഇന്ത്യയിൽ നിർമ്മിക്കപ്പെടുന്നു. ഇന്ത്യ ലോകമെമ്പാടുമുള്ള നിരവധി രാജ്യങ്ങളിലേക്ക് പാസഞ്ചർ, മെട്രോ ട്രെയിൻ കോച്ചുകൾ കയറ്റുമതി ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. ഇത് സമ്പദ്‌വ്യവസ്ഥയ്ക്ക് ഗുണം ചെയ്യുകയും യുവാക്കൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ഇന്ന്, പശ്ചിമ ബംഗാൾ ഉൾപ്പെടെ രാജ്യത്തുടനീളം 150-ലധികം വന്ദേ ഭാരത് ട്രെയിനുകൾ സർവീസ് നടത്തുന്നു. ഇതോടൊപ്പം, ആധുനികവും അതിവേഗത്തിലുള്ളതുമായ ട്രെയിനുകളുടെ ഒരു സമ്പൂർണ്ണ ശൃംഖല വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. പശ്ചിമ ബംഗാളിലെ ദരിദ്രരും ഇടത്തരക്കാരുമായ കുടുംബങ്ങൾക്ക് ഇത് വളരെയധികം പ്രയോജനകരമാകുന്നു.




പ്രധാനമന്ത്രിയുടെ പരിപാടിയുടെ പൂർണ്ണരൂപം കാണുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# അസം സമ്പദ്‌വ്യവസ്ഥയ്ക്കും പരിസ്ഥിതിക്കും ഇടയിൽ ഒരു സന്തുലിതാവസ്ഥ സൃഷ്ടിക്കുന്നു

*പ്രകൃതിയെയും പുരോഗതിയെയും കൂട്ടിയിണക്കി മുന്നോട്ട് നീങ്ങുന്നതിലൂടെ ഇന്ത്യ ഇന്ന് ഒരു മാതൃക സൃഷ്ടിക്കുകയാണ്. ജനുവരി പകുതിയോടെ അസമിലെ കാലിയാബോറിൽ നടന്ന, ഏകദേശം ?7,000 കോടി ചെലവ് വരുന്ന കാസിരംഗ ഉയരപ്പാത ഇടനാഴി പദ്ധതിയുടെ ഭൂമി പൂജ ചടങ്ങ് ഈ മനോഭാവത്തെ തന്നെയാണ് പ്രതിഫലിപ്പിക്കുന്നത്. ഇന്ത്യയുടെ ജൈവവൈവിധ്യത്തിന്റെ അമൂല്യ രത്നമായ കാസിരംഗയ്ക്കായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ പ്രത്യേക പദ്ധതി ആരംഭിച്ചു. കൂടാതെ അസമിന്റെ സാംസ്കാരിക പൈതൃകത്തെ ആഘോഷിക്കുന്നതിനൊപ്പം വികസന പദ്ധതികളുടെ അവലോകനവും നടത്തി...*

ഇന്ത്യയുടെ വികസനത്തിന്റെ എഞ്ചിനായ വടക്കുകിഴക്കൻ മേഖല അകലമെന്ന തടസ്സത്തെ നേരിട്ടു – ഹൃദയങ്ങളുടെ അകലവും സ്ഥലങ്ങളുടെ അകലവും. പതിറ്റാണ്ടുകളായി, രാജ്യത്തിന്റെ വികസനം മറ്റ് ഭാഗങ്ങളിൽ നടക്കുന്നുണ്ടെന്നും തങ്ങൾ പിന്നാക്കമാണെന്ന് ഇവിടുത്തെ ജനങ്ങൾക്ക് അനുഭവപ്പെട്ടു. ഇത് സമ്പദ്‌വ്യവസ്ഥയെ മാത്രമല്ല, വിശ്വാസത്തെയും ബാധിച്ചു. 70-ലധികം തവണ വടക്കുകിഴക്കൻ മേഖല സന്ദർശിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ ധാരണ മാറ്റാൻ പ്രവർത്തിച്ചിട്ടുണ്ട്. വടക്കുകിഴക്കൻ മേഖലയുടെ വികസനത്തിന് അദ്ദേഹം മുൻഗണന നൽകി. അസമിനെ റോഡ്, റെയിൽവേ, വ്യോമപാത, ജലപാത എന്നിവയിലൂടെ ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരേ സമയം അദ്ദേഹം ആരംഭിച്ചു. ഇന്ന് അതിന്റെ ഫലങ്ങൾ വ്യക്തമാണ്: വടക്കുകിഴക്കൻ മേഖലയും അതിന്റെ കവാടമായ അസമും വികസനത്തിന്റെ ഒരു പുതിയ ഇതിഹാസം രചിക്കുന്നു. കാസിരംഗ ഉയരപ്പാത ഇടനാഴി പദ്ധതി ഈ ശ്രമത്തിന്റെ തുടർച്ചയാണ്. കാസിരംഗയെയും അതിന്റെ വന്യജീവി സമ്പത്തിനെയും സംരക്ഷിക്കുക എന്നത് പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് മാത്രമല്ല; അത് അസമിന്റെ ഭാവിയോടും ഭാവി തലമുറകളോടുമുള്ള ഉത്തരവാദിത്വം കൂടിയാണ്. കാസിരംഗ ഒരു ദേശീയോദ്യാനം മാത്രമല്ല; അത് അസമിന്റെ ആത്മാവാണ്.

> **കണക്റ്റിവിറ്റിയുടെ ഈ വികാസം വടക്കുകിഴക്കൻ മേഖല, വികസനത്തിന്റെ അതിർവരമ്പിന് അപ്പുറമല്ല എന്ന ആത്മവിശ്വാസം പകരുന്നു. വടക്കുകിഴക്ക് ഇനി അകലെയല്ല; വടക്കുകിഴക്ക് ഇപ്പോൾ ഞങ്ങളുടെ ഹൃദയങ്ങൾക്കും ഡൽഹിക്കും അടുത്താണ്**
>
> **. നരേന്ദ്ര മോദി, പ്രധാനമന്ത്രി**

## വികസന സമ്മാനങ്ങൾ സ്വീകരിച്ച് അസം

- കാലിയബോറിൽ 6,950 കോടിരൂപയിലധികം ചെലവ് വരുന്ന 86 കിലോമീറ്റർ നീളമുള്ള കാസിരംഗ ഉയരപ്പാത ഇടനാഴി പദ്ധതിയുടെ ഭൂമിപൂജ ചടങ്ങ് നടന്നു.
- കാസിരംഗ ദേശീയോദ്യാനത്തിലൂടെ കടന്നു പോകുന്ന 35 കിലോമീറ്റർ ഉയരപ്പാത വന്യ ജീവി ഇടനാഴി, 21 കിലോമീറ്റർ ബൈപാസ് ഭാഗം, നിലവിലുള്ള ദേശീയപാത-715 ന്റെ 30 കിലോമീറ്റർ ദൂരം രണ്ട് വരിയിൽ നിന്ന് നാല് വരിയിലേക്ക് വീതി കൂട്ടൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു.
- ഗുവാഹത്തി (കാമാഖ്യ) റോഹ്തക്, ദിബ്രുഗ ഡ്-ലഖ്നൗ (ഗോമതി നഗർ) എന്നിവയ്ക്കിടയിൽ സർവീസ് നടത്തുന്ന രണ്ട് പുതിയ അമൃത് ഭാരത് എക്സ്പ്രസ് ട്രെയിനുകൾ ഫ്ലാഗ് ഓഫ് ചെയ്തു.
- ബോഡോ സമൂഹത്തിന്റെ പൈതൃക സാംസ്കാരിക ഉത്സവമായ 'ബാഗുരുംബ ദഹോ 2026' സംഘടിപ്പിച്ചു. ബോഡോ സമൂഹത്തിലെ 10,000-ത്തിലധികം കലാകാരന്മാർ ചടങ്ങിൽ ബാഗുരുംബ നൃത്തം അവതരിപ്പിച്ചു.
- ബാഗുരുംബ നൃത്തം സമാധാനം, ഫലഭൂയിഷ്ഠത, സന്തോഷം, സാമുദായിക ഐക്യം എന്നിവയെ പ്രതീകപ്പെടുത്തുന്നു. കൂടാതെ ബിസാഗു, ദൊമാസി തുടങ്ങിയ ബോഡോ പുതുവത്സര ആഘോഷങ്ങളുമായി ഇത് അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു.



### ബാഗുരുംബ ദഹോ റെക്കോർഡ് സൃഷ്ടിച്ചു

വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ ഇപ്പോൾ ഡൽഹിയുടെയും പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെയും ഹൃദയഭാഗത്താണ്. ജനുവരി മധ്യത്തിൽ പ്രധാനമന്ത്രി മോദി അസമിൽ വികസന പദ്ധതികൾ ആരംഭിച്ചപ്പോൾ ഈ വാത്സല്യം വീണ്ടും വ്യക്തമായി ദൃശ്യമായി. ഈ പരിപാടിയിൽ, ബോഡോ സമൂഹത്തിലെ പെൺമക്കൾ നടത്തിയ ബാഗുരുംബ പ്രകടനത്തിലൂടെ ഒരു പുതിയ റെക്കോർഡ് സ്ഥാപിച്ചു. ബാഗുരുംബയുടെ അത്ഭുതകരമായ പ്രകടനം, പതിനായിരത്തിലധികം കലാകാരന്മാരുടെ ഊർജ്ജം, ഖാം ഡ്രമ്മുകളുടെ താളം, സിഫുങ് ഫ്ലൂട്ടിന്റെ ഭാവഈണം - ഈ സമന്വയം ഏവരെയും ആകർഷിച്ചു. ബാഗുരുംബയുടെ അനുഭവം കണ്ണുകളിൽ നിന്ന് ഹൃദയത്തിലേക്ക് ചേക്കേറി, 'വികസനവും പൈതൃകവും' എന്ന മന്ത്രത്തെ കൂടുതൽ ശക്തിപ്പെടുത്തി. 'ബാഗുരുംബ ദഹോ' എന്നത് വെറുമൊരു ഉത്സവമല്ല; മഹത്തായ ബോഡോ പാരമ്പര്യത്തെ ആദരിക്കുന്നതിനുള്ള ഒരു മാധ്യമമാണിത്.

*പ്രധാനമന്ത്രിയുടെ പരിപാടിയുടെ പൂർണ്ണരൂപം കാണുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ*

ഇന്ത്യയുടെ ജൈവവൈവിധ്യത്തിന്റെ ഒരു അമൂല്യ രത്നം കൂടിയാണ് ഇത്. യുനെസ്കോ ഇതിന് ലോക പൈതൃക പദവി നൽകി.

**ഈ പദ്ധതി എന്തുകൊണ്ട് അനിവാര്യതയായി മാറി ?**

ഒറ്റക്കൊമ്പൻ കാണ്ടാമൃഗങ്ങളുടെ ആവാസ കേന്ദ്രമാണ് കാസിരംഗ. എല്ലാ വർഷവും മഴക്കാലത്ത്, ബ്രഹ്മപുത്ര നദി കരകവിഞ്ഞൊഴുകുമ്പോൾ, ഏറ്റവും വലിയ വെല്ലുവിളി സൃഷ്ടിക്കപ്പെടുന്നു. ആ സമയം വന്യജീവികൾ ഉയർന്ന സ്ഥലം തേടുന്നു. ഈ യാത്രയിൽ, അവയ്ക്ക് ദേശീയ പാത മുറിച്ചുകടക്കേണ്ടിവരും. അത്തരം സമയങ്ങളിൽ, കാണ്ടാമൃഗങ്ങൾ, ആനകൾ, മാനുകൾ എന്നിവ റോഡിൽ യഥേഷ്ടം സഞ്ചരിക്കുന്നു . വനവും അതിലെ വന്യജീവികളും സുരക്ഷിതമായി ഇരിക്കുമ്പോൾതന്നെ റോഡ് പ്രവർത്തനക്ഷമമായി തുടരുന്നുവെന്ന് ഉറപ്പാക്കുകയാണ് കേന്ദ്ര ഗവൺമെന്റിന്റെ ശ്രമം. ഈ കാഴ്ചപ്പാടിന് അനുസരിച്ച്, കാലിയബോറിൽ നിന്ന് നുമലിഗഢിലേക്ക് ഏകദേശം 90 കിലോമീറ്റർ നീളമുള്ള ഒരു ഇടനാഴി നിർമ്മിച്ചുകൊണ്ടിരിക്കുന്നു. ഈ പദ്ധതിക്ക് ഏകദേശം 7,000 കോടി രൂപ ചിലവാകും. ഏകദേശം 35 കിലോമീറ്റർ വിസ്തൃതിയുള്ള ഒരു ഉയരപ്പാത വന്യജീവി ഇടനാഴി ഇതിൽ ഉൾപ്പെടും. ഒറ്റക്കൊമ്പൻ കാണ്ടാമൃഗം, ആനകൾ, കടുവകൾ തുടങ്ങിയ മൃഗങ്ങളുടെ പരമ്പരാഗത സഞ്ചാര മാർഗങ്ങൾ നിലനിർത്തികൊണ്ടാണ് ഇടനാഴി രൂപകൽപ്പന ചെയ്തിരിക്കുന്നത്. അപ്പർ അസമിനും അരുണാചൽ പ്രദേശിനും ഇടയിലുള്ള ഗതാഗതസൗകര്യവും ഈ ഇടനാഴി മെച്ചപ്പെടുത്തും.

**അസം: വടക്കുകിഴക്കൻ മേഖലയുടെ വികസനത്തിന്റെ കവാടം**

അസമിന്റെ വികസനം, വടക്കുകിഴക്കൻ മേഖലയുടെ യാകെ വികസനത്തിന് പുതിയ വാതിലുകൾ തുറക്കുകയാണ്. വർദ്ധിച്ച റെയിൽ കണക്റ്റിവിറ്റി സാമൂഹികവും സാമ്പത്തികവുമായ തലങ്ങളിൽ നേട്ടങ്ങൾ കൊണ്ടുവരുന്നു. അതിനാൽ, ഗതാഗതസൗകര്യം വികസിപ്പിക്കുന്നത് വടക്കുകിഴക്കൻ മേഖലയ്ക്ക് നിർണായകമാണ്. മുമ്പ്, അസമിന് റെയിൽവേ ബജറ്റിൽ 2,000 കോടി രൂപ മാത്രമേ ലഭിച്ചിരുന്നുള്ളൂ; ഇപ്പോൾ ഇത് 10,000 കോടി രൂപയായി വർദ്ധിച്ചു. ഈ വർദ്ധിച്ച നിക്ഷേപം വലിയ തോതിലുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് കാരണമായി. 2026 ജനുവരിയിൽ കാലിയാബോറിൽ നിന്ന് ആരംഭിച്ച മൂന്ന് പുതിയ ട്രെയിൻ സർവീസുകൾ അസമിന്റെ റെയിൽ യാത്ര സംവിധാനത്തിന്റെ ഗണ്യമായ പുരോഗതിയെ പ്രതിനിധീകരിക്കുന്നു.



# മാനവരാശിക്കാകെ വേണ്ടിയുള്ളതാണ് ഭഗവാൻ ബുദ്ധന്റെ ജ്ഞാനം


***ഇന്ത്യ सर्वजनहिताय, सर्वजनसुखाय എല്ലാവരുടെയും ക്ഷേമത്തിനും സന്തോഷത്തിനും വേണ്ടി പ്രതിജ്ഞാബദ്ധമാണ്. ഇതാണ് ഭഗവാൻ ബുദ്ധൻ നമ്മെ പഠിപ്പിച്ചത്. ഭഗവാൻ ബുദ്ധന്റെ ജ്ഞാനവും അദ്ദേഹം കാണിച്ചുതന്ന പാതയും മാനവരാശിക്കാകെ അവകാശപ്പെട്ടതും കാലാതീതവും ചിരസ്ഥായിയുമാണ്. ജനുവരി 3 ന് ന്യൂഡൽഹിയിലെ റായ് പിത്തോറ സാംസ്കാരിക സമുച്ചയത്തിൽ ഭഗവാൻ ബുദ്ധന്റെ പിപ്രാഹ്വയിൽ നിന്നുള്ള തിരുശേഷിപ്പുകളുടെ ഒരു അന്താരാഷ്ട്ര പ്രദർശനം പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു...***

ഇന്ത്യ, ഭഗവാൻ ബുദ്ധന്റെ തിരുശേഷിപ്പുകളുടെ സംരക്ഷക രാജ്യം മാത്രമല്ല, അദ്ദേഹത്തിന്റെ പാരമ്പര്യത്തിന്റെ ജീവസുറ്റ വാഹക രാജ്യം കൂടിയാണ്. പിപ്രാഹ്വ, വൈശാലി, ദേവ്നി മോറി, നാഗാർജുനകൊണ്ട എന്നിവിടങ്ങളിൽ കാണപ്പെടുന്ന ഭഗവാൻ ബുദ്ധനുമായി ബന്ധപ്പെട്ട തിരുശേഷിപ്പുകൾ ബുദ്ധന്റെ സന്ദേശത്തിന്റെ ജീവിക്കുന്ന സാന്നിധ്യമാണ്. ശാസ്ത്രത്തിന്റെയും ആത്മീയതയുടെയും എല്ലാ തലങ്ങളിലും നിന്നുകൊണ്ട് ഇന്ത്യ ഈ തിരുശേഷിപ്പുകൾ സംരക്ഷിക്കുകയും സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഭഗവാൻ ബുദ്ധൻ, തന്റെ ജീവിതത്തെ വളരെ ആഴത്തിൽ സ്വാധീനിച്ചത് വലിയ ഭാഗ്യമായി താൻ കരുതുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. അദ്ദേഹം ജനിച്ച വഡ്നഗർ നഗരം ബുദ്ധമത പഠനത്തിന്റെ ഒരു പ്രധാന കേന്ദ്രമായിരുന്നു. ഭഗവാൻ ബുദ്ധൻ തന്റെ ആദ്യ പ്രഭാഷണം നടത്തിയ സാരനാഥ് ഇപ്പോൾ അദ്ദേഹത്തിന്റെ ജോലിസ്ഥലമാണ്. ഗവൺമെന്റിന്റെ ഉത്തരവാദിത്തങ്ങളിൽ നിന്ന് വിട്ടുനിന്നപ്പോഴും, ഒരു തീർത്ഥാടകനെന്ന നിലയിൽ അദ്ദേഹം ബുദ്ധ തീർത്ഥാടന കേന്ദ്രങ്ങൾ സന്ദർശിക്കുന്നത് തുടർന്നു. പ്രധാനമന്ത്രി എന്ന നിലയിൽ, ലോകത്തെ പ്രധാന ബുദ്ധമത തീർത്ഥാടന കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനുള്ള സൗഭാഗ്യം അദ്ദേഹത്തിന് ലഭിച്ചു

“

**ഭഗവാൻ ബുദ്ധൻ, സംഘർഷത്തിനും ആധിപത്യത്തിനും പകരം ഒരുമിച്ച് നടക്കാനുള്ള പാത ലോകത്തിന് കാണിച്ചുകൊടുത്തു. ഇതാണ് എല്ലായ്പ്പോഴും ഇന്ത്യയുടെ കാതലായ തത്ത്വചിന്ത. ശക്തമായ ആശയങ്ങളിലൂടെയും ആഴമേറിയ വികാരങ്ങളിലൂടെയും ആഗോള ക്ഷേമത്തിന്റെ പാത നാം സ്വീകരിച്ചിട്ടുണ്ട്. എല്ലായ്പ്പോഴും മാനവികതയുടെ താൽപര്യങ്ങൾ നാം മുൻനിർത്തി. ഈ സമീപനത്തിലൂടെ, 21-ാം നൂറ്റാണ്ടിന്റെ ലോകത്തിന് ഇന്ത്യ സംഭാവന നൽകുന്നു.**

**നരേന്ദ്ര മോദി,** ***പ്രധാനമന്ത്രി***



### ഒരു നൂറ്റാണ്ടിലേറെക്കാലത്തിനു ശേഷം പിപ്രാഹ്വ തിരുശേഷിപ്പുകൾ തിരികെ കൊണ്ടുവന്നു

- പിപ്രാഹ്വയുമായി ബന്ധപ്പെട്ട ആധികാരിക തിരുശേഷിപ്പുകളും പുരാവസ്തുക്കളും ഉൾപ്പെടുത്തിയാണ് ആദ്യമായി പ്രദർശനം നടത്തിയത്.
- 1898 ൽ കണ്ടെത്തിയ പിപ്രാഹ്വ ശേഷിപ്പുകൾ ആദ്യകാല ബുദ്ധ മതത്തെക്കുറിച്ചുള്ള പുരാവസ്തു പഠനത്തിൽ ഒരു പ്രധാന സ്ഥാനം വഹിക്കുന്നു. ഭഗവാൻ ബുദ്ധനുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്ന ആദ്യത്തേതും ചരിത്രപരമായി പ്രാധാന്യമുള്ളതുമായ ശേഷിപ്പുകളിൽ ഒന്നാണിത്.
- പുരാവസ്തു തെളിവുകൾ പിപ്രാഹ്വ എന്ന് സ്ഥലത്തെ പുരാതന കപിലവസ്തുവുമായി ബന്ധിപ്പിക്കുന്നു. ബുദ്ധന്റെ ദർശനങ്ങളോടുള്ള ഇന്ത്യയുടെ ആഴമേറിയ നാഗരിക ബന്ധത്തെ ഈ പ്രദർശനം എടുത്തുകാണിക്കുന്നു.
- ഗവൺമെന്റിന്റെ സുസ്ഥിരമായ പരിശ്രമം, സ്ഥാപനപരമായ സഹകരണം, നൂതനമായ പൊതു-സ്വകാര്യ പങ്കാളിത്തം എന്നിവയിലൂടെയാണ് ഈ ശേഷിപ്പുകളുടെ തിരിച്ചെടുക്കൽ സമീപകാലത്ത് പ്രാപ്യമായത് .
- പിപ്രാഹ്വ പുനഃസമാഗമം, ബുദ്ധന്റെ ജീവിതത്തിനെക്കുറിച്ചുള്ള ലഘു വിവരണം എന്നിവ മറ്റ് വിഭാഗങ്ങളിൽ ഉൾപ്പെടുന്നു.
- സമഗ്രമായ ദൃശ്യ- ശ്രവ്യ ഘടകങ്ങളാണ് ഈ പ്രദർശനത്തെ പിന്തുണയ്ക്കുന്നത്. ഭഗവാൻ ബുദ്ധന്റെ ജീവിതത്തെക്കുറിച്ച് ഇത് വ്യക്തമായ ഉൾക്കാഴ്ച നൽകുന്നു.

### ലോകമെമ്പാടുമായി ബുദ്ധമത കേന്ദ്രങ്ങൾ വികസിപ്പിക്കാനുള്ള ശ്രമങ്ങൾക്ക് ഇന്ത്യ നേതൃത്വം നൽകുന്നു

- നേപ്പാളിൽ വിനാശകരമായ ഭൂകമ്പം ഉണ്ടായി പുരാതന ബുദ്ധ സ്തൂപങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചപ്പോൾ, അവയുടെ പുനർനിർമ്മാണത്തിന് ഇന്ത്യ സഹായം നൽകി.
- മ്യാൻമറിലെ ബാഗാനിൽ ഉണ്ടായ ഭൂകമ്പത്തെത്തുടർന്ന്, 11 ലധികം പഗോഡകൾ സംരക്ഷിക്കാൻ ഇന്ത്യ സഹായം നൽകി.
- ഗുജറാത്തിലെ വദ്നഗറിൽ ഏകദേശം 2,500 വർഷത്തെ ചരിത്രാനുഭവം പ്രദാനം ചെയ്യുന്ന ഒരു മനോഹരമായ മ്യൂസിയം നിർമ്മിച്ചിട്ടുണ്ട്.
- ജമ്മു കശ്മീരിലെ ബാരാമുള്ളയിൽ ബുദ്ധമത കാലഘട്ടത്തിലെ ഒരു പ്രധാന ബുദ്ധമത കേന്ദ്രം കണ്ടെത്തി. സംരക്ഷണ പ്രവർത്തനങ്ങൾ ഇപ്പോൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്.
- ബോധ് ഗയയിൽ ഒരു കൺവെൻഷൻ സെന്ററും ധ്യാന-അനുഭവ കേന്ദ്രവും സ്ഥാപിച്ചിട്ടുണ്ട്.
- ശ്രാവസ്തി, കപിലവസ്തു, കുശിനഗർ എന്നിവിടങ്ങളിൽ ആധുനിക സൗകര്യങ്ങൾ നിർമ്മിച്ചിട്ടുണ്ട്.
- സാഞ്ചി, നാഗാർജുന സാഗർ, അമരാവതി എന്നിവിടങ്ങളിൽ തീർത്ഥാടകർക്കായി പുതിയ സൗകര്യങ്ങൾ നിർമ്മിച്ചിട്ടുണ്ട് .
- ഇന്ത്യയിലെ എല്ലാ ബുദ്ധമത തീർത്ഥാടന കേന്ദ്രങ്ങളിലേക്കും മികച്ച ഗതാഗത സൗകര്യം ഉറപ്പാക്കാൻ രാജ്യത്ത് ഒരു ബുദ്ധമത സർക്യൂട്ട് സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്.
- അഭിധർമ്മവും ഭഗവാൻ ബുദ്ധന്റെ അധ്യയനങ്ങളും പാലി ഭാഷയിലായതിനാൽ,അതിലേക്കുള്ള വിശാലമായ പ്രവേശനം പ്രോത്സാഹിപ്പിക്കുന്നതിനായി ഗവൺമെന്റ് പാലി ഭാഷയ്ക്ക് ക്ലാസിക്കൽ പദവി നൽകി.

125 വർഷത്തെ കാത്തിരിപ്പിന് ശേഷം ഇന്ത്യയുടെ പൈതൃകവും പാരമ്പര്യവും തിരിച്ചുവന്നതായി പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ഇന്നു മുതൽ ഇന്ത്യയിലെ ജനങ്ങൾക്ക് ഭഗവാൻ ബുദ്ധന്റെ ഈ തിരുശേഷിപ്പുകൾ കാണാനും അനുഗ്രഹങ്ങൾ നേടാനും കഴിയും. എവിടെ പോയാലും ഭഗവാൻ ബുദ്ധന്റെ പൈതൃകത്തിന്റെ ഒരു പ്രതീകം തിരികെ കൊണ്ടുവരാൻ താൻ ശ്രമിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി മോദി അഭിപ്രായപ്പെട്ടു. ചൈന, ജപ്പാൻ, കൊറിയ, മംഗോളിയ എന്നിവിടങ്ങളിലേക്കുള്ള സന്ദർശനത്തിൽ ബോധിവൃക്ഷത്തിന്റെ തൈകൾ കൊണ്ടുപോയിരുന്നുവെന്ന് അദ്ദേഹം എടുത്തുപറഞ്ഞു.

**ഇന്ത്യയുടെ മഹത്തായ ചരിത്രത്തിന്റെ കളിത്തൊട്ടിൽ- ഖില റായ് പിത്തോറ.**

ഈ പ്രദർശനം സജ്ജീകരിച്ചിരിക്കുന്ന സ്ഥലം തന്നെ സവിശേഷമാണെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ഇന്ത്യയുടെ മഹത്തായ ചരിത്രത്തിന്റെ ഒരു നാടാണ് ഖില റായ് പിത്തോറ എന്ന് അദ്ദേഹം എടുത്തുപറഞ്ഞു. ഏകദേശം ആയിരം വർഷങ്ങൾക്ക് മുമ്പ് മുൻ ഭരണാധികാരികൾ ശക്തവും കരുത്തുറ്റതുമായ മതിലുകളാൽ ചുറ്റപ്പെട്ട ഒരു നഗരം ഇവിടെ സ്ഥാപിച്ചു. ഇതേ ചരിത്ര നഗര സമുച്ചയത്തിനുള്ളിൽ, ചരിത്രത്തിലെ ഒരു ആത്മീയവും ധാർമികവുമായ അധ്യായം വികസിച്ചു.




# വൈവിധ്യത്തെ, ജനാധിപത്യത്തിന്റെ ശക്തിയായി ഇന്ത്യ പരിവർത്തനം ചെയ്തു

***ഇന്ത്യയിൽ ജനാധിപത്യം എന്നാൽ എല്ലാ കോണിലും സേവനം എത്തിക്കുക എന്നതാണ്. അതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് വിവേചനമില്ലാതെ ഓരോ വ്യക്തിക്കും വേണ്ടി പ്രവർത്തിക്കുന്നത്. പൊതുജനക്ഷേമത്തിന്റെ മനോഭാവത്താൽ ഇത് നയിക്കപ്പെടുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളായി 250 ദശലക്ഷം പേരെ ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കാൻ ഇത് കാരണമായി. ജനാധിപത്യ വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, ജനുവരി 15 ന് പാർലമെന്റ് മന്ദിര സമുച്ചയത്തിലെ സെൻട്രൽ ഹാളിൽ കോമൺവെൽത്തിലെ സ്പീക്കർമാരുടെയും പ്രിസൈഡിംഗ് ഓഫീസർമാരുടെയും 28-ാമത് സമ്മേളനം (CSPOC) പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു...***

ഇന്ത്യ സ്വാതന്ത്ര്യം നേടിയപ്പോൾ, ഇത്രയധികം വൈവിധ്യമുള്ള ഒരു രാജ്യത്ത് ജനാധിപത്യം നിലനിൽക്കില്ലെന്ന് ആശങ്കകൾ പ്രകടിപ്പിക്കപ്പെട്ടു. എന്നാൽ ഇന്ത്യ ഈ വൈവിധ്യത്തെ തന്നെ അതിന്റെ ജനാധിപത്യത്തിന്റെ ശക്തിയാക്കി മാറ്റി. ജനങ്ങൾ പരമോന്നതരായതിനാൽ ഇന്ത്യയിൽ ജനാധിപത്യം നിലനിൽക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. അവരുടെ അഭിലാഷങ്ങൾക്കും സ്വപ്നങ്ങൾക്കും മുൻഗണന നൽകിയിട്ടുണ്ടെന്നും, അവരുടെ വഴിയിൽ തടസ്സങ്ങളൊന്നും വരുന്നില്ലെന്ന് ഉറപ്പാക്കാൻ, പ്രവർത്തനങ്ങൾ മുതൽ സാങ്കേതികവിദ്യ വരെ എല്ലാം ജനാധിപത്യവൽക്കരിക്കപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം അടിവരയിട്ടു പറഞ്ഞു. ഈ ജനാധിപത്യ മനോഭാവം ഇന്ത്യയുടെ സിരകളിലും മനസ്സിലും സംസ്കാരത്തിലും കലർന്നിരിക്കുന്നതായി അദ്ദേഹം പറഞ്ഞു. ജനങ്ങളുടെ താൽപ്പര്യം, ക്ഷേമം, സൗഖ്യം എന്നിവയാണ് ഞങ്ങളുടെ മൂല്യങ്ങൾ. ജനാധിപത്യമാണ് ഈ മൂല്യങ്ങൾ നമുക്ക് പകർന്നു നൽകിയത്.

**ജനാധിപത്യ സംവിധാനങ്ങളും ജനാധിപത്യ പ്രക്രിയകളും ജനാധിപത്യത്തിന് സ്ഥിരത, വേഗത, വ്യാപ്തി എന്നിവ നൽകുന്നുണ്ടെന്ന് ഇന്ത്യ തെളിയിച്ചിട്ടുണ്ട്.**

**നരേന്ദ്ര മോദി,**
*പ്രധാനമന്ത്രി*





## ഇന്ത്യയുടെ ജനാധിപത്യ മൂല്യങ്ങൾ പരീക്ഷിക്കപ്പെട്ടിരിക്കുന്നു

തമിഴ്നാട്ടിൽ നിന്ന് ലഭിച്ച പത്താം നൂറ്റാണ്ടിലെ ഒരു ലിഖിതത്തിൽ ജനാധിപത്യ മൂല്യങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുന്ന ഒരു ഗ്രാമസഭയെക്കുറിച്ച് വിവരിക്കുന്നു. അവിടെ ഉത്തരവാദിത്വത്തിനും തീരുമാനമെടുക്കലിനും വ്യക്തമായ നിയമങ്ങളുണ്ടായിരുന്നു. ഇന്ത്യയുടെ ജനാധിപത്യ മൂല്യങ്ങൾ വീണ്ടും വീണ്ടും പരീക്ഷിക്കപ്പെട്ടിട്ടുണ്ട്. വൈവിധ്യം ഇന്ത്യയെ പിന്തുണച്ചിട്ടുണ്ട്, ഓരോ തലമുറയിലും അത് കൂടുതൽ ശക്തമായി. ലോകം ഇന്ത്യയെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായി അംഗീകരിക്കുന്നു. ഇതിനെ ജനാധിപത്യത്തിന്റെ മാതാവ് എന്നും വിളിക്കുന്നു. സംവാദത്തിന്റെയും സംഭാഷണത്തിന്റെയും കൂട്ടായ തീരുമാനങ്ങളെടുക്കലിന്റെയും ഒരു ദൈർഘ്യമേറിയ പാരമ്പര്യം രാജ്യത്തിനുണ്ട്. 5,000 വർഷത്തിലേറെ പഴക്കമുള്ള ഇന്ത്യയുടെ പുണ്യഗ്രന്ഥങ്ങളും വേദങ്ങളും, പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും ചർച്ചകളിലൂടെയും സമവായത്തിലൂടെയും തീരുമാനങ്ങൾ എടുക്കുന്നതിനും ജനങ്ങൾ ഒത്തുകൂടിയ സമ്മേളനങ്ങളെക്കുറിച്ച് പരാമർശിക്കുന്നു.

### ലോക്സഭാ സ്പീക്കർ നിരവധി പാർലമെന്ററി നേതാക്കളുമായി ഉഭയകക്ഷി ചർച്ചകൾ നടത്തി.

സമ്മേളനത്തോടനുബന്ധിച്ച്, ലോക്സഭാ സ്പീക്കർ ഓം ബിർള നിരവധി വിശിഷ്ട പാർലമെന്ററി നേതാക്കളുമായി ഉഭയകക്ഷി ചർച്ചകൾ നടത്തി. കാനഡയുടെ ഹൗസ് ഓഫ് കോമൺസ് സ്പീക്കർ, ശ്രീലങ്കൻ പാർലമെന്റ് സ്പീക്കർ, സീഷെൽസ് ദേശീയ അസംബ്ലി സ്പീക്കർ, മാലദ്വീപിലെ പീപ്പിൾസ് മജ്‌ലിസ് സ്പീക്കർ, കെനിയ ദേശീയ അസംബ്ലി സ്പീക്കർ, ഗ്രനേഡ സെനറ്റ് പ്രസിഡന്റ്, ദക്ഷിണാഫ്രിക്കയിലെ പ്രവിശ്യകളുടെ ദേശീയ കൗൺസിലിന്റെ ഡെപ്യൂട്ടി ചെയർപേഴ്സൺ, ദക്ഷിണാഫ്രിക്കൻ ദേശീയ അസംബ്ലിയുടെ ഡെപ്യൂട്ടി സ്പീക്കർ എന്നിവരുമായി അദ്ദേഹം ചർച്ചകൾ നടത്തി.

*പ്രധാനമന്ത്രിയുടെ പരിപാടിയുടെ പൂർണ്ണരൂപം കാണാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യൂ*

*1971, 1986, 2010 വർഷങ്ങളിൽ കോമൺവെൽത്ത് രാജ്യങ്ങളിലെ സ്പീക്കർമാരുടെയും പ്രിസൈഡിംഗ് ഓഫീസർമാരുടെയും സമ്മേളനത്തിന് ഇന്ത്യൻ പാർലമെന്റ് മുമ്പ് ആതിഥേയത്വം വഹിച്ചിട്ടുണ്ട്.*

### ആഗോള വേദിയിൽ ഇന്ത്യയുടെ വർദ്ധിച്ചു വരുന്ന മഹത്വം

- ഇന്ത്യയിലെ യുപിഐ ലോകത്തിലെ ഏറ്റവും വലിയ ഡിജിറ്റൽ പേയ്മെന്റ് സംവിധാനമാണ്.
- ലോകത്തിലെ ഏറ്റവും വലിയ വാക്സിൻ ഉൽപ്പാദക രാജ്യമാണ് ഇന്ത്യ.
- ലോകത്തിലെ ഏറ്റവും വലിയ പാൽ ഉൽപ്പാദക രാജ്യമാണ് ഇന്ത്യ.
- ലോകത്തിലെ രണ്ടാമത്തെ വലിയ ഉരുക്ക് ഉൽപ്പാദക രാജ്യമാണ് ഇന്ത്യ.
- ലോകത്തിലെ മൂന്നാമത്തെ വലിയ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ ഇന്ത്യയിലാണ്.
- ലോകത്തിലെ മൂന്നാമത്തെ വലിയ വ്യോമയാന വിപണിയാണ് ഇന്ത്യ.
- ലോകത്തിലെ നാലാമത്തെ വലിയ റെയിൽ ശൃംഖല ഇന്ത്യയിലാണുള്ളത്.
- ലോകത്തിലെ മൂന്നാമത്തെ വലിയ മെട്രോ റെയിൽ ശൃംഖല ഇന്ത്യയ്ക്ക് സ്വന്തമാണ്.

കോമൺവെൽത്ത് രാജ്യങ്ങളിലെ മൊത്തം ജനസംഖ്യയുടെ ഏകദേശം 50 ശതമാനം പേർ ഇന്ത്യയിൽ താമസിക്കുന്നു. സുസ്ഥിര വികസന ലക്ഷ്യങ്ങളോടുള്ള കോമൺവെൽത്ത് രാജ്യങ്ങളുടെ പ്രതിജ്ഞാബദ്ധത ഇന്ത്യ പൂർണ്ണ ഉത്തരവാദിത്വത്തോടെ നിറവേറ്റുന്നു. ലോകം അഭൂതപൂർവമായ മാറ്റത്തിന്റെ ഒരു കാലഘട്ടത്തിലൂടെ കടന്നുപോകുമ്പോൾ, ഗ്ലോബൽ സൗത്ത് ഒരു പുതിയ പാത കണ്ടെത്തേണ്ട സമയമാണിതെന്ന് പരിപാടിയിൽ പ്രധാനമന്ത്രി മോദി പറഞ്ഞു. എല്ലാ ആഗോള വേദികളിലും ഗ്ലോബൽ സൗത്തിന്റെ താൽപ്പര്യങ്ങൾക്കായി ഇന്ത്യ ശക്തമായി വാദിക്കുന്നു. ഇവിടെ നടപ്പാക്കുന്ന ഏതൊരു നൂതനാശയവും ഗ്ലോബൽ സൗത്തിനും കോമൺവെൽത്ത് രാജ്യങ്ങൾക്കും പ്രയോജനപ്പെടണമെന്നത് ഇന്ത്യയുടെ നിരന്തരമായ ശ്രമമാണ്.



ദേശീയ സ്റ്റാർട്ടപ്പ് ദിനം– ജനുവരി 16

# "സ്റ്റാർട്ടപ്പ് ഇന്ത്യ

## വെറുമൊരു പദ്ധതിയല്ല, അതൊരു മഴവിൽ ദർശനമാണ്"

*ഇന്ന് ഇന്ത്യ ലോകത്തിലെ മൂന്നാമത്തെ വലിയ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയാണ്. സ്റ്റാർട്ടപ്പ് ഇന്ത്യ ആരംഭിച്ചതിനുശേഷം കഴിഞ്ഞ ദശകത്തിൽ കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയ നിരവധി പരിഷ്കാരങ്ങളുടെ ഫലമാണിത്. ബഹിരാകാശം, പ്രതിരോധം തുടങ്ങിയ മേഖലകളിലേക്ക് കടക്കാൻ സ്റ്റാർട്ടപ്പുകൾക്ക് അനുകൂലമായ അന്തരീക്ഷം ഗവൺമെന്റിന്റെ നയങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ദേശീയ സ്റ്റാർട്ടപ്പ് ദിനത്തോടനുബന്ധിച്ച്, ഊർജ്ജസ്വലമായ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയിലെ ചില പങ്കാളികളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി സംവദിച്ചു...*

ഇന്ത്യയെ തൊഴിലന്വേഷകരുടെ രാജ്യത്തിൽ നിന്ന് തൊഴിൽ സ്രഷ്ടാക്കളുടെ രാജ്യമാക്കി മാറ്റുക, നൂതനാശയങ്ങളെ പ്രോത്സാഹിപ്പിക്കുക, സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, നിക്ഷേപത്തിലൂടെ വളർച്ച സാധ്യമാക്കുക എന്നിവ ലക്ഷ്യമിട്ട്, പ്രധാനമന്ത്രി നരേന്ദ്ര മോദി 2016 ജനുവരി 16 ന് സ്റ്റാർട്ടപ്പ് ഇന്ത്യ ആരംഭിച്ചു. കഴിഞ്ഞ ദശകത്തിൽ, സ്റ്റാർട്ടപ്പ് ഇന്ത്യ ഇന്ത്യയുടെ സാമ്പത്തിക, നൂതനാശയ ഭൂമികയുടെ അവിഭാജ്യ ഘടകമായി മാറിയിരിക്കുന്നു. ഇത് സ്ഥാപന ചട്ടക്കൂടുകൾ ശക്തിപ്പെടുത്തുകയും മൂലധനത്തിലേക്കും മാർഗനിർദേശത്തിലേക്കുമുള്ള പ്രവേശനം വർദ്ധിപ്പിക്കുകയും ചെയ്തു. കഴിഞ്ഞ ദശകത്തിൽ ഇന്ത്യയുടെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ വമ്പിച്ച വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ചു.

ദേശീയ സ്റ്റാർട്ടപ്പ് ദിനത്തിൽ സ്റ്റാർട്ടപ്പ് ഇന്ത്യയുടെ ഒരു ദശകം ആഘോഷിക്കുന്നതിനായി സംഘടിപ്പിച്ച പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു,'നവീനവും വികസിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു ഇന്ത്യയുടെ ഭാവി ഞാൻ കാണുന്നു'.

"

കുട്ടികളിൽ നൂതനാശയങ്ങളുടെ മനോഭാവം വളർത്തിയെടുക്കുന്നതിനായി ഞങ്ങൾ സ്കൂളുകളിൽ അടൽ ടിങ്കറിംഗ് ലാബുകൾ സ്ഥാപിച്ചു. നമ്മുടെ യുവാക്കൾക്ക് രാജ്യത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം നൽകാൻ കഴിയുന്നതിനായി ഞങ്ങൾ ഹാക്കത്തോണുകൾ ആരംഭിച്ചു. വിഭവങ്ങളുടെ അഭാവം മൂലം ആശയങ്ങൾ മുരടിക്കാതിരിക്കാൻ ഞങ്ങൾ ഇൻകുബേഷൻ സെന്ററുകൾ സൃഷ്ടിച്ചു.

നരേന്ദ്ര മോദി, *പ്രധാനമന്ത്രി*

## പ്രധാനമന്ത്രി മോദിയുടെ മന്ത്രം... കഠിനാധ്വാനത്തിന്റെ പരകോടിയിൽ പുതിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നു

പുതിയ ലക്ഷ്യങ്ങൾ എങ്ങനെയാണ് നേടിയെടുക്കുന്നത്? അതിനായി നാം, അങ്ങേയറ്റത്തെ കഠിനാധ്വാനം ചെയ്യണം. അതുകൊണ്ടാണ് സാധാരണ ഇപ്രകാരം പറയാറുള്ളത്: उद्यमेन हि सिद्ध्यन्ति, कार्याणि न मनोरथैः।കേവലം ആഗ്രഹങ്ങളിലൂടെയല്ല,പരിശ്രമത്തിലൂടെയാണ് ലക്ഷ്യങ്ങൾ പൂർത്തീകരിക്കപ്പെടുന്നത്. ഉദ്യമത്തിനുള്ള

പ്രഥമ ഉപാധി ധൈര്യമാണ്. ഇന്നത്തെ നിലയിലേക്ക് ഉയരാൻ നിങ്ങൾ അപാരമായ ധൈര്യം പ്രകടമാക്കിയിരിക്കണം; നിങ്ങൾ വളരെയധികം സമർപ്പണം നടത്തിയിരിക്കണം. മുമ്പ്, രാജ്യത്ത് റിസ്ക് എടുക്കുന്നത് നിരുത്സാഹപ്പെടുത്തിയിരുന്നു, എന്നാൽ ഇന്ന് റിസ്ക് എടുക്കുകയെന്നത് ഒരു സാധാരണ സംഭവമായി മാറിയിരിക്കുന്നു. പ്രതിമാസ ശമ്പളത്തിനുപരിയായി ചിന്തിക്കുന്നവരെ അംഗീകരിക്കുക മാത്രമല്ല, ആദരിക്കുകയും ചെയ്യുന്നു. ഒരുകാലത്ത് അതിരുകടന്ന ആശയങ്ങളായി കണക്കാക്കിയിരുന്ന കാര്യങ്ങൾ ഇപ്പോൾ ഫാഷനായി മാറുകയാണ്. യുവാക്കളെപ്പോലെ, റിസ്ക് എടുക്കാൻ തനിക്കും ഇഷ്ടമാണെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. ചില പ്രവർത്തനങ്ങളിൽ കാര്യമായ രാഷ്ട്രീയ അപകടസാധ്യതയുണ്ടെന്ന് ആളുകൾ സൂചിപ്പിക്കുമ്പോഴും, അത് കടമയായി കണക്കാക്കി ഏറ്റെടുക്കാറുണ്ടെന്ന് അദ്ദേഹം പറഞ്ഞു. രാജ്യത്തിന് അനിവാര്യമായതെല്ലാം നിർഭയമായി ചെയ്യണമെന്ന് അദ്ദേഹം വിശ്വസിക്കുന്നു. നഷ്ടം സംഭവിച്ചാൽ അത് അദ്ദേഹത്തിന്റെ മാത്രം നഷ്ടമായിരിക്കും, പക്ഷേ നേട്ടമുണ്ടായാൽ, അത് രാജ്യത്തെ കോടിക്കണക്കിന് കുടുംബങ്ങൾക്ക് ഗുണം ചെയ്യും.




*പ്രധാനമന്ത്രിയുടെ പരിപാടിയുടെ പൂർണ്ണരൂപം കാണാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യൂ*

സ്റ്റാർട്ടപ്പ് ഇന്ത്യയുടെ 10 വർഷത്തെ വിജയഗാഥയെ സംഗ്രഹിക്കുന്ന വാക്കുകളാണിത്. പത്ത് വർഷം മുമ്പ്, വിജ്ഞാൻ ഭവനിൽ 500-700 യുവാക്കൾക്കിടയിൽ സ്റ്റാർട്ടപ്പ് ഇന്ത്യ ആരംഭിച്ചു. എന്നാൽ 2026 ജനുവരി 16 ന്, ഈ പ്രയാണത്തിന്റെ ഒരു ദശകം ആഘോഷിക്കാൻ ആവേശഭരിതരായ അനവധി ആളുകൾ ഒത്തുകൂടിയതിനാൽ ഭാരത് മണ്ഡപത്തിൽ സ്ഥലം തികയാതെ വന്നു.

2025-ൽ ഇന്ത്യയിൽ ഏകദേശം 44,000 പുതിയ സ്റ്റാർട്ടപ്പുകൾ രജിസ്റ്റർ ചെയ്തു. സ്റ്റാർട്ടപ്പ് ഇന്ത്യ ദൗത്യം ആരംഭിച്ച ശേഷമുള്ള ഒരു വർഷത്തിനിടയിലെ ഏറ്റവും വലിയ കുതിച്ചുചാട്ടമാണിത്. നമ്മുടെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ നൂതനാശയങ്ങളെയും വളർച്ചയെയും എങ്ങനെ മുന്നോട്ട് നയിക്കുന്നുവെന്ന് ഈ കണക്കുകൾ സാക്ഷ്യപ്പെടുത്തുന്നു. മുമ്പ്, പുതിയ ബിസിനസുകളോ സംരംഭങ്ങളോ പ്രധാനമായും വലിയ വ്യാവസായിക കുടുംബങ്ങളിലെ കുട്ടികളാണ് ആരംഭിച്ചിരുന്നത്, എന്നാൽ ഇപ്പോൾ അങ്ങനെയല്ല. ഇപ്പോൾ, ടയർ-2, ടയർ-3 നഗരങ്ങളിൽ നിന്നുള്ള യുവാക്കൾ, ഗ്രാമങ്ങളിൽ നിന്നുള്ളവർ പോലും, സ്വന്തമായി സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നു. ഇന്ന്, 45 ശതമാനത്തിലധികം സ്റ്റാർട്ടപ്പുകൾക്കും കുറഞ്ഞത് ഒരു വനിതാ ഡയറക്ടറെങ്കിലുമുണ്ട്, വനിതകൾ നയിക്കുന്ന സ്റ്റാർട്ടപ്പുകൾക്കുള്ള ധനസഹായത്തിന്റെ കാര്യത്തിൽ ഇന്ത്യ ആഗോളതലത്തിൽ രണ്ടാം സ്ഥാനത്താണ്.

സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയിലെ പങ്കാളികളുമായുള്ള ആശയവിനിമയത്തിനിടെ, സ്റ്റാർട്ടപ്പ് ഇന്ത്യ കേവലമൊരു പദ്ധതിയല്ല, മറിച്ച് ഒരു 'സമഗ്ര ദർശനം' ആണെന്ന് അദ്ദേഹം പറഞ്ഞു. വ്യത്യസ്ത മേഖലകളെ പുതിയ അവസരങ്ങളുമായി ബന്ധിപ്പിക്കുന്നതിനുള്ള ഒരു മാർഗമാണിത്. നാം മുന്നോട്ട് കുതിക്കുമ്പോൾ, നമ്മുടെ അഭിലാഷങ്ങൾ പങ്കാളിത്തത്തിൽ മാത്രം ഒതുങ്ങരുത്. ആഗോള നേതൃത്വത്തിനായി നാം ലക്ഷ്യമിടണം. നിങ്ങൾ പുതിയ ആശയങ്ങളിലൂന്നി പ്രവർത്തിക്കുകയും പ്രശ്നങ്ങൾ പരിഹരിക്കുകയും വേണം. നമ്മുടെ സ്റ്റാർട്ടപ്പുകൾ ഉത്പാദനത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട സമയമാണിത്. സാങ്കേതികവിദ്യയിലെ അതുല്യമായ ആശയങ്ങളിൽ പ്രവർത്തിച്ചുകൊണ്ട് നാം നേതൃത്വം ഏറ്റെടുക്കണം. അടുത്ത പത്ത് വർഷത്തിനുള്ളിൽ പുതിയ സ്റ്റാർട്ടപ്പ് പ്രവണതകളിലും സാങ്കേതികവിദ്യകളിലും ലോകത്തെ ഇന്ത്യ മുന്നിൽ നിന്ന് നയിക്കണം എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം



റിപ്പബ്ലിക്ക് ദിനം

# സ്വാതന്ത്ര്യത്തിന്റേയും, ഭരണഘടനയുടേയും, ജനാധിപത്യ മൂല്യങ്ങളുടേയും പ്രതീകം

*ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിനും ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കുന്നതിനും വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിനുള്ള നമ്മുടെ പ്രതിജ്ഞാബദ്ധത വീണ്ടും ഉറപ്പിക്കുന്നതിനും റിപ്പബ്ലിക് ദിനം നമുക്ക് പ്രചോദനം നല്കുന്നു. രാഷ്ട്രനിർമ്മാണത്തിനായുള്ള കൂട്ടായ ദൃഢനിശ്ചയത്തോടെ മുന്നോട്ട് പോകുന്നതിന് ഈ അവസരം പുതിയ ഊർജ്ജം നല്കുന്നു. 77-ാമത് റിപ്പബ്ലിക് ദിനത്തിന്റെ തലേന്ന് രാഷ്ട്രപതി ദ്രൗപദി മുർമു രാജ്യത്തെ അഭിസംബോധന ചെയ്തു. രാഷ്ട്രപതിയുടെ പ്രസംഗത്തിൽ നിന്നുള്ള എഡിറ്റ് ചെയ്ത പ്രസക്തഭാഗങ്ങൾ ഇവിടെ ചേർക്കുന്നു.*

### ഭരണഘടന: ലോകത്തിലെ ഏറ്റവും വലിയ റിപ്പബ്ലിക്കിന്റെ അടിത്തറ

ലോകചരിത്രത്തിലെ ഏറ്റവും വലിയ റിപ്പബ്ലിക്കിന്റെ അടിസ്ഥാന രേഖയാണ് നമ്മുടെ ഭരണഘടന. നമ്മുടെ ഭരണഘടനയിൽ വിഭാവനം ചെയ്തിട്ടുള്ള നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവയുടെ ആദർശങ്ങളാണ് നമ്മുടെ റിപ്പബ്ലിക്കിനെ നിർവ്വചിക്കുന്നത്. ഭരണഘടനാ ശില്പികൾ ഭരണഘടനാ വ്യവസ്ഥകളിലൂടെ ദേശീയതയുടെ ആത്മാവിനും രാജ്യത്തിന്റെ ഐക്യത്തിനും ശക്തമായ ഒരു അടിത്തറപാകി. ഇന്ത്യയുടെ ഉരുക്കുമനുഷ്യനായ സർദാർ വല്ലഭായ് പട്ടേൽ നമ്മുടെ രാജ്യത്തെ ഏകീകരിച്ചു. വടക്ക് നിന്ന് തെക്ക് വരെയും കിഴക്ക് നിന്ന് പടിഞ്ഞാറ് വരെയും നമ്മുടെ പുരാതന സാംസ്കാരിക ഐക്യത്തിന്റെ ഇഴകൾ നെയ്തെടുത്തത് നമ്മുടെ പൂർവ്വികരാണ്. ഈ ഏകതാ മനോഭാവം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഓരോ ശ്രമവും അങ്ങേയറ്റം പ്രശംസനീയമാണ്.

### വന്ദേമാതരം രചിക്കപ്പെട്ടതിന്റെ 150 വർഷങ്ങൾ

കഴിഞ്ഞ വർഷം നവംബർ 7 മുതൽ നമ്മുടെ ദേശീയ ഗീതമായ വന്ദേമാതരം രചിക്കപ്പെട്ടതിന്റെ 150 വർഷങ്ങൾ ആഘോഷിക്കുന്ന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ഭാരതമാതാവിന്റെ ദിവ്യരൂപത്തോടുള്ള പ്രാർത്ഥനയായ ഈ ഗാനം ഓരോ ഇന്ത്യക്കാരന്റേയും ഹൃദയത്തിൽ ദേശസ്നേഹം നിറയ്ക്കുന്നു. മഹാനായ ദേശീയ കവി സുബ്രഹ്മണ്യ ഭാരതി തമിഴ് ഭാഷയിൽ 'വന്ദേമാതരം യെൻബോം' എന്ന ഗാനം രചിക്കുകയും വന്ദേമാതരത്തിന്റെ ആത്മാവുമായി ജനസമൂഹങ്ങളെ കൂടുതൽ വിപുലമായ രീതിയിൽ ബന്ധിപ്പിക്കുകയും ചെയ്തു. ഈ ഗാനത്തിന്റെ മറ്റ് ഇന്ത്യൻ ഭാഷകളിലുള്ള വിവർത്തനങ്ങളും പ്രചാരം നേടി. ശ്രീ അരബിന്ദോ ഈ ഗാനം ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തു. ആദരണീയനായ ബങ്കിം ചന്ദ്ര ചാത്തോപാധ്യായ രചിച്ച 'വന്ദേമാതരം' നമ്മുടെ കാവ്യാത്മകമായ ദേശീയ പ്രാർത്ഥനയാണ്.

2021 മുതൽ നേതാജിയുടെ ജയന്തി 'പരാക്രം ദിവസ്' ആയി ആഘോഷിക്കുന്നു, ജനങ്ങൾക്ക്, പ്രത്യേകിച്ച് യുവജനങ്ങൾക്ക് അദ്ദേഹത്തിന്റെ അജയ്യമായ ദേശസ്നേഹത്തിൽ നിന്ന് പ്രചോദനം ഉൾക്കൊള്ളാൻ വേണ്ടിയാണിത്. നേതാജിയുടെ 'ജയ് ഹിന്ദ്' എന്ന മുദ്രാവാക്യം നമ്മുടെ ദേശീയ അഭിമാനത്തിന്റെ പ്രഖ്യാപനമാണ്.

### ഊർജ്ജസ്വലമായ ഒരു റിപ്പബ്ലിക് കെട്ടിപ്പടുക്കുക, അതിനെ ശക്തമാക്കുക

നമ്മുടെ മൂന്ന് സായുധ സേനകളിലെയും ധീരരായ സൈനികർ മാതൃരാജ്യത്തിന്റെ പ്രതിരോധത്തിനായി എപ്പോഴും ജാഗരൂകരാണ്. പോലീസിലെയും കേന്ദ്ര സായുധ പോലീസ് സേനകളിലെയും നമ്മുടെ അർപ്പണബോധമുള്ള ഉദ്യോഗസ്ഥർ ജനങ്ങളുടെ ആഭ്യന്തര സുരക്ഷയ്ക്കായി നിരന്തരം ഉത്സാഹത്തോടെ പ്രവർത്തിക്കുന്നു. ജനങ്ങൾക്ക് വേണ്ടി ഭക്ഷണം ഉത്പാദിപ്പിക്കാൻ നമ്മുടെ കർഷകർ കഠിനാധ്വാനം ചെയ്യുന്നു. നമ്മുടെ രാജ്യത്തെ പ്രതിഭാധനരായ സ്ത്രീകൾ പല മേഖലകളിലും പുതിയ മാനദണ്ഡങ്ങൾ സ്ഥാപിച്ചുകൊണ്ട് മുന്നേറുകയാണ്. നമ്മുടെ പ്രഗത്ഭരായ ഡോക്ടർമാരും നഴ്സുമാരും മറ്റ് ആരോഗ്യ പ്രവർത്തകരും ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനായി അർപ്പണബോധത്തോടെ പ്രവർത്തിക്കുന്നു. രാജ്യത്തിന്റെ ശുചിത്വം നിലനിർത്തുന്നതിൽ നമ്മുടെ പ്രതിജ്ഞാബദ്ധരായ ശുചീകരണ തൊഴിലാളികൾ പ്രധാന പങ്കുവഹിക്കുന്നു. പ്രബുദ്ധരായ നമ്മുടെ അധ്യാപകർ വരുംതലമുറകളെ വാർത്തെടുക്കുന്നു. ലോകോത്തര നിലവാരമുള്ള നമ്മുടെ ശാസ്ത്രജ്ഞരും എഞ്ചിനീയർമാരും രാജ്യത്തിന്റെ വികസനത്തിന് പുതിയ ദിശാബോധം നല്കുന്നു. നമ്മുടെ കഠിനാധ്വാനികളായ തൊഴിലാളികൾ രാഷ്ട്രം പുനർനിർമ്മിക്കുന്നു. നമ്മുടെ കഴിവുറ്റ കലാകാരന്മാരും കരകൗശല വിദഗ്ധരും എഴുത്തുകാരും നമ്മുടെ സമ്പന്നമായ പാരമ്പര്യങ്ങൾക്ക് ആധുനിക ആവിഷ്കാരം നല്കുന്നു. വിവിധ മേഖലകളിലെ വിദഗ്ധർ രാജ്യത്തിന്റെ ബഹുമുഖ വികസനത്തിന് വഴികാട്ടികളാകുന്നു. രാജ്യത്തെ വികസിതവും സ്വയംപര്യാപ്തവുമാക്കുന്നതിന് നമ്മുടെ ഊർജ്ജസ്വലരായ സംരംഭകർ ഗണ്യമായ സംഭാവനകൾ നല്കുന്നു.

### ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ

രാജ്യത്തിന്റെ വികസനത്തിന് സ്ത്രീകളുടെ സജീവവും ശാക്തീകരിക്കപ്പെട്ടതുമായ പങ്കാളിത്തം അത്യന്താപേക്ഷിതമാണ്. സ്ത്രീകളുടെ ആരോഗ്യം, വിദ്യാഭ്യാസം, സുരക്ഷ, സാമ്പത്തിക ശാക്തീകരണം എന്നിവയ്ക്കായുള്ള ദേശീയതലത്തിലുള്ള ശ്രമങ്ങൾ പല മേഖലകളിലും സ്ത്രീപങ്കാളിത്തം വർദ്ധിപ്പിച്ചിട്ടുണ്ട്. 'ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ' പ്രചാരണം പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിച്ചു. 'പ്രധാനമന്ത്രി ജൻ ധൻ യോജന' പ്രകാരം ഇതുവരെ 57 കോടിയിലധികം ബാങ്ക് അക്കൗണ്ടുകൾ തുറന്നിട്ടുണ്ട്. ഈ അക്കൗണ്ടുകളിൽ ഏകദേശം 56 ശതമാനവും സ്ത്രീകളുടേതാണ്. സഹോദരിമാരും പെൺമക്കളും പരമ്പരാഗതമായ ചട്ടക്കൂടുകളെ തകർത്ത് മുന്നേറുകയാണ്. പഞ്ചായത്തിരാജ് സ്ഥാപനങ്ങളിലെ വനിതാ പ്രതിനിധികളുടെ എണ്ണം ഏകദേശം 46 ശതമാനമാണ്. സ്ത്രീകളുടെ രാഷ്ട്രീയ ശാക്തീകരണത്തെ പുതിയ ഉയരങ്ങളിലെത്തിക്കാൻ ലക്ഷ്യമിടുന്ന 'നാരി ശക്തി വന്ദൻ അധിനിയമം' സ്ത്രീകളുടെ നേതൃത്വത്തിലുള്ള വികസനം എന്ന ആശയത്തിന് അഭൂതപൂർവ്വമായ കരുത്ത് പകരും.

### 'ആദി കർമ്മയോഗി' പ്രചാരണം

'ആദി കർമ്മയോഗി' പ്രചാരണത്തിലൂടെ ഗോത്രവർഗ്ഗ സമൂഹത്തിലെ ജനങ്ങളുടെ നേതൃപാടവം വളർത്തിയെടുക്കാൻ കഴിഞ്ഞു. ഗോത്രവർഗ്ഗ സമൂഹത്തിന്റെ മഹത്തായ ചരിത്രം രാജ്യത്തെ ജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനായി മ്യൂസിയങ്ങളുടെ നിർമ്മാണം ഉൾപ്പെടെ നിരവധി നടപടികൾ സമീപ വർഷങ്ങളിൽ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. അവരുടെ ക്ഷേമത്തിനും വികസനത്തിനും ഉയർന്ന മുൻഗണനയാണ് നല്കുന്നത്. ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലെ ഇത്തരം പ്രചാരണങ്ങൾ ഗോത്രവർഗ്ഗ സമൂഹങ്ങൾക്കിടയിലെ പാരമ്പര്യങ്ങളും ആധുനിക വികസനവും തമ്മിൽ ഐക്യം കൊണ്ടുവരാൻ സഹായിക്കുന്നു.

### ഡിജിറ്റൽ പേയ്മെന്റ്

നമ്മുടെ ജനങ്ങൾ ഡിജിറ്റൽ പേയ്മെന്റ് സംവിധാനം വൻതോതിൽ സ്വീകരിച്ചിട്ടുണ്ട്. ഇന്ന് ലോകത്തെ ഡിജിറ്റൽ ഇടപാടുകളിൽ പകുതിയിലധികവും നടക്കുന്നത് ഇന്ത്യയിലാണ്. ഏറ്റവും ചെറിയ കടകളിൽ നിന്ന് സാധനങ്ങൾ വാങ്ങുന്നത് മുതൽ ഓട്ടോറിക്ഷാ യാത്രയ്ക്ക് പണം നല്കുന്നത് വരെ, ഡിജിറ്റൽ പേയ്മെന്റുകളുടെ ഉപയോഗം ആഗോള സമൂഹത്തിന് മുന്നിൽ ശ്രദ്ധേയമായ ഒരു ഉദാഹരണമായി മാറിയിരിക്കുന്നു.

### ഓപ്പറേഷൻ സിന്ദൂർ

കഴിഞ്ഞ വർഷം, ഓപ്പറേഷൻ സിന്ദൂറിലൂടെ നമ്മുടെ രാജ്യം ഭീകരവാദ അടിസ്ഥാന സൗകര്യങ്ങൾക്ക് നേരെ കൃത്യമായ ആക്രമണങ്ങൾ നടത്തി. ഭീകരവാദ കേന്ദ്രങ്ങൾ തകർക്കപ്പെടുകയും നിരവധി ഭീകരർ കൊല്ലപ്പെടുകയും ചെയ്തു. പ്രതിരോധ മേഖലയിലെ നമ്മുടെ സ്വയംപര്യാപ്തത ഓപ്പറേഷൻ സിന്ദൂറിന്റെ ഈ ചരിത്ര വിജയത്തിന് കരുത്തേകി. ഭാരതഭൂമിയിൽ ജീവിക്കാൻ കഴിയുന്നത് നമ്മുടെ വലിയ ഭാഗ്യമാണ്.

നമ്മുടെ മാതൃഭൂമിയെക്കുറിച്ച് കവി ഗുരു രബീന്ദ്രനാഥ ടാഗോർ ഇപ്രകാരം പറഞ്ഞിട്ടുണ്ട്: 'അമർ ദേഷേർ മാതി, തോമർ പോരെ തേകായ് മാതാ'. അതായത്, എന്റെ രാജ്യത്തിന്റെ പവിത്രമായ മണ്ണേ നിന്റെ പാദങ്ങളിൽ ഞാൻ ശിരസ്സ് നമിക്കുന്നു. റിപ്പബ്ലിക് ദിനം ദേശസ്നേഹത്തിന്റെ ഈ ശക്തമായ വികാരത്തെ കൂടുതൽ ദൃഢമാക്കാനുള്ള ഒരു അവസരമാണെന്ന് ഞാൻ വിശ്വസിക്കുന്നു. നമുക്കെല്ലാവർക്കും 'രാഷ്ട്രം ആദ്യം'എന്ന മനോഭാവത്തോടെ ഒത്തുചേർന്ന് പ്രവർത്തിക്കാം, നമ്മുടെ റിപ്പബ്ലിക്കിനെ കൂടുതൽ പ്രതാപപൂർണ്ണമാക്കാം.●



# വന്ദേ മാതരം

## വീര്യത്തിന്റേയും സംസ്കാരത്തിന്റേയും ചൈതന്യത്താൽ പ്രതിധ്വനിക്കുന്നു

*77–ാമത് റിപ്പബ്ലിക് ദിനം ഇന്ത്യൻ ജനാധിപത്യത്തിന്റെ ധാർമ്മികതയുടേയും, ഭരണഘടനാ മൂല്യങ്ങളുടെ കരുത്തിന്റേയും, രാജ്യത്തിന്റെ പുരോഗമന യാത്രയുടേയും മഹത്തായ ആഘോഷമായി മാറി. കർത്തവ്യ പഥിൽ നടന്ന ഗംഭീരമായ പരേഡ് ഇന്ത്യയുടെ സൈനിക ശക്തിയും സാംസ്കാരിക വൈവിധ്യവും ആത്മനിർഭർ ഭാരതം എന്ന ദർശനവും പ്രകടമാക്കി. രാഷ്ട്രപതിയുടെ അഭിവാദ്യം മുതൽ മൂന്ന് സായുധ സേനകളുടേയും കരുത്തുറ്റ പ്രകടനം, അത്യാധുനിക പ്രതിരോധ സംവിധാനങ്ങൾ, വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ആകർഷകമായ നിശ്ചലദൃശ്യങ്ങൾ എന്നിവ വരെ ഓരോ നിമിഷവും ദേശീയ അഭിമാനത്താൽ പ്രതിധ്വനിച്ചു. ഇന്ത്യയുടെ ഐക്യത്തിന്റേയും അഖണ്ഡതയുടേയും തുടർച്ചയായ പുരോഗതിയുടേയും ആത്മാവിനെ തനിമയോടെ പകർത്തിക്കൊണ്ട് റിപ്പബ്ലിക് ദിനത്തിലെ അവിസ്മരണീയ നിമിഷങ്ങൾ ഈ ഫോട്ടോ ഫീച്ചർ ഒപ്പിയെടുക്കുന്നു...*



77ാമത് റിപ്പബ്ലിക് ദിന പരേഡിന്റെ പൂർണ്ണരൂപം കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.






77–ാമത് റിപ്പബ്ലിക് ദിനാഘോഷ വേളയിൽ പ്രധാനമന്ത്രി മോദി കർത്തവ്യ പഥിൽ പൗരന്മാരെ അഭിവാദ്യം ചെയ്യുന്നു



ഇന്ത്യൻ രാഷ്ട്രപതി ദ്രൗപദി മുർമുവിനെ കർത്തവ്യ പഥിൽ പ്രധാനമന്ത്രി മോദി സ്വാഗതം ചെയ്യുന്നു.



റിപ്പബ്ലിക് ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രതിരോധ മന്ത്രിക്കും മൂന്ന് സൈനിക മേധാവികൾക്കുമൊപ്പം ദേശീയ യുദ്ധ സ്മാരകത്തിലേക്ക് പോകുന്നു.



'വന്ദേമാതരത്തിന്റെ 150 വർഷങ്ങൾ' എന്നതായിരുന്നു ഈ വർഷത്തെ പരേഡിന്റെ പ്രമേയം.





രാഷ്ട്രപതി ദ്രൗപദി മുർമു, 2026 ലെ റിപ്പബ്ലിക് ദിന പരേഡിലെ മുഖ്യാതിഥികളായ, യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ് അന്റോണിയോ ലൂയിസ് സാന്റോസ് ഡാ കോസ്റ്റ, യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്ൻ എന്നിവർക്കൊപ്പം



പാകിസ്ഥാനിലെ ഭീകരവിരുദ്ധ പ്രവർത്തനങ്ങളുടെ കൃത്യത പ്രദർശിപ്പിക്കുന്ന ഓപ്പറേഷൻ സിന്ദൂർ ടാബ്ലോ.



ജമ്മു കശ്മീരിന്റെ മകളായ സിമ്രാൻ ബാല ആദ്യമായി സിആർപിഎഫിലെ ഒരു പുരുഷ കണ്ടിജന്റിനെ നയിച്ചു.





രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കലാകാരന്മാർ ഇന്ത്യയുടെ ചൈതന്യം കർതവ്യ പഥിൽ ജീവസുറ്റതാക്കി.



തമിഴ്നാട്ടിൽ നിന്നുള്ള ടാബ്ലോയിൽ പ്രദർശിപ്പിച്ചിരിക്കുന്ന, സമൃദ്ധിയുടെ മന്ത്രം: സ്വാശ്രയ ഇന്ത്യ.



വാട്ടർ മെട്രോയും 100% ഡിജിറ്റൽ സാക്ഷരതയും: ആത്മനിർഭർ ഭാരതത്തിനായി ആത്മനിർഭർ കേരളം


ബൈക്ക് സ്റ്റണ്ടുകൾ അവതരിപ്പിക്കുന്ന സൈനിക ഉദ്യോഗസ്ഥർ






സ്വാതന്ത്ര്യ സമരത്തിൽ ബംഗാളിന്റെ പങ്ക് പ്രദർശിപ്പിക്കുന്ന ടാബ്ലോ.



വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ ടാബ്ലോ.

# കാശി-തമിഴ് സംഗമം

## ഏക ഭാരതം, ശ്രേഷ്ഠ ഭാരതം എന്ന ആശയത്തിന്റെ ഊർജ്ജസ്വലമായ പ്രതീകം



നരേന്ദ്ര മോദി
*പ്രധാനമന്ത്രി*

***ലോകത്തിലെ ഏറ്റവും പഴക്കം ചെന്ന ഭാഷകളിൽ ഒന്നിന്റെയും ലോകത്തിലെ ഏറ്റവും പഴക്കം ചെന്ന നഗരങ്ങളിലൊന്നിന്റെയും സംഗമം എപ്പോഴും അനിതരസാധാരണമായ ഒരു അനുഭവമാണ്. ഭാരതീയ ദർശനത്തിൽ നൂറ്റാണ്ടുകളായി വേരൂന്നിയ അത്തരമൊരു ബന്ധത്തിന്റെ ആഘോഷമാണ് കാശി തമിഴ് സംഗമം. എണ്ണമറ്റ തീർത്ഥാടകരെയും പണ്ഡിതരെയും അന്വേഷകരെയും സംബന്ധിച്ചിടത്തോളം തമിഴ്നാടിനും കാശിക്കും മധ്യേയുള്ള യാത്ര ഒരിക്കലും ഒരു ഭൗതിക പ്രയാണമായിരുന്നില്ല, മറിച്ച് ആശയങ്ങളുടെയും ഭാഷകളുടെയും ജീവിത പാരമ്പര്യങ്ങളുടെയും പ്രയാണമായിരുന്നു. ഏക ഭാരതം, ശ്രേഷ്ഠ ഭാരതം എന്ന ആശയത്തിന്റെ ഊർജ്ജസ്വലമായ പ്രതീകമായി നിലകൊള്ളുന്ന കാശി–തമിഴ് സംഗമത്തെക്കുറിച്ചുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രത്യേക ലേഖനം വായിക്കാം....***

1026–ൽ നടന്ന സോമനാഥ ക്ഷേത്രത്തിന് നേരെയുണ്ടായ ആക്രമണത്തിന്റെ ആയിരം വർഷം തികയുന്നതിനെ അനുസ്മരിക്കുന്ന സോമനാഥ് സ്വാഭിമാൻ പർവ്വിൽ പങ്കെടുക്കാൻ കുറച്ച് ദിവസങ്ങൾക്ക് മുമ്പ് ഞാൻ പുണ്യഭൂമിയായ സോമനാഥിലായിരുന്നു. ചരിത്രം, സംസ്കാരം, ഇന്ത്യൻ ജനതയുടെ ശാശ്വതമായ ആത്മാവ് എന്നിവയോടുള്ള ആദരവ് പങ്കുവെച്ച് ഇന്ത്യയിലുടനീളമുള്ള ജനങ്ങൾ ആ പുണ്യനിമിഷത്തിൽ പങ്കുചേരാൻ എത്തിയിരുന്നു. പരിപാടിക്കിടെ, സൗരാഷ്ട്ര–തമിഴ് സംഗമ സമയത്ത് സോമനാഥിൽ എത്തിയവരും കാശി–തമിഴ് സംഗമ സമയത്ത് കാശിയിൽ പോയവരുമായ ചിലരെ ഞാൻ കണ്ടുമുട്ടി. അത്തരം വേദികളോടുള്ള അവരുടെ ആദരവ് നിറഞ്ഞ വാക്കുകൾ എന്നെ സ്പർശിച്ചു, അതിനാൽ, ഈ വിഷയത്തെക്കുറിച്ചുള്ള ചില ചിന്തകൾ ഞാൻ പങ്കിടുന്നു.

മൻ കി ബാത്ത് പരിപാടികളിൽ ഒന്നിൽ, തമിഴ് പഠിക്കാത്തത് എന്റെ ജീവിതത്തിലെ ഒരു വലിയ ഖേദമാണെന്ന് ഞാൻ പറഞ്ഞിരുന്നു. ഭാഗ്യവശാൽ, കഴിഞ്ഞ കുറച്ച് വർഷങ്ങളായി, ഇന്ത്യയിലുടനീളം തമിഴ് സംസ്കാരത്തെ കൂടുതൽ ജനപ്രിയമാക്കുന്നതിനും 'ഏക ഭാരതം, ശ്രേഷ്ഠ ഭാരതം' എന്നതിന്റെ ആത്മാവിനെ ശക്തിപ്പെടുത്തുന്നതിനും നമ്മുടെ സർക്കാരിന് ഒട്ടേറെ അവസരങ്ങൾ ലഭിച്ചിട്ടുണ്ട്. അത്തരമൊരു ശ്രമത്തിന്റെ ഒരു പ്രധാന ഉദാഹരണമാണ് കാശി–തമിഴ് സംഗമം. നമ്മുടെ ധാർമ്മികതയിൽ, സംഗം അഥവാ സംഗമത്തിന് ഒരു സവിശേഷ സ്ഥാനമുണ്ട്. അതിന്റെ വെളിച്ചത്തിൽ, കാശി–തമിഴ് സംഗമം യഥാർത്ഥത്തിൽ ഒരു വ്യതിരിക്ത സംരംഭമായി വേറിട്ടുനിൽക്കുന്നു, ഇന്ത്യയുടെ വിവിധ പാരമ്പര്യങ്ങളുടെ ജീവസ്സുറ്റ ഐക്യത്തെ ആഘോഷിക്കുന്നതിനൊപ്പം അവയുടെ അതുല്യമായ സ്വത്വങ്ങളെ ബഹുമാനിക്കുകയും ചെയ്യുന്ന ഒന്നാണത്.

*തമിഴ് ജനതയുമായും സംസ്കാരവുമായും കാശിക്കുള്ള ബന്ധം ഏറെ ആഴത്തിലുള്ളതാണ്. കാശിയിലാണ് ബാബ വിശ്വനാഥന്റെ വാസസ്ഥലം, തമിഴ്നാട്ടിൽ രാമേശ്വരം ഉണ്ട്. തെക്കൻ കാശി അല്ലെങ്കിൽ ദക്ഷിണ കാശി എന്നാണ് തമിഴ്നാട്ടിലെ തെങ്കാശി അറിയപ്പെടുന്നത്.*

*Scan the QR code to read the Prime Minister's article.*




അത്തരമൊരു സംഗമം സംഘടിപ്പിക്കാൻ കാശിയേക്കാൾ മികച്ച സ്ഥലം വേറെ ഏതുണ്ട് ? പുരാതന കാലം മുതൽ ഒരു സാംസ്ക്കാരിക നങ്കൂരമായി നിലകൊള്ളുന്ന അതേ കാശി... ആയിരക്കണക്കിന് വർഷങ്ങളായി, എല്ലായിടത്തുനിന്നും ആളുകൾ ജ്ഞാനം, അർത്ഥം, മോക്ഷം എന്നിവ തേടി വരുന്ന സ്ഥലമാണിത്.

തമിഴ് ജനതയുമായും സംസ്കാരവുമായും കാശിക്കുള്ള ബന്ധം ആഴമേറിയതാണ്. ബാബ വിശ്വനാഥൻ വസിക്കുന്നത് കാശിയിലാണ്, അതേ സമയം തമിഴ്നാട്ടിൽ രാമേശ്വരം ഉണ്ട്. തമിഴ്നാട്ടിലെ തെങ്കാശി തെക്കൻ കാശി അല്ലെങ്കിൽ ദക്ഷിണ കാശി എന്നറിയപ്പെടുന്നു. സന്യാസി കുമാരഗുരുപരർ സ്വാമികൾ തന്റെ ആത്മീയത, പാണ്ഡിത്യം, സ്ഥാപന നിർമ്മാണം എന്നിവയിലൂടെ കാശിക്കും തമിഴ്നാടിനും ഇടയിൽ ഒരു ശാശ്വത ബന്ധം സ്ഥാപിച്ചു. തമിഴ്നാടിന്റെ മഹാന്മാരായ പുത്രന്മാരിൽ ഒരാളായ മഹാകവി സുബ്രഹ്മണ്യ ഭാരതി, കാശിയിൽ ബൗദ്ധിക വളർച്ചയുടെയും ആത്മീയ ഉണർവിന്റെയും ഇടം കണ്ടെത്തി. അദ്ദേഹത്തിന്റെ ദേശീയതയ്ക്ക് ആഴമേറിയതും, കവിതയ്ക്ക് മൂർച്ചയേറിയതും, സ്വതന്ത്രവും ഏകീകൃതവുമായ ഇന്ത്യയെക്കുറിച്ചുള്ള ദർശനം വ്യക്തമായ രൂപം പ്രാപിച്ചതും ഇവിടെ വച്ചാണ്. ഈ അടുത്ത ബന്ധത്തെ എടുത്തുകാണിക്കുന്ന നിരവധി ഉദാഹരണങ്ങളുണ്ട്.

കാശി-തമിഴ് സംഗമത്തിന്റെ ആദ്യ പതിപ്പ് 2022 ൽ നടന്നു. ഉദ്ഘാടന പരിപാടിയിൽ പങ്കെടുത്തത് ഞാൻ ഇപ്പോഴും ഓർക്കുന്നു. തമിഴ്നാട്ടിൽ നിന്നുള്ള പണ്ഡിതന്മാർ, കരകൗശല വിദഗ്ധർ, വിദ്യാർത്ഥികൾ, കർഷകർ, എഴുത്തുകാർ, പ്രൊഫഷണലുകൾ തുടങ്ങി നിരവധി പേർ കാശി, പ്രയാഗ്‌രാജ്, അയോധ്യ എന്നിവിടങ്ങളിലേക്ക് യാത്ര ചെയ്തു.

തുടർന്നുള്ള പതിപ്പുകൾ ഈ ഉദ്യമത്തിന്റെ ആഴവും പരപ്പും വർദ്ധിപ്പിച്ചു. പുതിയ പ്രമേയങ്ങൾ, നൂതനമായ ഫോർമാറ്റുകൾ, ആഴത്തിലുള്ള ഇടപെടൽ എന്നിവ തുടരുക എന്നതായിരുന്നു ലക്ഷ്യം, അങ്ങനെ സംഗമം അതിന്റെ അന്തരാത്മാവിൽ വേരൂന്നിയതോടൊപ്പം വികസിച്ചുകൊണ്ടിരിക്കുന്നു. 2023 ലെ രണ്ടാം പതിപ്പിൽ, ഭാഷ ആളുകൾക്ക് ഒരു തടസ്സമായി മാറുന്നില്ലെന്ന് ഉറപ്പാക്കാൻ വൻതോതിൽ സാങ്കേതികവിദ്യ ഉപയോഗിച്ചു. മൂന്നാം പതിപ്പിൽ, ഇന്ത്യൻ വിജ്ഞാന സമ്പ്രദായങ്ങളിലേക്കാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. അതേസമയം, അക്കാദമിക് ചർച്ചകൾ, സാംസ്കാരിക പ്രകടനങ്ങൾ, പ്രദർശനങ്ങൾ, ഇടപെടലുകൾ എന്നിവയിൽ കൂടുതൽ പങ്കാളിത്തം ഉണ്ടായി. ആയിരക്കണക്കിന് ആളുകൾ ഈ പരിപാടികളിൽ പങ്കെടുത്തു.

കാശി തമിഴ് സംഗമത്തിന്റെ നാലാം പതിപ്പ് 2025 ഡിസംബർ 2-ന് ആരംഭിച്ചു. തിരഞ്ഞെടുത്ത വിഷയം വളരെ രസകരമായിരുന്നു - തമിഴ് കർക്കളം - തമിഴ് പഠിക്കുക. കാശിയിലെയും മറ്റ് പ്രദേശങ്ങളിലെയും ആളുകൾക്ക് മനോഹരമായ തമിഴ് ഭാഷ പഠിക്കാനുള്ള ഒരു അതുല്യ അവസരം ഇത് സമ്മാനിച്ചു. തമിഴ്നാട്ടിൽ നിന്നുള്ള അധ്യാപകർ വന്നു, കാശിയിലെ വിദ്യാർത്ഥികൾക്ക് അവിസ്മരണീയമായ ഒരു അനുഭവമായിരുന്നു അത്!

ഇത്തവണ പല പ്രത്യേക പരിപാടികളും ഉണ്ടായിരുന്നു. പുരാതന തമിഴ് സാഹിത്യ ക്ലാസിക്കായ തോൽക്കാപ്പിയം 4 ഇന്ത്യൻ ഭാഷകളിലേക്കും 6 വിദേശ ഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ടു.

തെങ്കാശിയിൽ നിന്ന് കാശിയിലേക്ക് 'മുനി അഗസ്ത്യ വാഹന പര്യവേഷണം' (SAVE) എന്ന പേരിൽ ഒരു സവിശേഷ പരിപാടി നടന്നു. വഴിയിൽ നേത്ര ക്യാമ്പുകൾ, ആരോഗ്യ അവബോധ ക്യാമ്പുകൾ, ഡിജിറ്റൽ സാക്ഷരതാ ക്യാമ്പുകൾ തുടങ്ങി വിവിധ സംരംഭങ്ങൾ നടന്നു. സാംസ്കാരിക ഏകത്വത്തിന്റെ സന്ദേശം പ്രചരിപ്പിച്ച മഹാനായ പാണ്ഡ്യ രാജാവ് ആദി വീര പരാക്രമ പാണ്ഡ്യനെ ആദരിച്ചുകൊണ്ടായിരുന്നു ഈ പര്യവേഷണം. നമോ ഘട്ടിലെ പ്രദർശനങ്ങൾ, ബനാറസ് ഹിന്ദു സർവകലാശാലയിൽ അക്കാദമിക സെഷനുകൾ, സാംസ്കാരിക പരിപാടികൾ എന്നിവ ഉണ്ടായിരുന്നു.

കാശി-തമിഴ് സംഗമത്തിൽ എന്നെ ഏറ്റവും സന്തോഷിപ്പിച്ച കാര്യങ്ങളിലൊന്ന് ആയിരക്കണക്കിന് യുവാക്കളുടെ പങ്കാളിത്തമാണ്. നമ്മുടെ വേരുകളുമായുള്ള ബന്ധം കൂടുതൽ ആഴത്തിലാക്കാനുള്ള യുവശക്തിയുടെ അഭിനിവേശം ഇത് വ്യക്തമാക്കുന്നു. വിവിധ സാംസ്കാരിക പരിപാടികളിൽ അവരുടെ കഴിവുകളും സർഗ്ഗാത്മകതയും പ്രകടിപ്പിക്കുന്നതിനുള്ള മികച്ച വേദിയാണിത്.

പങ്കെടുക്കുന്നവർക്ക് കാശിയിലേക്കുള്ള യാത്ര അവിസ്മരണീയമാക്കുന്നതിനായി നിർമ്മിച്ച വേദിയാണിത്. തമിഴ്നാട്ടിൽ നിന്ന് ഉത്തർപ്രദേശിലേക്ക് ആളുകളെ കൊണ്ടുപോകാൻ ഇന്ത്യൻ റെയിൽവേ പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തി. പല റെയിൽവേ സ്റ്റേഷനുകളിലും, പ്രത്യേകിച്ച് തമിഴ്നാട്ടിൽ, അത് ആഹ്ളാദകരമായ അനുഭവമായിരുന്നു. ശ്രുതിമധുരമായ ഗാനങ്ങളാലും സംഭാഷണങ്ങളാലും ട്രെയിൻ യാത്ര ശ്രദ്ധേയമായി.

കാശി-തമിഴ് സംഗമങ്ങളിലെ പ്രതിനിധികളോട് കാണിച്ച ഊഷ്മളതയ്ക്കും ആതിഥ്യമര്യാദയ്ക്കും കാശിയിലെയും ഉത്തർപ്രദേശിലെയും എന്റെ എല്ലാ സഹോദരി സഹോദരന്മാരെയും അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. തമിഴ്നാട്ടിൽ നിന്നുള്ള അതിഥികൾക്കായി നിരവധി ആളുകൾ അവരുടെ വീടുകളുടെ വാതിലുകൾ തുറന്നുകൊടുത്തു. അതിഥികൾക്ക് സുഖകരമായ അനുഭവം ഉറപ്പാക്കാൻ പ്രാദേശിക ഭരണകൂടം 24 മണിക്കൂറും പ്രവർത്തിച്ചു. വാരണാസിയിൽ നിന്നുള്ള എം.പി എന്ന നിലയിൽ, എനിക്ക് അതിൽ അഭിമാനിക്കാതിരിക്കാൻ കഴിയില്ല!

ഇത്തവണ കാശി-തമിഴ് സംഗമത്തിന്റെ സമാപന ചടങ്ങ് രാമേശ്വരത്ത് നടന്നു. ഇന്ത്യയുടെ ഉപരാഷ്ട്രപതിയും തമിഴ്നാടിന്റെ അഭിമാനസന്തതിയുമായ തിരു സി.പി. രാധാകൃഷ്ണൻ ജിയും അതിൽ പങ്കെടുത്തു. ഇന്ത്യയുടെ ആത്മീയ മഹത്വത്തെയും ദേശീയ ഐക്യത്തെയും അത്തരം വേദികൾ എങ്ങനെ ശക്തിപ്പെടുത്തുന്നുവെന്ന് ഊന്നിപ്പറഞ്ഞുകൊണ്ട് അദ്ദേഹം വളരെ പ്രചോദനാത്മകമായ ഒരു പ്രസംഗം നടത്തി.

സാംസ്കാരിക ധാരണ ശക്തിപ്പെടുത്തുക, അക്കാദമികവും, ജനങ്ങൾ തമ്മിലുമുള്ള വിനിമയങ്ങൾ വളർത്തുക, സമാന സംസ്ക്കാരം പങ്കിടുന്ന രാജ്യത്തിന്റെ വിവിധ ഭാഗങ്ങൾക്കിടയിൽ ശാശ്വത ബന്ധങ്ങൾ സൃഷ്ടിക്കുക തുടങ്ങിയ അർത്ഥവത്തായ ഫലങ്ങൾ കാശി തമിഴ് സംഗമം നൽകിയിട്ടുണ്ട്. വരും കാലങ്ങളിൽ, ഈ വേദി കൂടുതൽ ഊർജ്ജസ്വലമാക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. പരമ പ്രധാനമായി, ഇത് 'ഏക ഭാരതം, ശ്രേഷ്ഠ ഭാരതം' എന്ന ചൈതന്യം പോഷിപ്പിക്കുന്നു. നമ്മുടെ ഉത്സവങ്ങൾ, സാഹിത്യം, സംഗീതം, കല, പാചകരീതി, വാസ്തുവിദ്യ, വിജ്ഞാന സമ്പ്രദായങ്ങൾ എന്നിവയിലൂടെയും അതിലേറെ കാര്യങ്ങളിലൂടെയും ഈ ചൈതന്യം നൂറ്റാണ്ടുകളായി അഭിവൃദ്ധി പ്രാപിച്ചിരിക്കുന്നു.

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ആളുകൾക്ക് ഈ സമയം വളരെ ശുഭകരമാണ്. സൂര്യൻ, പ്രകൃതി, കൃഷി എന്നിവയുമായി ബന്ധപ്പെട്ട വിവിധ ഉത്സവങ്ങളായ സംക്രാന്തി, ഉത്തരായനം, പൊങ്കൽ, മാഘ ബിഹു എന്നിവ ആളുകൾ ആവേശത്തോടെ ആഘോഷിക്കുന്നു. ഈ ഉത്സവങ്ങൾ ജനങ്ങളെ ഒരുമിച്ച് കൊണ്ടുവരികയും സമൂഹത്തിൽ ഐക്യത്തിന്റെ ആത്മാവ് ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ഈ ഉത്സവവേളയിൽ ഏവർക്കും എന്റെ ആശംസകൾ, നമ്മുടെ സമാന പൈതൃകത്തിലൂടെയും കൂട്ടായ പങ്കാളിത്തത്തിലൂടെയും ദേശീയ ഐക്യം ശക്തിപ്പെടുത്താൻ അവ നമ്മെ പ്രചോദിപ്പിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.






# പരസ്പര സഹകരണം പ്രചോദനമേകുന്ന ഇന്ത്യ-ജർമ്മനി പങ്കാളിത്തം

***ഇന്ത്യയും ജർമ്മനിയും തമ്മിലുള്ള ബന്ധം, ഉഭയകക്ഷി സഹകരണത്തിൽ നിന്ന് ആഗോള സമാധാനത്തിന്റെയും സാമ്പത്തിക സ്ഥിരതയുടെയും സാങ്കേതിക നവീകരണത്തിന്റെയും നിർണായകമായ പങ്കാളിത്തത്തിലേക്ക് വളർന്നു. സമാനമായ ജനാധിപത്യ മൂല്യങ്ങൾ, നിയമങ്ങളെ ആധാരമാക്കിയുള്ള അന്താരാഷ്ട്ര ക്രമം, ബഹുരാഷ്ട്രവാദത്തിലുള്ള വിശ്വാസം എന്നിവ ഇരു രാജ്യങ്ങളെയും സ്വാഭാവിക പങ്കാളികളാക്കി മാറ്റി. ജർമ്മൻ ചാൻസലറുടെ രണ്ട് ദിവസത്തെ ഇന്ത്യാ സന്ദർശന സമയത്ത്, ഇരു രാജ്യങ്ങളുടെയും ഭാവി പങ്കാളിത്തത്തെക്കുറിച്ച് ഒട്ടേറെ സുപ്രധാന തീരുമാനങ്ങൾ കൈക്കൊണ്ടു...***

ഇന്ത്യ-ജർമ്മനി ബന്ധത്തിൽ പുതിയ ഉയരങ്ങൾ ലക്ഷ്യമിട്ട്, ജർമ്മൻ ചാൻസലർ ഫ്രെഡറിക് മെർസ് ജനുവരി 12,13 തീയതികളിലായി ഇന്ത്യ സന്ദർശിച്ചു. സന്ദർശന വേളയിൽ ഒട്ടേറെ സുപ്രധാന വിഷയങ്ങൾ ചർച്ച ചെയ്യുകയും ഇരു രാജ്യങ്ങളും തമ്മിൽ വിവിധ കരാറുകളിൽ ഏർപ്പെടുകയും ചെയ്തു. സന്ദർശന വേളയിൽ അഹമ്മദാബാദിൽ നടന്ന ഇന്ത്യ-ജർമ്മനി സിഇഒ ഫോറത്തെ അഭിസംബോധന ചെയ്യവേ പ്രധാനമന്ത്രി നരേന്ദ്ര മോദി, ചാൻസലർ മെർസ് തന്റെ ആദ്യ ഏഷ്യൻ യാത്രയ്ക്കായി ഇന്ത്യയെയാണ് തിരഞ്ഞെടുത്തതെന്ന് പറഞ്ഞു. ജർമ്മനിയുടെ വൈവിധ്യവൽക്കരണ തന്ത്രത്തിൽ ഇന്ത്യയ്ക്ക് നൽകുന്ന പ്രാധാന്യത്തെ ഇത് പ്രതിഫലിപ്പിക്കുന്നു. പ്രാധാന്യമുള്ള രണ്ട് വലിയ ജനാധിപത്യ സമ്പദ് വ്യവസ്ഥകൾ നിർണായകവും ഉയർന്നുവരുന്നതുമായ സാങ്കേതികവിദ്യകളിൽ സഹകരണം കൂടുതൽ ആഴത്തിലാക്കും. സെമികണ്ടക്ടറുകളിൽ ഇരു രാജ്യങ്ങളും പങ്കാളികളാണ്. പവർ ഇലക്ട്രോണിക്സ്, ബയോടെക്, ഫിൻടെക്, ഫാർമസ്യൂട്ടിക്കൽസ്, ക്വാണ്ടം കമ്പ്യൂട്ടിംഗ്, സൈബർ സുരക്ഷ തുടങ്ങിയ മേഖലകളിലും അപാരമായ അവസരങ്ങളുണ്ട്. ഇന്ത്യ-ജർമ്മനി പങ്കാളിത്തം പരസ്പര പ്രയോജനകരം മാത്രമല്ല, ലോകത്തിന് ഗുണകരവുമാണ്. ഹരിത ഹൈഡ്രജൻ, സൗരോർജ്ജം, കാറ്റിൽ നിന്നുള്ള ഊർജ്ജം, ജൈവ ഇന്ധനങ്ങൾ എന്നിവയിൽ ലോക നേതൃത്വത്തിലേക്ക് ഇന്ത്യ മുന്നേറുകയാണ്. സോളാർ സെല്ലുകൾ, ഇലക്ട്രോലൈസറുകൾ, ബാറ്ററികൾ, കാറ്റ് ടർബൈനുകൾ തുടങ്ങിയ മേഖലകളിലെ ജർമ്മൻ കമ്പനികൾക്ക് ഇത് ഗണ്യമായ ഉൽപാദന അവസരങ്ങൾ നൽകുന്നു. നിർമ്മിത ബുദ്ധിയെക്കുറിച്ചുള്ള സമഗ്രമായ ഒരു കാഴ്ചപ്പാടാണ് ഇന്ത്യയ്ക്കുള്ളത്, ജർമ്മൻ എഐ ആവാസവ്യവസ്ഥയുമായി ബന്ധപ്പെടുമ്പോൾ, മനുഷ്യകേന്ദ്രീകൃതമായ ഒരു ഡിജിറ്റൽ ഭാവി നമുക്ക് ഉറപ്പാക്കാൻ കഴിയും.

ചാൻസലർ മെർസുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം, ജർമ്മനിയുമായുള്ള സൗഹൃദവും പങ്കാളിത്തവും കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഇന്ത്യ പൂർണ്ണമായും പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. കഴിഞ്ഞ വർഷം ഇന്ത്യയും ജർമ്മനിയും തന്ത്രപരമായ പങ്കാളിത്തത്തിന്റെ 25 വർഷം ആഘോഷിച്ചു. ഈ വർഷം ഇരു രാജ്യങ്ങളും നയതന്ത്ര ബന്ധത്തിന്റെ 75 വർഷം ആഘോഷിക്കുകയാണ്.

## വിശദമായി ചർച്ച ചെയ്ത വിഷയങ്ങൾ

പ്രതിരോധവും സുരക്ഷയും, വ്യാപാരവും സമ്പദ് വ്യവസ്ഥയും, സാങ്കേതികവിദ്യ, നൂതനാശയങ്ങൾ, ശാസ്ത്രവും ഗവേഷണവും, ഹരിതവും സുസ്ഥിരവുമായ വികസന പങ്കാളിത്തം/പുനരുപയോഗ ഊർജ്ജം, ഇന്തോ-പസഫിക്, കണക്റ്റിവിറ്റിയും ആഗോള പ്രശ്നങ്ങളും, വിദ്യാഭ്യാസം, നൈപുണ്യ വികസനം, മൊബിലിറ്റി, സംസ്കാരം.



ജർമ്മൻ ചാൻസലർ ഫ്രെഡറിക് മെർസും പ്രധാനമന്ത്രി മോദിയും സബർമതി ആശ്രമത്തിലെ മഹാത്മാ ഗാന്ധിയുടെ പ്രതിമയ്ക്ക് മുന്നിൽ ശ്രദ്ധാഞ്ജലി അർപ്പിക്കുകയും പട്ടം പറത്തൽ ഉത്സവത്തിൽ പങ്കെടുക്കുകയും ചെയ്തു.

## ഒറ്റനോട്ടത്തിൽ...

- കായിക മേഖലയിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിനായി സുവ്യക്തമായ നടപടികൾ സ്വീകരിച്ചു.
- വിദ്യാഭ്യാസ മേഖലയിൽ പുതിയ പങ്കാളിത്തങ്ങൾ സൃഷ്ടിക്കും വിധം ഉന്നത വിദ്യാഭ്യാസത്തിനായി സമഗ്ര രൂപരേഖ വികസിപ്പിക്കുന്നതിനുള്ള കരാറിലെത്തി.
- ഇന്ത്യയിൽ സ്വന്തം കാമ്പസുകൾ തുറക്കാൻ ജർമ്മൻ സർവകലാശാലകളെ ക്ഷണിച്ചു.
- ഇന്ത്യൻ പൗരന്മാർക്ക് ജർമ്മനി വിസ രഹിത ട്രാൻസിറ്റ് പ്രഖ്യാപിച്ചു.
- ഗുജറാത്തിലെ ലോത്തലിൽ നിർമ്മിക്കുന്ന നാഷണൽ മാരിടൈം ഹെറിറ്റേജ് കോംപ്ലക്സുമായി ജർമ്മൻ മാരിടൈം മ്യൂസിയം സഹകരിക്കും.
- പരമ്പരാഗത വൈദ്യശാസ്ത്ര മേഖലയിൽ ഗുജറാത്ത് ആയുർവേദ സർവകലാശാല ജർമ്മനിയുമായുള്ള സഹകരണം വിപുലീകരിക്കും.

ഈ നാഴികക്കല്ലുകൾ കാലക്രമേണ കൈവരിച്ച നേട്ടങ്ങൾ എന്നതിലുപരി; സമാനമായ നമ്മുടെ അഭിലാഷങ്ങളുടെയും, പരസ്പര വിശ്വാസത്തിന്റെയും, നിരന്തരം ശക്തിപ്പെടുന്ന സഹകരണത്തിന്റെയും പ്രതീകങ്ങളാണ്. വളർന്നുവരുന്ന വ്യാപാര, നിക്ഷേപ ബന്ധങ്ങൾ ഇരു രാജ്യങ്ങളും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തത്തിന് പുതിയ ഊർജ്ജം പകർന്നു. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം ഇപ്പോൾ എക്കാലത്തെയും ഉയർന്ന നിലവാരമായ, 50 ബില്യൺ ഡോളർ പിന്നിട്ടു.

പുനരുപയോഗ ഊർജ്ജ മേഖലയിൽ ഇന്ത്യയും ജർമ്മനിയും സമാനമായ മുൻഗണനകൾ പങ്കിടുന്നു. ഈ മേഖലയിലെ സഹകരണം വർദ്ധിപ്പിക്കുന്നതിന്, ഇരു രാജ്യങ്ങളും ഇന്തോ-ജർമ്മൻ സെന്റർ ഫോർ എക്സലൻസ് സ്ഥാപിക്കാൻ തീരുമാനിച്ചു. വിജ്ഞാനം, സാങ്കേതികവിദ്യ, നൂതനാശയങ്ങൾ എന്നിവയ്ക്കുള്ള സഹകരണാത്മക വേദിയായി ഇത് വർത്തിക്കും. ഹരിത ഹൈഡ്രജൻ മേഖലയിൽ ഇരു രാജ്യങ്ങളിലെയും കമ്പനികളുടെ പുതിയ വൻകിട പദ്ധതി ഭാവി ഊർജ്ജോത്പാദനത്തിൽ വിപ്ലവകരമായ പരിവർത്തനമാണെന്ന് തെളിയിക്കപ്പെടും. ഇരു രാജ്യങ്ങളുടെയും പ്രതിരോധ വ്യവസായങ്ങൾ തമ്മിൽ സഹകരണം വളർത്തിയെടുക്കുന്നതിനായി നിർദ്ദിഷ്ട രൂപരേഖ പ്രകാരം പ്രവർത്തിക്കാനും തീരുമാനിച്ചു, ഇത് സഹ-വികസനത്തിനും സഹ-ഉത്പാദനത്തിനും പുതിയ അവസരങ്ങൾ തുറക്കും.

ഇന്ത്യയിലെ പ്രതിഭാധനരായ യുവാക്കൾ ജർമ്മൻ സമ്പദ് വ്യവസ്ഥയിൽ ഗണ്യമായ സംഭാവന നൽകുന്നു. ആഗോള നൈപുണ്യ പങ്കാളിത്തത്തെക്കുറിച്ച് പുറത്തിറക്കിയ സംയുക്ത പ്രസ്താവന ഈ വിശ്വാസത്തിന് തെളിവാണ്. ഇത് വിശിഷ്യാ ആരോഗ്യ സംരക്ഷണ വിദഗ്ധരുടെ യാത്രകൾ സുഗമമാക്കും. ഇരു രാജ്യങ്ങളും തമ്മിലുള്ള സൗഹൃദത്തിന്റെ സ്വാധീനം ആഗോള വേദികളിലും ദൃശ്യമാണ്. ഘാന, കാമറൂൺ, മലാവി തുടങ്ങിയ രാജ്യങ്ങളിലെ സംയുക്ത പദ്ധതികൾ ത്രികക്ഷി വികസന പങ്കാളിത്തം വിജയകരമായ ഒരു ലോക മാതൃകയാണെന്ന് തെളിയിക്കുന്നു. ഗ്ലോബൽ സൗത്ത് രാജ്യങ്ങളുടെ വികസനത്തിനായുള്ള സംയുക്ത ഉദ്യമങ്ങൾ തുടരാൻ ഇരു രാജ്യങ്ങളും തീരുമാനിച്ചു, അതിനായി ഒരു കൂടിയാലോചനാ സംവിധാനം ആരംഭിക്കും.


ഉക്രെയ്ൻ, ഗാസ എന്നിവയുൾപ്പെടെ നിരവധി ആഗോള, പ്രാദേശിക വിഷയങ്ങൾ ഇരു രാജ്യങ്ങളും വിശദമായി ചർച്ച ചെയ്തു. എല്ലാ പ്രശ്നങ്ങളുടെയും തർക്കങ്ങളുടെയും സമാധാനപരമായ പരിഹാരത്തിനായി ഇന്ത്യ സദാ നിലകൊണ്ടിട്ടുണ്ടെന്നും ഈ ദിശയിൽ നടത്തുന്ന എല്ലാ ശ്രമങ്ങളെയും പിന്തുണയ്ക്കുന്നുണ്ടെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഭീകരത മാനവരാശിക്ക് ഗുരുതരമായ ഭീഷണിയാണെന്ന് ഇരു രാജ്യങ്ങളും സമ്മതിച്ചു. ഇന്ത്യയും ജർമ്മനിയും സമ്പൂർണ്ണ ദൃഢനിശ്ചയത്തോടെ അതിനെതിരെ പോരാടുന്നത് തുടരും. ആഗോള വെല്ലുവിളികൾ നേരിടുന്നതിന് ആഗോള സ്ഥാപനങ്ങളിലെ പരിഷ്കാരങ്ങൾ നിർണായകമാണെന്ന് ഇരു രാജ്യങ്ങളും സമ്മതിച്ചു. ഐക്യരാഷ്ട്രസഭയുടെ സുരക്ഷാ കൗൺസിലിലെ പരിഷ്കാരങ്ങൾക്കായി ജി 4 മുഖേനയുള്ള സംയുക്ത ശ്രമങ്ങൾ ഈ ചിന്തയ്ക്ക് തെളിവാണ്. ●

X



Narendra Modi
@narendramodi

अद्भुत जोश और बेमिसाल जज्बे से भरी हमारी युवा शक्ति सशक्त और समृद्ध राष्ट्र के लिए संकल्पबद्ध है। विकसित भारत यंग लीडर्स डायलॉग में देशभर के अपने युवा साथियों से संवाद को लेकर बेहद उत्सुक हूं। इस कार्यक्रम में 12 जनवरी को आप सभी से मिलने वाला हूं।



Rajnath Singh
@rajnathsingh

एक सुरक्षित और स्वच्छ समुद्र ही सुरक्षित व्यापार, सुरक्षित जीवन और सुरक्षित पर्यावरण की गारंटी देता है। ऐसे में 'समुद्र प्रताप' जैसे प्लेटफॉर्म समुद्री सुरक्षा को प्रभावी रूप से सुनिश्चित करते हैं।



Amit Shah
@AmitShah

BSL-4 लैब के बनने के बाद खतरनाक वायरस के सैंपल जांचने के लिए हमारी विदेशों पर निर्भरता खत्म होगी और इससे जांच में भी तेजी आएगी।



Nitin Gadkari
@nitin_gadkari

देश में जल्द ही शुरु होगी 'कैशलेस ट्रीटमेंट' योजना : रोड एक्सिडेंट घटना में जान बचाने के लिए होगी मददगार।

#RoadSafety #SadakSurakshaAbhiyaan
#सड़कसुरक्षाअभियान



Dharmendra Pradhan
@dpradhanbjp

'विश्व हिंदी दिवस' पर सभी हिंदी प्रेमियों को हार्दिक शुभकामनाएं।

हिंदी केवल संवाद का माध्यम नहीं, भारत की आत्मा, संवेदना और सांस्कृतिक एकता की अभिव्यक्ति है। इसकी सरलता और व्यापकता ने सदैव विविधताओं से भरे भारत को भावनात्मक रूप से जोड़े रखा है।



Giriraj Singh
@girirajsinghbjp

माननीय प्रधानमंत्री जी के नेतृत्व में मज़बूत नीतिगत सुधार, बढ़ती खपत और बेहतर आर्थिक संकेतकों के असर से भारत की ग्रोथ तेज़ हुई है।

Q2 में शानदार प्रदर्शन के बाद पूरे साल की GDP ग्रोथ का अनुमान बढ़ाकर करीब 7.6%, और आगे भी रफ़्तार बने रहने की उम्मीद है।

# India, Germany to boost ties in defence, trade, critical tech

## Modi Hosts Merz In Guj, 19 Pacts Formalised



PM Modi and German Chancellor Friedrich Merz fly a kite during the International Kite Festival at Sabarmati riverfront in Ahmedabad

▶ Slam terror attacks, P 14

# India's youth must resolve to free the nation from mindset of slavery: Modi

HT Correspondent



Prime Minister Narendra Modi



SOMNATH SWABHIMAN PARV

# India Will Raise its Glory to New Heights, says PM

History of Somnath is not a history of defeat, but one of victory and reconstruction: Modi

Should we not remember the valour of our ancestors? Should we not draw inspiration from their deeds of courage? It is the history of the valour of our ancestors, of their


# Gen Z is full of creativity: PM

PRESS TRUST OF INDIA
New Delhi, January 12

PRIME MINISTER NARENDRA Modi on Monday said India's Gen Z is full of creativity and with innovative ideas, energy and purpose, the country's youth is at the forefront of nation-building.

Addressing the concluding session of Viksit Bharat Young Leaders Dialogue (VBYLD) in New Delhi in which he interacted with youngsters from across India and abroad, Modi said this initiative, in a short span of time, has grown into a significant platform where young people actively engage in shaping the nation's direction.

"Every year on January 12, we celebrate the National Youth Day in honour of Swami Vivekananda, whose life and teachings continue to inspire





PM Narendra Modi addresses the concluding session of Viksit Bharat Young Leaders Dialogue 2026 on Monday

Leaders Dialogue was established," he said.

Modi said the central government rolled out successive

momentum in India subsequently.

"With innovative ideas, energy and purpose, Yuva Shakti is at the forefront of nation-building," he said.

The prime minister said India is experiencing remarkable growth in the Orange Economy, rooted in culture, content and creativity.

"Over the past decade, the series of reforms we began has now turned into a Reform Express. At the heart of these reforms is our Yuva Shakti," he said.

The Viksit Bharat Young Leaders Dialogue is a national platform designed to facilitate structured engagement between India's youth and national leadership.

The dialogue, being held from January 9 to 12, has wit-

# Stay united, defeat those trying to divide us: Modi

Vrinda Tulsian and Maulik Pathak



PM Narendra Modi at the Somnath Temple on Sunday.

ഇന്ത്യൻ തീര സംരക്ഷണ സേനയുടെ 50–ാം സ്ഥാപക ദിനം: ഫെബ്രുവരി 1, 2026

# സമുദ്ര പ്രതാപ്

## സമുദ്രത്തിൽ ഇന്ത്യയുടെ സ്വദേശി വൈഭവം

*ഇന്ത്യൻ കോസ്റ്റ് ഗാർഡ് 2026 ഫെബ്രുവരി 1 ന് അതിന്റെ 50–ാം സ്ഥാപക ദിനം ആഘോഷിക്കുകയാണ്. ഇന്ത്യയുടെ വിശ്വസനീയ സമുദ്ര സേനയായ ഇന്ത്യൻ കോസ്റ്റ് ഗാർഡ്, രാജ്യത്തെ ഏറ്റവും വലുതും ആദ്യ തദ്ദേശീയ നിർമ്മിത മലിനീകരണ നിയന്ത്രണ കപ്പലുമായ 'സമുദ്ര പ്രതാപ്' സേവനത്തിൽ ഉൾപ്പെടുത്തിയതിനാൽ ഈ വർഷത്തെ ആഘോഷം സവിശേഷമാണ്. പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ് 2026 ജനുവരി 5 ന് ഗോവയിൽ ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ ഭാഗമായ 'സമുദ്ര പ്രതാപ്' കമ്മീഷൻ ചെയ്തു. ഈ കപ്പൽ ആത്മനിർഭർ ഭാരതമെന്ന ദർശനത്തിന്റെ പ്രതീകമാണ്, ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ വളർന്നുവരുന്ന ശക്തിയും ഇത് പ്രകടമാക്കുന്നു...*

### ആധുനിക സൗകര്യങ്ങളാൽ സജ്ജമായ സമുദ്ര മേഖലയിലെ ഇന്ത്യയുടെ അഭിമാനം

സമുദ്ര മലിനീകരണത്തിനെതിരെ പോരാടുന്നതിനായി തദ്ദേശീയമായി രൂപകൽപ്പന ചെയ്ത ആദ്യ കപ്പലാണ് ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ 'സമുദ്ര പ്രതാപ്'.

അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് സജ്ജീകരിച്ചിരിക്കുന്ന ഈ കപ്പലിൽ 30 എംഎം സിആർഎൻ-91 ഗണ്ണും സംയോജിത അഗ്നി നിയന്ത്രണ സംവിധാനമുള്ള രണ്ട് 12.7 എംഎം സ്റ്റെബിലൈസ്ഡ് റിമോട്ട് കൺട്രോൾ ഗണ്ണുകളും ഉണ്ട്.


**114.5** മീറ്റർ നീളം | **16.5** മീറ്റർ വീതി

**22+** നോട്ട്സാണ് കപ്പലിന്റെ വേഗത

**4,200** ടൺ അതിന്റെ ഭാരം




> ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ കപ്പലായ 'സമുദ്ര പ്രതാപ്' കമ്മീഷൻ ചെയ്യുന്നത് ഒട്ടേറെ കാരണങ്ങളാൽ ശ്രദ്ധേയമാണ്, സ്വാശ്രയത്വത്തെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാട് ശക്തിപ്പെടുത്തുക, നമ്മുടെ സുരക്ഷാ സംവിധാനങ്ങളെ മെച്ചപ്പെടുത്തുക, സുസ്ഥിരതയോടുള്ള നമ്മുടെ പ്രതിബദ്ധത പ്രതിഫലിപ്പിക്കുക എന്നിവ അതിൽ ഉൾപ്പെടുന്നു.
>
> നരേന്ദ്ര മോദി, *പ്രധാനമന്ത്രി*




ന്യൂ ഇന്ത്യ സമാചാർ ദ്വൈവാരിക

**RNI NO.: DELENG/2020/78811 FEBRUARY 1-15, 2026**

RNI Registered No DELENG/2020/78811 (Publishing Date: January 19,2026 Pages-56)

**EDITOR IN CHIEF**
**Dhirendra Ojha**
Principal Director General
Press Information Bureau, New Delhi

**PUBLISHED:**
**Kanchan Prasad**
Director General, on behalf of
Central Bureau Of Communication

**PUBLISHED FROM:**
Room No–278, Central Bureau Of Communication, 2nd Floor, Soochna Bhawan, New Delhi -110003